# വാല്യം ആറ്

# സ്വർഗം കുടുംബങ്ങളോട് സംസാരിക്കുന്നു

നമ്മുടെ കാലത്തിനുള്ള മാർഗദർശനം
അൽമായ പ്രേഷിതയായ
ആനിന് നൽകപ്പെട്ടത്

VOLUME SIX
*Malayalam Translation*
Direction for Our Times
© Copyright 2013 Direction for Our Times

Publisher : Direction for Our Times

Ireland :
Direction for Our Times
Tearmann Anama, Ballyjamesduff
Country Cavan, Republic of Ireland
Phone : +353 - (o) - 437 - 3040
USA :
Direction for Our Times
9000 West 81st Street
Justice, IL 604 58, USA

India :
Dr. Sunny George
Casa Maria (Veliyil)
Koovapally, Kanjirapally, India
Cell : +91 6235 236 164
Email : georgesunnyjy@gmail.com
www. directionforourtimes.org

Nihil Obstat:
Very Rev. John Canon Murphy, PP. VF

Imprimatur:
✠Most Rev. Leo O'Reilly, Bishop of Kilmore,
Ireland.

The Nihil Obstat and Imprimatur are an official declaration that a book or pamphlet are free of doctrinal or moral error and that ecclesiastical permission for its publication has been granted

FRANCISCAN UNIVERSITY OF STEUBENVILLE

1235 University Blvd., Steubeoville, Ohio 43952-1763

പ്രാദേശിക മെത്രാൻമാരുടെയോ (മനസിന്റെയും ഹൃദയത്തിന്റെയും പുത്രോചിതമായ അനുസരണത്തിന് നാം കടപ്പെട്ടിരിക്കുന്ന) പരിശുദ്ധ സിംഹാസനത്തിന്റെയോ അന്തിമവും നിർണായകവുമായ തീരുമാനത്തെക്കുറിച്ചുള്ള മുൻവിധിയില്ലാതെ അൽമായ അപ്പസ്തോലയായ ആനിന് ലഭിച്ച സന്ദേശങ്ങളെക്കുറിച്ചുള്ള വ്യക്തിപരമായ ബോധ്യം വെളിപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നു.

പരാമർശിക്കപ്പെട്ട സന്ദേശങ്ങളുടെ പരിശോധിച്ചതിന്റെയും ആനുമായി നടത്തിയ കൂടികാഴ്ച്ചയുടെയും അടിസ്ഥാനത്തിൽ അവർക്ക് ലഭിച്ച സന്ദേശങ്ങൾ അലൗകികമാണെന്ന് ഞാൻ വിശ്വസിക്കുന്നു.

സന്ദേശങ്ങളുടെ ഉള്ളടക്കം കത്തോലിക്കാസഭയുടെ വിശ്വാസത്തെയും സന്മാർഗപാഠങ്ങളെയും അനുവർത്തിക്കുന്നവയാണ്. അവ ഒരു വിധത്തിലും യാഥാസ്ഥിതിക കത്തോലിക്കാ അനുശാസനങ്ങളെ ലംഘിക്കുന്നില്ല. സന്ദേശങ്ങൾ കൈമാറ്റം ചെയ്യപ്പെടുന്ന രീതിയുടെ കൃത്യത (വാഗ്വിലാസവും ഉൾക്കാഴ്ച്ചയും) ആധികാരിക സ്വകാര്യ വെളിപാടുകൾ സംബന്ധിച്ച സഭയുടെ ചരിത്രപരമായ പ്രമാണവിധികളുമായി പൊരുത്തമുള്ളതാണ്. ഈ സന്ദേശങ്ങൾ സ്വീകരിക്കപ്പെടുകയും പ്രചരിപ്പിക്കപ്പെടുകയും ചെയ്യുക വഴി ഹൃദയത്തിൽ വസിക്കുന്ന ഈശോയെക്കുറിച്ചുള്ള നവീകൃതബോദ്ധ്യത്തിലും ദിവ്യകാരുണ്യസന്നിധിയിലുള്ള പ്രാർത്ഥനയിലും അധിഷ്ടിതമായ ക്രിസ്തീയ വിശ്വാസത്തിന്റെ ആത്മീയഫലങ്ങളായ (cf.Mt 7: 17-20) പരിവർത്തനവും സ്നേഹവും ആന്തരിക സമാധാനവും താരതമ്യേന ചുരുങ്ങിയ സമയത്തിനുള്ളിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങിൽ പ്രാധാന്യത്തോടെ പ്രചരിപ്പിക്കപ്പെട്ടു. അതുകൊണ്ട്

ളുടെ (സന്ദേശം, പ്രതിഭാസം, ആത്മീയ ഫലങ്ങൾ) പ്രധാന മാനദണ്ഡങ്ങൾ ആനിന്റെ അനുഭവങ്ങളുടെ കാര്യത്തിൽ വസ്തുതാപരമായി തൃപ്തികരമാണെന്നാണ് എന്റെ അഭിപ്രായം.

രാജാവായ യേശുവിന്റെ രണ്ടാമത്തെ ആഗമനത്തെക്കുറിച്ച് സംസാരിക്കുന്ന സന്ദേശങ്ങൾ ക്രിസ്തുവിന്റെ മൂർത്തമായ അവസാനവരവിനെത്തുടർന്നുള്ള ലോകാവസാനം ആസന്നമാണെന്ന് പരാമർശിക്കുന്നില്ല. പകരം മനുഷ്യകുലത്തിന് അസാധാരണമായ അനുഗ്രഹങ്ങളുടെയും സമാധാനത്തിന്റെയും കാലം വാഗ്ദാനം ചെയ്യുന്ന ക്രിസ്തുവിന്റെ സജീവവും സമകാലികവുമായ രണ്ടാമത്തെ ആഗമനത്തെ ആത്മീയമായി സ്വീകരിക്കാൻ ആഹ്വാനം ചെയ്യുന്നു. (മറിയത്തിന്റെ വിമലഹൃദയത്തിന്റെ വിജയഫലമായ സമാധാനത്തിന്റെ അവസാന നാളുകളെക്കുറിച്ചുള്ള ഫാത്തിമാ വാഗ്ദാനത്തിനും സഭയുടെ "പുതിയ വസന്തകാലത്തെക്കുറിച്ചുള്ള" മഹാനായ ജോൺ പോൾ രണ്ടാമൻ പാപ്പായുടെ പരാമർശത്തിനും സമാനമാണിത്)

തനിക്കു ലഭിച്ച സന്ദേശങ്ങൾ പ്രചരിപ്പിക്കുന്നതിന് പ്രാദേശിക മെത്രാനായ ലിയോ ഒറിലിയിൽ നിന്ന് ആനിന് അനുമതി ലഭിക്കുകയും എല്ലാ കുറിപ്പുകളും വിശ്വാസ തിരുസംഘത്തിന് സമർപ്പിക്കുകയും ചെയ്തിട്ടുള്ള സാഹചര്യത്തിൽ ലോകമെമ്പാടുമുള്ള ഒട്ടേറെ കത്തോലിക്കാ നേതാക്കൾക്ക് ആധികാരികമായ ആത്മീയ നേട്ടങ്ങൾക്ക് ഉപകരിച്ചിട്ടുള്ള ഈ സന്ദേശങ്ങൾ പ്രാർത്ഥനയോടെ വായിക്കുന്നതിന് (സഭതന്നെ അനുവദിച്ചിരിക്കുന്നതുപോലെ) ഞാൻ വ്യക്തിപരമായി പ്രോത്സാഹനമേകുന്നു.

Dr. Mark Miravalle
Professor of Theology and Mariology
Franciscan University of Steubenville
October 13, 2006

## ഉള്ളടക്കം


ആമുഖം.........................................................................IX

**ഭാഗം 1**

**മറിയം (ഒരു അറിയപ്പെടാത്ത വിശുദ്ധ) അമ്മമാരോട് സംസാരിക്കുന്നു**

ജൂൺ 7, 2004 ............................................................ 3

ജൂൺ 8, 2004 ............................................................ 7

ജൂൺ 9, 2004 ............................................................ 11

ജൂൺ 10, 2004 ............................................................ 15

ജൂൺ 11, 2004 ............................................................ 19

ജൂൺ 12, 2004 ............................................................ 23

**ഭാഗം 2**

**വി. യൗസേപ്പിതാവ് പിതാക്കന്മാരോട് സംസാരിക്കുന്നു**

ജൂൺ 14, 2004 ............................................................ 29

ജൂൺ 15, 2004 ............................................................ 33

ജൂൺ 16, 2004 ............................................................ 37

ജൂൺ 17, 2004 ............................................................ 41

ജൂൺ 18, 2004 ............................................................ 45

ജൂൺ 19, 2004 ............................................................ 49

**ഭാഗം 3**

**ഈശോ കുട്ടികളോട് സംസാരിക്കുന്നു**

ആഗസ്റ്റ് 2, 2004 ............................................................ 55

ജൂൺ 21, 2004 ............................................................ 57

ജൂൺ 22, 2004 .......................................................... 61
ജൂൺ 23, 2004 .......................................................... 63
ജൂൺ 24, 2004 .......................................................... 67
ജൂൺ 26, 2004 .......................................................... 71

**ഭാഗം 4**
**മറിയം, നമ്മുടെ പരിശുദ്ധ അമ്മ**
**കുട്ടികളോട് സംസാരിക്കുന്നു**

ജൂൺ 29, 2004 .......................................................... 75
ജൂൺ 29, 2004 .......................................................... 77
ജൂൺ 30, 2004 .......................................................... 79
ജൂലൈ 1, 2004 .......................................................... 81
ജൂലൈ 2, 2004 .......................................................... 83
ജൂലൈ 3, 2004 .......................................................... 85
**അനുബന്ധം** .......................................................... 87

# ആമുഖം

പ്രിയ വായനക്കാരേ,

ഭാര്യയും ആറു മക്കളുടെ അമ്മയും ഒരു സ്വതന്ത്ര ഫ്രാൻസിസ്കയുമാണ് ഞാൻ.

ഇരുപതാം വയസിൽ ഗൗരവതരമായ കാരണങ്ങളാൽ സഭയുടെ പിന്തുണയോടെ ഞാൻ വിവാഹമോചനം നേടി. ഇരുപതുകളുടെ മദ്ധ്യത്തിൽ ജോലി ചെയ്ത് മകളെ വളർത്തിയ ഏകരക്ഷിതാവായിരുന്നു ഞാൻ. എല്ലാ ദിവസവും വിശുദ്ധ കുർബാന സ്വീകരിക്കുന്ന എന്റെ വിശ്വാസം സുസ്ഥിരമായിരുന്നു. ഫ്രാൻസിസ്കൻ മൂന്നാം സഭയിലൂടെ ഈശോയുമായുള്ള ഐക്യത്തിലേക്ക് ഞാൻ യാത്ര തുടങ്ങുകയും ചെയ്തിരുന്നു.

ആയിടെ എന്റെ സഹോദരി ബോസ്നിയ ഹെർസെഗോവിനയിലെ വിഖ്യാത മരിയൻ തീർത്ഥാടനകേന്ദ്രമായ മെദ്ജുഗോറേ സന്ദർശിച്ച് പരിശുദ്ധാത്മാവിനാൽ നിറഞ്ഞ് വീട്ടിൽ മടങ്ങിയെത്തി. അവളുടെ മനോഹരമായ തീർത്ഥാടനാനുഭവത്തെക്കുറിച്ച് കേട്ടപ്പോൾ എന്നിൽ കൂടുതൽ തീഷ്ണമായ മാറ്റമുണ്ടായി. തൊട്ടടുത്ത വർഷം ആഴമേറിയ പ്രാർത്ഥനയുടെ വിവിധ തലങ്ങളിലൂടെ ഞാൻ കടന്നുപോയി. ഒരിക്കൽ സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ട പരിശുദ്ധഅമ്മ ക്രിസ്തുവിനുവേണ്ടി വേല ചെയ്യാമോ എന്ന് എന്നോട് ആരാഞ്ഞു.

സവിശേഷമായ ഈ ആത്മീയവേലയ്ക്കുവേണ്ടി ഞാൻ ലോകത്തിൽ മറ്റുള്ളവരിൽനിന്ന് വേർതിരിക്കപ്പെടുമെന്ന് സ്വപ്നത്തിൽ വ്യക്തമാക്കിയ അമ്മ എന്റെ വലിയ കുടുംബത്തെ കാട്ടിത്തന്നശേഷം ഞാൻ കുടുംബാംഗങ്ങളിൽ നിന്ന് എങ്ങനെ അകറ്റപ്പെടുമെന്ന് വിശദീകരിച്ചു. അതേക്കുറിച്ച് ആശങ്കയില്ലെന്നും അമ്മ ആവശ്യപ്പെടുന്നതെന്തും ചെയ്യാമെന്നും ഞാൻ വ്യക്തമാക്കി.

അധികം വൈകാതെ എനിക്ക് ഗർഭാശയത്തിനു പുറത്ത് രക്തം കെട്ടുന്ന എൻഡോമെട്രിയോസിസ് എന്ന രോഗം ബാധിച്ചു. അന്നുമുതൽ ഒരു വിധത്തില ല്ലെങ്കിൽ മറ്റൊരുവിധത്തിൽ ഞാൻ രോഗിയായിരുന്നു. എന്റെ ആരോഗ്യപ്രശ്നങ്ങളൊന്നും ആരംഭദശയിൽ ഡോക്ടർമാർക്ക് കണ്ടെത്താൻ കഴിഞ്ഞിരുന്നില്ല. ഇത് കുരിശിന്റെ ഭാഗം മാത്രമാണ്. ഒട്ടേറെപ്പേർക്ക് സമാന അനുഭവമുള്ളതുകൊണ്ടാണ് ഞാൻ ഇക്കാര്യം ഇവിടെ പരാമർശിച്ചത്. എനിക്ക് ഇനി ഒരിക്കലും ഗർഭം ധരിക്കാ നാവില്ലെന്ന് ഡോക്ടർ പറഞ്ഞു. ദൈവഹിതമാണെന്ന കാര്യം ഞാൻ ഉൾക്കൊണ്ടതുകൊണ്ട് ഏക രക്ഷിതാ വെന്ന നിലയിൽ അത് എന്നെ തെല്ലും അലട്ടിയില്ല. വൈകാതെ ഞാൻ അസാധാരണനായ ഒരു മനുഷ്യനെ കണ്ടുമുട്ടി. എന്റെ ആദ്യവിവാഹം അസാധുവാക്കപ്പെട്ടി രുന്ന സാഹചര്യത്തിൽ ഞങ്ങൾ വിവാഹിതരാവുകയും അഞ്ചുകുട്ടികൾ ഉണ്ടാവുകയും ചെയ്തു.

ആത്മീയതലത്തിൽ നോക്കിയാൽ ഇപ്പോൾ ആത്മഭാ ഷണങ്ങൾ എന്ന് ഞാൻ തിരിച്ചറിയുന്നവ ഉൾപ്പെടെ ഒട്ടേറെ അനുഭവങ്ങൾ എനിക്കുണ്ടായിട്ടുണ്ട്. ആ നിമിഷങ്ങൾ അതിമനോഹരങ്ങളായിരുന്നു. അന്നത്തെ വാക്കുകൾ ഇപ്പോഴും എന്റെ ഹൃദയത്തിൽ വ്യക്തമായി മുഴങ്ങുന്നുണ്ട്. പക്ഷെ, രോഗങ്ങളും തളർച്ചയും ദൈവ ത്തിന് കാഴ്ചവയ്ക്കുന്ന തിരക്കിലായിരുന്നതുകൊണ്ട് ഞാൻ ആവേശഭരിതയായില്ല. ഒരുപാടു കാര്യങ്ങൾ ചെയ്യാൻ ഏൽപ്പിച്ചിരുന്ന ഈശോ അവിടുത്തെ പാത യിൽ എന്നെ നിലനിർത്തുന്നതിനുവേണ്ടി ചെയ്യുന്ന കഠിനാദ്ധ്വാനത്തിന്റെ ഭാഗമായി മാത്രമേ ഞാൻ അവ യെയൊക്കെ കണ്ടുള്ളൂ.

ഇന്നു തിരിഞ്ഞുനോക്കുമ്പോൾ, ഈശോ എന്നെ അവി ടുത്തെ ജോലിക്കുവേണ്ടി ഒരുക്കുകയായിരുന്നു എന്ന്

ഞാൻ മനസ്സിലാക്കുന്നു. എന്റെ ഒരുക്കത്തിന്റെ കാലം സുദീർഘവും ക്ലേശപൂർണ്ണവും ഏറെക്കുറെ ആവശേര ഹിതവുമായിരുന്നു.

ബാഹ്യമായി നോക്കിയാൽ ആ സ്ത്രീ എത്ര ഭാഗ്യ ദോഷിയാണ് എന്ന് ജനങ്ങൾ ചിന്തിച്ചിട്ടുണ്ടാകുമെന്ന് എനിക്കു തോന്നുന്നു. പക്ഷെ, ആന്തരികമായി നോക്കു മ്പോഴാകട്ടെ. എന്റെ സഹനങ്ങൾ വേദനനിറഞ്ഞതും സുദീർഘവുമായിരിക്കവേ എന്റെ കൊച്ചുകുടുംബം സ്നേഹത്തിലും രൂപത്തിലും വിജ്ഞാനത്തിലും വളരു കയായിരുന്നു എന്നു ഞാൻ കണ്ടു. വൈജ്ഞാനികമായ വളർച്ചയെന്നുവച്ചാൽ പ്രധാനപ്പെട്ടവയും അപ്രധാനമാ യവും ഏതൊക്കെയെന്ന് ഞാനും എന്റെ ഭർത്താവും തീർച്ചയായും തിരിച്ചറിഞ്ഞിരുന്നു. തുടർച്ചയായ കുരി ശുകളാണ് ഞങ്ങൾക്ക് ആ തിരിച്ചറിവു നൽകിയത്.

വിവിധ സാഹചര്യങ്ങൾ മൂലം കുട്ടികൾക്കൊപ്പം പ്രിയ പ്പെട്ടവരിൽ നിന്ന് ഏറെ ദൂരത്തേക്ക് മാറാൻ ഞാനും ഭർത്താവും നിർബന്ധിതരായി. ഈ അവസ്ഥയെയും ഞാൻ ദൈവത്തിന് സമർപ്പിച്ചു. ജീവിതത്തിൽ എനിക്ക് സമരസപ്പെടേണ്ടിവന്ന ഏറ്റവും വിഷമകരമായ സാഹ ചര്യമായിരുന്നു അത്.

സ്വന്തം നാട്ടിൽ നിന്ന് അകന്നുതാമസിക്കുമ്പോൾ ക്രിസ്തുവിന്റെ ഹിതവുമായി പൊരുത്തപ്പെടാനുള്ള ഒട്ടേറെ അവസരങ്ങൾ ലഭിക്കും. എങ്കിലും, അങ്ങനെ യാണ് പ്രവർത്തിക്കുന്നതെന്ന് നിങ്ങൾ തുടർച്ചയായി സ്വയം ഓർമ്മിപ്പിച്ചുകൊണ്ടേയിരിക്കണം. അല്ലെങ്കിൽ വിഷാദം തോന്നും. നാട്ടിൽനിന്നകന്ന് പലവർഷങ്ങൾ കഴിഞ്ഞശേഷം ഒടുവിൽ എനിക്ക് മെദ്ജുഗോറേയി ലേക്ക് പോകാനുള്ള പ്രചോദനമുണ്ടായി. യഥാർത്ഥ ത്തിൽ എന്റെ നാൽപ്പതാം ജന്മദിനം പ്രമാണിച്ച് ഭർത്താവിന്റെ സമ്മാനമായിരുന്നു ആ യാത്ര. നേരത്തെ ഒരുതവണ ഞാൻ പോകാൻ ശ്രമിച്ചിരുന്നെങ്കിലും

സാഹചര്യങ്ങൾ എതിരായപ്പോൾ ദൈവഹിതം അത ല്ലെന്ന് മനസ്സിലാക്കി. എന്നിട്ടും ഒടുവിൽ അതിനു സമ യമായപ്പോൾ ഞാനും മൂത്തമകളും അവിടെ സെന്റ് ജെയിംസ് ദേവാലയത്തിനു മുന്നിലെത്തി. മെദ്ജുഗൊ റേയിലേക്കുള്ള അവളുടെ രണ്ടാമത്തെ യാത്രയായി രുന്നു അത്.

സാധാരണയിൽകവിഞ്ഞ് എന്തെങ്കിലും അനുഭവം എനിക്കുണ്ടാകുമെന്ന് ഞാൻ പ്രതീക്ഷിക്കുകയോ അനു ഭവം എനിക്കുണ്ടാകുമെന്ന് ഞാൻ പ്രതീക്ഷിക്കുകയോ ചിന്തിക്കുകയോ ചെയ്തിരുന്നില്ല. ആദ്യതീർത്ഥാടനം തന്നെ ഏറെ ഇഷ്ടപ്പെട്ട എന്റെ മകൾ അത്ഭുതങ്ങൾ പ്രതീക്ഷിച്ചെത്തുന്ന ആളുകളെക്കുറിച്ച് പല തമാശക ളും പറഞ്ഞു. മതവിശ്വാസികളുടെ കാർണിവലെന്നാണ് അവൾ മമതയോടെ മെദ്ജുഗൊറേയെ വിളിക്കുന്നത്. ഭൂമിയിൽ ഏറെ ആഹ്ലാദമുള്ള സ്ഥലമാണതെന്നും അവൾ പറയുന്നു.

ആന്റിക്കൊപ്പം വിദേശയാത്രയ്ക്കുള്ള അവസരം പ്ര യോജനപ്പെടുത്തി മുൻപ് ഇവിടെ എത്തുമ്പോൾ നിഷേധിയായ ഒരു പതിനാലുകാരിയായിരുന്ന അവൾ തികച്ചും ശാന്തതയും ആദരവുള്ളവളുമായാണ് മടങ്ങി യെത്തിയത്. എല്ലാ ചെറുപ്പക്കാരെയും തീർത്ഥാടന ത്തിനയയ്ക്കണമെന്ന് പറയാൻ എന്റെ ഭർത്താവിനെ പ്രേരിപ്പിച്ചത് അവളിലെ മാറ്റമാണ്.

എന്തായിരുന്നാലും മനോഹരമായ അഞ്ചുദിവസങ്ങളാ യിരുന്നു അത്. കുന്നിൻമുകളിൽ ഞാൻ ആത്മീയസൗ ഖ്യം അനുഭവിച്ചു. മകൾ സ്വസ്ഥയായി പ്രാർത്ഥിച്ചു. നിശബ്ദവും നിർണ്ണായകവുമായ ഒരു കാര്യം എന്നിൽ സംഭവിച്ചു. വിശുദ്ധകുർബ്ബാന സ്വീകരണവേളകളിൽ ഞാൻ ഈശോയുമായി സംഭാഷണം നടത്തി. അതി മനോഹരമായ അനുഭവമായിരുന്നു അത്. മുൻപും അങ്ങനെ സംഭവിച്ചിരുന്നതിനാൽ ഞാൻ അത്ഭുതപര

തന്ത്രയോ ആവേശഭരിതയോ ആയില്ല.

മെദ്ജുഗൊറേയിലെ ദിവ്യകാരുണ്യസ്വീകരണത്തിന്റെ വേറിട്ട അനുഭവത്തെക്കുറിച്ച് മുൻപ് പലരും പറഞ്ഞിട്ടുള്ളത് ഞാൻ ഓർത്തു. ഞങ്ങളെ അവിടെ എത്തിച്ച പരിശുദ്ധ അമ്മയ്ക്ക് നന്ദിയർപ്പിച്ച് ഞാൻ വീട്ടിൽ മടങ്ങിയെത്തി.

ആ മഞ്ഞുകാലം മുഴുവൻ ഞാൻ ഈശോയുമായുള്ള സംഭാഷണം തുടർന്നു. തീർത്ഥാടനത്തിനുശേഷമുള്ള ആറു മാസക്കാലത്ത് ഈ സംഭാഷണം എന്റെ ജീവിതത്തിലേക്കും കടന്നുവന്നു. ചില പ്രത്യേകസമയങ്ങളിലായിരുന്നു ഇത്. ഈശോ തന്റെ തീരുമാനത്തിനൊത്ത് എനിക്ക് നിർദ്ദേശങ്ങൾ നൽകിക്കൊണ്ടിരുന്നു. ഓരോ കാര്യങ്ങൾ ചെയ്യാൻ അവിടുന്ന് ആവശ്യപ്പെടുമ്പോൾ നിരസിക്കുക എന്നത് എന്നെ സംബന്ധിച്ചിടത്തോളം ക്ലേശകരമായിത്തീർന്നു. ഇതേക്കുറിച്ച് ഞാൻ മറ്റാരോടും പറഞ്ഞില്ല.

ഇക്കാലയളവിൽതന്നെ പരിശുദ്ധ അമ്മയിൽ നിന്നും എനിക്ക് മാർഗ്ഗദർശനം ലഭിച്ചുതുടങ്ങി. അവരുടെ സ്വരങ്ങൾ തിരിച്ചറിയാൻ ബുദ്ധിമുട്ടുണ്ടായിരുന്നില്ല. അവരുടെ സ്വരം കാതിലല്ല, മറിച്ച് മനസ്സിലോ ഹൃദയത്തിലോ ആണ് ഞാൻ കേട്ടത്.

സവിശേഷമായ ചിലത് സംഭവിക്കുകയാണെന്നും ഭാര്യയും അമ്മയുമെന്ന പ്രാഥമിക ദൗത്യങ്ങൾക്കപ്പുറം എനിക്കായി പ്രത്യേക ജോലി കരുതിവെച്ചിട്ടുണ്ടെന്നും യേശു പറയുന്നതായും ഞാൻ മനസ്സിലാക്കി.

ലഭിക്കുന്ന സന്ദേശങ്ങൾ എഴുതിവയ്ക്കണമെന്നും അവ പ്രസിദ്ധപ്പെടുത്താനും പ്രചരിപ്പിക്കാനും ക്രമീകരണമേർപ്പെടുത്താമെന്ന് അവിടുന്ന് നിർദ്ദേശിച്ചു.

പിന്തിരിഞ്ഞുനോക്കുമ്പോൾ, അവിടുന്നിൽ പൂർണ്ണമായും വിശ്വാസമർപ്പിക്കുന്ന രീതിയിൽ എന്നെ മാറ്റിയെ

ടുക്കുന്നതിന് ഈശോയ്ക്ക് ദീർഘകാലം വേണ്ടിവന്നു വെന്നു കാണാം. ഇന്ന് ഞാൻ അവിടുത്തെ സ്വരത്തിൽ വിശ്വാസമർപ്പിക്കുന്നു. ദൗർബല്യങ്ങളോടും വീഴ്ച കളോടും ലോകത്തിന്റെ പ്രലോഭനങ്ങളോടുമുള്ള നിരന്തര പോരാട്ടം തുടർന്നുകൊണ്ട് അവിടുത്തെ സേവിക്കാൻ എന്റെ കഴിവിന്റെ പരമാവധി ശ്രമിക്കും.

ഈശോയെ സേവിക്കുന്നതിനുള്ള പരിശ്രമം ഞാൻ തുടരവേ, നിങ്ങൾ എനിക്കുവേണ്ടി പ്രാർത്ഥിക്കുക. അവിടുത്തേക്ക് നമ്മെക്കൊണ്ട് ഏറെ ആവശ്യങ്ങളു ള്ളതുകൊണ്ടും അവിടുന്ന് ഏറെ കാരുണ്യവാനായതു കൊണ്ടും അവിടുന്ന് ഏറെ കാരുണ്യവാനായതുകൊ ണ്ടും ഈശോയുടെ ചോദ്യങ്ങൾക്ക് എപ്പോഴും ഉവ്വ് എന്നു പ്രത്യുത്തരം നൽകുക. നിങ്ങൾ അനുവദിച്ചാൽ അവിടുന്ന് നിങ്ങളെ അവിടുത്തെ ഹൃദയത്തിലേക്ക് കൂട്ടിക്കൊണ്ടുപോകും. ഞാൻ നിങ്ങൾക്കുവേണ്ടി പ്രാർ ത്ഥിക്കുന്നു. നിങ്ങൾക്കായി ഈ വാക്കുകൾ നൽകിയ ദൈവത്തിന് നന്ദിയർപ്പിക്കുന്നു. അടുത്തറിയുന്ന ആരും സ്നേഹിക്കുംവിധം മഹത്വവാനാണ് അദ്ദേഹം. നിങ്ങൾ ക്ലേശങ്ങൾ സഹിച്ചുവരികയാണെങ്കിൽ അതാണ് നിങ്ങളുടെ ഉത്തരം. അവിടുന്ന് ഈ വാക്കുകളിലൂടെ, അവയിലൂടെ ഒഴുകുന്ന അനുഗ്രഹങ്ങളിലൂടെ സവിശേ ഷമായ രീതിയിൽ നിങ്ങളിലേക്ക് വരികയാണ്.

അവിടുത്തേയ്ക്ക് നിങ്ങളെ വിശുദ്ധിയുടെ ഉന്നതതല ങ്ങളിലെത്തിക്കാനാവില്ലെന്ന മട്ടിലുള്ള ചിന്തകളുടെ കെണിയിൽ ദയവുചെയ്ത് വീഴരുത്. എന്റെ കുറിപ്പു കളിൽ ചിലേടത്ത് സൂചിപ്പിച്ചിട്ടുള്ളതുപോലെ എന്നെ പ്പോലെയുള്ളവരെ കാര്യദർശികളാക്കിയാണ് ഈശോ ഇക്കാലഘട്ടത്തിലെ വലിയ അടയാളങ്ങൾ പ്രവർത്തി ക്കുന്നത്. പ്രിയ സുഹൃത്തുക്കളേ, അവിടുത്തെ ബി–ടീ മായാണ് ഞാൻ സ്വയം കണക്കാക്കുന്നത്. എനിക്കൊപ്പം ചേരുക. നമുക്കൊന്നിച്ച് അവിടുത്തേക്കുവേണ്ടി എളിയ

പ്രവർത്തനം കാഴ്ചവയ്ക്കാം.

മുകളിൽ കൊടുത്തിരിക്കുന്ന ജീവചരിത്രഭാഗം എഴുതിയതിനു തൊട്ടുപിന്നാലെ ഈശോയിൽ നിന്ന് ലഭിച്ച സന്ദേശം.

എന്റെ കുഞ്ഞേ, ഞാനും നീയും ദീർഘകാലമായി ഒന്നിച്ചായിരുന്നല്ലോ. നീ ഈ ജോലി ആരംഭിക്കുന്നതിനു മുമ്പ് ഞാൻ നിന്റെ ജീവിതത്തിൽ നിശബ്ദമായി പ്രവർത്തിച്ചുവരികയായിരുന്നു. ആൻ, ഞാൻ നിന്നെ എത്രമാത്രം സ്നേഹിക്കുന്നു. നിന്റെ ജീവിതത്തിലേക്ക് തിരിഞ്ഞുനോക്കി എനിക്കു മുന്നിൽ ഉവ്വ് എന്ന ഉത്തരം നൽകിയ അനേകം അവസരങ്ങൾ കാണാനാകും. അത് നിന്നെ സന്തുഷ്ടയാക്കുന്നില്ലേ ?

അസാധാരണമായ അനുഗ്രഹങ്ങൾ അനുഭവിക്കുന്നതിനു വളരെ മുമ്പുതന്നെ നീ എനിക്ക് ഉവ്വ് എന്ന ഉത്തരം നൽകിത്തുടങ്ങിയിരുന്നു. അങ്ങനെ ചെയ്തിരുന്നില്ലെങ്കിൽ പ്രിയപ്പെട്ടവളേ, ഞാൻ നിനക്ക് അനുഗ്രഹങ്ങൾ തരുകയോ ഈ ദൗത്യം ഭരമേൽപ്പിക്കുകയോ ഇല്ലായിരുന്നു. നിന്റെ സാധാരണ ജീവിതത്തിലെ പ്രതിസന്ധികൾക്കും പ്രലോഭനങ്ങൾക്കും ക്ലേശങ്ങൾക്കും നടുവിൽ ഓരോ ദിവസവും ഉറക്കമുണർന്ന് നിന്റെ കർത്താവിനോട് ഉവ്വ് എന്ന് പറയുന്നത് എത്രമാത്രം പ്രധാനമായിരുന്നു എന്ന് നിനക്കറിയുമോ ?

ഞാൻ കണ്ടിരുന്നതുപോലെ ഈ വലിയ പദ്ധതി നിനക്ക് കാണാനാകുമായിരുന്നില്ല. നിനക്ക് നിന്റെ വിശ്വാസത്തിൽ ആശ്രയമർപ്പിക്കേണ്ടിയിരുന്നു. ആൻ, ഇന്ന് ഞാൻ നിന്നോടു പറയുന്നു. ഇപ്പോഴും കാര്യങ്ങൾ അങ്ങനെതന്നെയാണ്. നിന്റെ മനുഷ്യമനസ്സിന് സ്വീകരിക്കാൻ കഴിയുന്നതിനേക്കാൾ വിപുലമായ എന്റെ പദ്ധതി നിനക്ക് കാണാനാവില്ല. എനിക്ക് മഹത്വം നൽകുന്ന നിന്റെ വിശ്വാസത്തിൽ തുടർന്നും ആശ്രയമർപ്പിക്കുക. നീ എനിക്കുവേണ്ടി വളരെ സൗമ്യ

വും വിനീതവുമായ ഒരു തീരുമാനമെടുത്തതുകൊണ്ട് നിന്നിലൂടെ എനിക്ക് എത്രമാത്രം പ്രവർത്തിക്കാനായി എന്നു നോക്കുക. ഇന്നും ഇനിയുള്ള ഓരോ ദിവസവും ഞാൻ ദൈവത്തെ സേവിക്കും എന്നു പറഞ്ഞു കൊണ്ട് സമാനമായ മറ്റൊരു തീരുമാനമെടുക്കുക. വേദനയിൽ കഴിഞ്ഞ ഒരു ആത്മാവിന് സമാശ്വാസം നൽകിക്കൊണ്ട് കഴിഞ്ഞ ദിവസം രാത്രി നീ എന്നെ സേവിച്ചു. അവനെ സേവിച്ചപ്പോൾ സ്വന്തം ഇംഗിതത്തിനെതിരായി എനിക്കുവേണ്ടി തീരുമാനമെടുക്കുകയായിരുന്നു.

അതുകൊണ്ട് സ്വർഗ്ഗത്തിൽ സന്തോഷമുണ്ടായി. ആൻ, നീ എന്റേതാണ്. ഞാൻ നിന്റേതും. എന്റെ കുഞ്ഞേ, എന്നോടൊപ്പമായിരിക്കുക.എന്നോടൊപ്പമായിരിക്കുക.

# നിത്യപിതാവായ ദൈവത്തോടുള്ള പ്രാർത്ഥന

**സ്വർഗ്ഗസ്ഥനായ പിതാവേ, അങ്ങയോടുള്ള വിധേയത്വം ഞാൻ ഏറ്റുപറയുന്നു. എന്റെ ജീവിതവും പ്രവൃത്തികളും ഹൃദയവും അവിടുത്തേക്ക് സമർപ്പിക്കുന്നു. അങ്ങയുടെ എല്ലാ നിർദ്ദേശങ്ങളും സാധ്യമായ വിധത്തിൽ പൂർണ്ണമായും അനുസരിക്കാനുള്ള അനുഗ്രഹം എനിക്കു നൽകേണമേ. ആമ്മേൻ.**

**പിതാവായ ദൈവമേ, കാര്യങ്ങൾ വിവേചിച്ചറിയാൻ എന്നെ സഹായിക്കണമേ. ആമ്മേൻ.**

## ജൂൺ 7, 2004

# മറിയം (ഒരു അറിയപ്പെടാത്ത വിശുദ്ധ) അമ്മമാരോട് സംസാരിക്കുന്നു

യേശുക്രിസ്തുവിന്റെ അനുഗ്രഹപൂർണ്ണമായ അനുവാദത്തോടെ ഇന്ന് ഞാൻ എല്ലാ അമ്മമാരോടും സംസാരിക്കുന്നു. സമൂഹത്തിന്റെ സംരക്ഷണത്തിനും ഉന്നമനത്തിനുമായി അമ്മമാർ വഹിക്കുന്ന വലിയ സ്ഥാനം അംഗീകരിക്കപ്പെടാത്ത ഒരു കാലഘട്ടത്തിലാണ് നിങ്ങൾ ജീവിക്കുന്നത്. ഒരു വ്യക്തിയുടെ ആത്മാവിന്റെ പ്രാധാന്യമുള്ള രൂപീകരണം നടക്കുന്നത് കുടുംബത്തിലാണ്. അമ്മമാർ വീട് വിട്ട്, കുഞ്ഞുങ്ങളുടെ രൂപീകരണം, മറ്റുള്ളവർക്ക് വിട്ടുകൊടുക്കുവാനായി അവരെ വശീകരിച്ചുകൊണ്ട് ശത്രു നിരന്തരം അദ്ധ്വാനിക്കുന്നു. അമ്മമാരെ, നിങ്ങൾ കുഞ്ഞുങ്ങളെ സ്നേഹിക്കുന്നതുപോലെ വേറെ ഒരു വ്യക്തിക്കും അവരെ സ്നേഹിക്കുവാൻ സാധിക്കുകയില്ല. ഒരു വ്യക്തി, അയാൾ എത്ര നല്ല ആളായിരുന്നാലും നിങ്ങളുടെ കുട്ടിയുടെ വൈകാരികവും ആത്മീയവും ആയ വളർച്ചയിൽ വളരെ അടുത്ത താല്പര്യം കാണിക്കില്ല. നിങ്ങളിൽ പലരും കുടുംബത്തെ സംരക്ഷിക്കുവാനായി ജോലി ചെയ്യേണ്ടതായുണ്ട്. ഞാനും യേശുവും അത് മനസ്സിലാക്കുകയും നിങ്ങളെ സഹായിക്കുകയും ചെയ്യും. പക്ഷേ നിങ്ങളുടെ സാഹചര്യം ഭയമില്ലാതെ അവലോകനം ചെയ്യുകയും അങ്ങനെ നിങ്ങളുടെ കുട്ടികളെ ഇട്ടിട്ട് പോകുന്നത് അത്യാവശ്യകാര്യങ്ങൾ നിർവഹിക്കാനുള്ള പണം സമ്പാദിക്കാനാണെന്ന് ഉറപ്പ് വരുത്തുകയും ചെയ്യുക. നിങ്ങൾക്ക് ആവശ്യമില്ലാത്ത പണം സമ്പാദിക്കുന്നതിനുവേണ്ടി നിങ്ങളുടെ കുട്ടികളെ മറ്റുള്ളവരെ വളർത്താൻ ഏൽപ്പിക്കുന്നത് ഒരിക്കലും അംഗീകരി

ക്കാനാവുന്നതല്ല. ഞാൻ ഇത് നിങ്ങളോട് പറയുന്നത് എന്തെന്നാൽ നമ്മുടെ നാഥൻ കുടുംബങ്ങൾ ഒന്നിച്ചായിരിക്കാൻ ആഗ്രഹിക്കുന്നു. ഓരോ ആത്മാവിന്റെയും ശരിയായ രൂപീകരണത്തിന് എന്ത് ആവശ്യമാണെന്ന് അറിയാവുന്ന ഈശോ അമ്മമാർ സാധിക്കുന്നിടത്തോളം കുഞ്ഞുങ്ങളോടൊപ്പം ഭവനങ്ങളിൽ ആയിരിക്കാൻ ആവശ്യപ്പെടുന്നു. നിങ്ങളുടെ ലോകത്തിൽ ഞാൻ അറിയപ്പെടാത്ത ഒരു വ്യക്തിയാണ്. പക്ഷേ ഞാൻ സ്വർഗ്ഗത്തിൽ വളരെ സനേഹിക്കപ്പെടുന്ന വിശുദ്ധയാണ്. ലോകത്തിലായിരുന്നപ്പോൾ, എന്റെ കുടുംബത്തിലെ എന്റെ കുഞ്ഞുങ്ങളെ ഞാൻ സംരക്ഷിച്ചു. പലപ്പോഴും എന്റെ ജോലി എനിക്ക് വിരസമായി തോന്നിയിട്ടുണ്ട്. ഒരു കാര്യം എനിക്ക് ഉറപ്പു തരാം. പലപ്പോഴും വീടിന് വെളിയിൽ പോയി ജോലി ചെയ്യുവാൻ ഞാൻ ആഗ്രഹിച്ചിട്ടുണ്ട്. കാരണം ഞാൻ എപ്പോഴും വിചാരിച്ചത് എനിക്ക് തൊഴിലധിഷ്ഠിതമായി ജോലി ചെയ്യാമെന്നാണ്. പ്രിയ അമ്മമാരെ ദിവസങ്ങൾ വിരസമായി തോന്നിയേക്കാം. പക്ഷേ ഒരുമിച്ച് തുന്നിനോക്കുമ്പോൾ ഒരു ആത്മാവിന്റെ ഏറ്റവും ഭംഗിയുള്ള വളർച്ചയുടെ ഒരു ചിത്രം വരച്ചു കാട്ടുന്ന ഒരു ചിത്രത്തിരശ്ശീല പോലെയാണെന്ന് കാണാൻ സാധിക്കും. സ്വർഗ്ഗത്തിൽ വളരെ വലിയ ഒരു സ്ഥാനം എന്റെ ഭർത്താവിന്റെയും കുഞ്ഞുങ്ങളുടെയും സംരക്ഷണം സാധാരണ രീതിയിൽ ചെയ്യുന്നതിലൂടെ ഞാൻ നേടിയെടുത്തു. നിങ്ങൾക്ക് ഒന്നിലധികം കുഞ്ഞുങ്ങളുണ്ടെങ്കിൽ അവരെ പരസ്പരം എങ്ങനെ പെരുമാറണമെന്ന് ദിവസത്തിലുട നീളം കാണിച്ചു കൊടുക്കുന്നതിലൂടെ ക്രിസ്തുവിനെപ്പോലെയുള്ള സ്വഭാവം പഠിപ്പിക്കുകയാണ് ചെയ്യുന്നത്. ഈ ഭംഗിയുള്ള രൂപീകരണം കുടുംബത്തിൽ സംഭവിക്കുമ്പോൾ ഈ കലുഷിതമായ ലോകത്തിൽ ദൈവരാജ്യത്തിനു വേണ്ടി യേശുവിന്റെ സാക്ഷികളായാണ് നി

ങ്ങളുടെ കുഞ്ഞുങ്ങളെ പുറത്തേയ്ക്ക് വിടുന്നത്. നിങ്ങളുടെ കടമയുടെ ആഴം മനസ്സിലാക്കുവാൻ ചിലപ്പോൾ നിങ്ങൾക്ക് സാധിച്ചെന്നു വരുകയില്ല. എല്ലാ അമ്മമാരും തങ്ങളുടെ ഉത്തരവാദിത്വങ്ങളെ മറക്കുന്നതിനെക്കുറിച്ച് നാം ചിന്തിക്കുകയാണെങ്കിൽ ഇതിലും വലിയ അന്ധകാരം നമുക്ക് കാണുവാൻ സാധിക്കും. യേശു ഒരിക്കലും ഇത് അനുവദിക്കുകയില്ല. ഏതെങ്കിലും രോഗത്തിലൂടെയോ ദുരന്തത്തിലൂടെയോ കുഞ്ഞുങ്ങളെ നഷ്ടപ്പെട്ട അമ്മമാരോട് സംസാരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. പ്രിയപ്പെട്ട അമ്മേ, ഹൃദയം നുറുങ്ങിയവളേ, നിന്റെ കുഞ്ഞിനെ നീ വീണ്ടും കാണുകയും കണ്ടു മുട്ടുമ്പോൾ നിന്റെ അടുത്തുനിന്നുള്ള ഈ ചെറിയ വേർപാടിലും നിന്റെ കുഞ്ഞ് എത്രമാത്രം സന്തോഷവും സ്നേഹവും അനുഭവിച്ചിരുന്നു എന്ന് മനസ്സിലാക്കുകയും ചെയ്യും. നിനക്ക് സാധിക്കുമെങ്കിൽ വിലപിക്കരുത്. പക്ഷേ വിലപിക്കുന്നവരുടെ ഇടയിൽ സന്തോഷം പടർത്തുക. എന്നോട് ചോദിക്കുക, ഞാൻ ഇതു ചെയ്യാൻ നിന്നെ സഹായിക്കാം. കാരണം അസാധ്യമായ ഒരു കാര്യമായി നിനക്ക് ഇത് തോന്നാം. സ്വർഗ്ഗത്തിൽ എല്ലാം നല്ലതാണ്. നിങ്ങളുടെ കുഞ്ഞ് ദൈവത്തിന്റെ അടുത്തല്ല എന്നോർത്ത് ഒരിക്കലും ഭയപ്പെടേണ്ട. ഈ സമയം നാമെല്ലാം സ്വർഗ്ഗത്തോട് സഹകരിച്ച് ഈശോയ്ക്ക് നിന്നിൽ നിന്നും എന്താണ് വേണ്ടത് എന്ന് പ്രാർത്ഥനയോടെ ചിന്തിക്കുക.

## ജൂൺ 8, 2004

# മറിയം (ഒരു അറിയപ്പെടാത്ത വിശുദ്ധ) അമ്മമാരോട് സംസാരിക്കുന്നു

വീണ്ടും ഇന്നു ഞാൻ അമ്മമാരോട് സംസാരിക്കുന്നു. നിങ്ങളെയെല്ലാവരെയും മനസ്സിലാക്കുന്ന ഈശോ അനുഭവത്തിന്റെ ശക്തിയാൽ ഞാൻ നിങ്ങളോട് സംസാരിക്കുവാൻ ആവശ്യപ്പെടുന്നു. ആരെങ്കിലും ഒരു കഴിവിനെക്കുറിച്ച് സംസാരിക്കുകയും ആ വിഷയത്തെ ക്കുറിച്ച് അയാൾക്ക് ഒന്നും അറിയില്ല എന്ന് നി ങ്ങൾ സംശയിക്കുകയും ചെയ്യുമ്പോൾ എന്തിനാണ് ഇത് കേൾക്കുന്നത് എന്ന് നിങ്ങൾ ആലോചിക്കും. പക്ഷേ അനുഭവത്തിന്റെ വെളിച്ചത്തിൽ ഒരാൾ നിങ്ങളോട് സംസാരിക്കുമ്പോൾ, വളരെ സൂക്ഷ്മതയോടെ നിങ്ങൾ ശ്രദ്ധിക്കും. കാരണം ആ ആളുടെ അനുഭവത്തിൽ നിന്നും പഠിക്കുവാൻ നിങ്ങൾ ആഗ്രഹിക്കുകയും അങ്ങനെ മറിച്ചായിരുന്നെങ്കിൽ ചെയ്യാമായിരുന്ന തെറ്റു കൾ നിങ്ങൾ ഒഴിവാക്കുകയും ചെയ്യും. ദൈവം നിങ്ങ ളിൽ നിന്നും ആഗ്രഹിക്കുന്ന മാതൃത്വം എന്ന മഹനീയ ഉത്തരവാദിത്വത്തെക്കുറിച്ച് നിങ്ങളെ മനസ്സിലാക്കി തന്ന് സഹായിക്കുവാൻ ഞാനാഗ്രഹിക്കുന്നു. നിങ്ങൾ ഒരു അമ്മയാണെങ്കിൽ, നിങ്ങളുടെ കുഞ്ഞിനെ വളർത്തു കയും നയിക്കുകയും ചെയ്യുന്നതിനായിരിക്കണം ഓരോ ദിവസവും നിങ്ങൾ മുൻതൂക്കം കൊടുക്കേണ്ടത്. മറ്റേത് ആവശ്യത്തിനു മുമ്പും കുഞ്ഞിന്റെ കാര്യങ്ങൾക്ക് പ്രാധാന്യം കൊടുക്കണം. നിങ്ങൾ ചെയ്യുന്ന ജോലി യിൽ നിങ്ങൾ തുടരാൻ നമ്മുടെ നാഥൻ ആഗ്രഹി ക്കുന്നുവോ എന്ന് വളരെ ശ്രദ്ധയോടെ ചിന്തിക്കണം. കുഞ്ഞുങ്ങൾക്ക്ആഹാരവുംപാർപ്പിടവുംസജ്ജീകരിക്കുവാ

നായി അദ്ധ്വാനിക്കുന്ന അമ്മമാരോടല്ല ഞാൻ സംസാരിക്കുന്നത് എന്ന് വീണ്ടും പറയുന്നു. നിങ്ങൾ ജോലി ചെയ്യുന്നത് അത്യാവശ്യം കൊണ്ടാണോ, അതോ നിങ്ങൾക്ക് ആവശ്യത്തിലും അധികമായി ലോകത്തിന്റെ സമ്പാദ്യത്തിന് വേണ്ടിയാണോ എന്ന് നിങ്ങൾക്ക് തന്നെ മനസ്സിലാകും. ഇന്നത്തെ ലോകത്തിൽ ഒരു കുഞ്ഞിന് വളർന്നു വരുവാൻ എന്താണ് അത്യാവശ്യം എന്ന് നമുക്ക് നോക്കാം. ഭക്ഷണവും വസ്ത്രവും പാർപ്പിടവുമാണ് ഏറ്റവും ഒഴിച്ചുകൂടാനാവാത്ത അത്യാവശ്യങ്ങൾ. എന്തു തരം ഭക്ഷണമാണ് നിങ്ങളുടെ കുഞ്ഞിന് വേണ്ടത്? കുഞ്ഞിനെ ഇഷ്ടപ്പെടുന്ന ആരെങ്കിലും വീട്ടിലുണ്ടാക്കിയ സാധാരണ ഭക്ഷണം വളരുന്ന ശരീരത്തെ പരിപോഷിപ്പിക്കുന്നതിന് ഏറ്റവും നല്ല മാർഗ്ഗമാണ്. ഇപ്പോൾ കുട്ടി വീട്ടിലെ സാധാരണ ഭക്ഷണം കഴിച്ച് ശീലിച്ചിട്ടുണ്ടെങ്കിൽ ആ കുട്ടി ഒരിക്കലും വിഭവസമൃദ്ധമായ ഭക്ഷണം ആവശ്യപ്പെടുകയില്ല. കുട്ടി വിഭവസമൃദ്ധമായ ഭക്ഷണം ആവശ്യപ്പെടുകയാണെങ്കിൽ പറ്റില്ല എന്ന് പറയുക. ഇനി നമുക്ക് പാർപ്പിടത്തെക്കുറിച്ച് നോക്കാം. ഒരു കുഞ്ഞ് ജനിച്ച് അവന്റെ അമ്മയുടെ കൈകളിൽ കിടക്കുമ്പോൾ അവൻ ഒരിക്കലും അവന്റെ വീട്ടിൽ എത്രമുറിയുണ്ടെന്ന് നോക്കുകയില്ല. അവന് സുരക്ഷിതത്വവും ചൂടും അനുഭവപ്പെടുകയും അവൻ സംതൃപ്തനാവുകയും ചെയ്യും. ആ കുട്ടിയെ വീട്ടിൽ കൊണ്ടുവരുന്നു. വീണ്ടും അവൻ തന്റെ വീട് എത്ര വലുതാണ് എന്നോർത്ത് ആകുലപ്പെടുന്നില്ല. മറിച്ച് താൻ കരയുമ്പോൾ അമ്മ പ്രതികരിക്കുന്നുണ്ടോ എന്ന് മാത്രം ശ്രദ്ധിക്കുന്നു. കുഞ്ഞ് വളരുവാൻ തുടങ്ങുകയും ചുറ്റും നോക്കുകയും ചെയ്യുന്നു. അപ്പോഴും അവൻ തനിക്ക് എന്തുകൊണ്ട് ഒരു വലിയ വീടില്ല എന്ന് പറയുന്നില്ല. തനിക്ക് ഓടിക്കാൻ എന്തുകൊണ്ട് ഒരു വിലപിടിച്ച വണ്ടിയില്ല എന്ന് ചോദിക്കുന്നില്ല. ഇക്കാ

ര്യത്തിൽ അവൻ തന്റെ മാതാപിതാക്കളുടെ മാർഗ്ഗനിർദ്ദേശം ഉറ്റുനോക്കുകയും, തന്റെ മാതാപിതാക്കൾ, കുടുംബത്തിലുള്ളവർ തൃപ്തരാണെങ്കിൽ, കുഞ്ഞ് പരാതി പറയുന്നതിൽ കാര്യമില്ലെന്ന് മനസ്സിലാക്കുകയും ചെയ്യും. മാതാ പിതാക്കളിൽ ആരെങ്കിലും തൃപ്തരല്ലാതെ എപ്പോഴും അല്പം കൂടി നല്ലതായ ഒന്നിനുവേണ്ടിയോ, കുറച്ചധികമോ ആഗ്രഹിക്കുമ്പോൾ, കുഞ്ഞ് തനിക്കും പലതും ചുരുക്കപ്പെട്ടു എന്നു കരുതും. അമ്മമാരേ, എത്ര എളിയ സമ്പാദ്യങ്ങൾ ആണ് നിങ്ങൾക്കുള്ളതെങ്കിലും ഉള്ളതിനെക്കുറിച്ച് നന്ദിയുടെ ഒരു അന്തരീക്ഷം ഉണ്ടാക്കുക. നിങ്ങളുടെ കുട്ടിയും അതേ പ്രവൃത്തി ചെയ്യുകയും അങ്ങനെ ദുരാഗ്രഹത്തിന്റെയും അത്യാഗ്രഹത്തിന്റേതുമായ ഒരു ജീവിതകാലത്തിന് പകരമായി സംതൃപ്താവസ്ഥയിലുള്ള ഒരു ജീവിതകാലം നിങ്ങളുടെ കുട്ടികൾക്ക് നിങ്ങൾ നൽകും. ഞാൻ വസ്ത്രധാരണത്തെക്കുറിച്ച് നിങ്ങളോട് പറയാം. വീണ്ടും നിങ്ങളുടെ വസ്ത്രത്തെക്കുറിച്ച്, മറ്റു വ്യക്തിയെക്കാൾ ഭംഗിയുള്ള വസ്ത്രമല്ല നിങ്ങളുടേത് എന്നുള്ള ചിന്ത സ്വീകരിക്കാതിരിക്കുകയാണെങ്കിൽ, നിങ്ങളുടെ കുട്ടിയും അതിനെക്കുറിച്ച് ഒന്നും ചിന്തിക്കുകയില്ല. അവൻ വീട്ടിൽ വന്നിട്ട് മറ്റുള്ള കുട്ടികൾക്ക് അവനെക്കാൾ നല്ല വസ്ത്രമുണ്ടെന്ന് പറയുമ്പോൾ സ്വർഗ്ഗത്തിൽ ആരും അവന്റെ വസ്ത്രത്തെ നോക്കുകയില്ലെന്ന് പറഞ്ഞുകൊണ്ട് നിങ്ങളുടെ കുട്ടിയുടെ ആത്മാവിന്റെ സൗന്ദര്യത്തെയും അവനിൽ വളർന്നുകൊണ്ടിരിക്കുന്ന അത്യാകർഷകമായ സദാചാരബോധത്തെയും കുറിച്ചും സ്തുതിക്കുക. ചിലർ പറയും, "എന്റെ കുട്ടിക്ക് ഇത് ഇഷ്ടമാവില്ല" പ്രിയ അമ്മമാരെ, വീണ്ടും ഞാൻ നിങ്ങളോട് പറയുന്നു. നിങ്ങളുടെ കുട്ടി, നിങ്ങളുടെ ധ്വനിയാണ് ഏറ്റെടുക്കുന്നത്. ലാളിത്യത്തിന്റെ ഒരു ധ്വനി നിങ്ങളുടെ കുടുംബത്തിലുണ്ടാ

വട്ടെ. അതുപോലെ നല്ല വസ്ത്രവും നല്ല വീടുമാണ് നല്ല ആളുകളെ നിർമ്മിക്കുന്നത് എന്ന ആശയം നിങ്ങളുടെ കുടുംബം തള്ളിക്കളയുന്നു എന്ന് നിങ്ങളുടെ കുട്ടിയോട് മനസ്സിലാക്കികൊടുക്കുക. വിശുദ്ധ കുടുംബങ്ങളാണ് നല്ല ആളുകളെ ഉണ്ടാക്കുന്നതും അതിനുവേണ്ടിയാണ് നിങ്ങൾ ശ്രമിക്കേണ്ടതും. ഈ ആശയങ്ങൾ നിങ്ങളുടെ കുടുംബത്തിൽ നടപ്പാക്കാൻ നി ങ്ങൾ ശ്രമിച്ചാൽ നിങ്ങളുടെ കുടുംബത്തിൽ സമാധാനം കണ്ടെത്തുവാൻ സാധിക്കും. കാരണം നിങ്ങളെ സഹായിക്കുവാൻ സ്വർഗ്ഗം മുഴുവൻ നിങ്ങളുടെ കൂടെയുണ്ട്. ചില കുട്ടികൾ ലോകത്തിന്റെ ആശയങ്ങളോട് തുറന്ന് കാട്ടപ്പെട്ടവരാണെന്ന് ഞാൻ മനസ്സിലാക്കുന്നു. അതിനെക്കുറിച്ച് നാളെ നമുക്ക് സംസാരിക്കാം. ഇന്നത്തേയ്ക്ക് നിങ്ങളുടെ കുടുംബങ്ങളിലെ ലാളിത്യത്തെക്കുറിച്ച് ശ്രദ്ധിക്കുക.

## ജൂൺ 9, 2004
## മറിയം (ഒരു അറിയപ്പെടാത്ത വിശുദ്ധ) അമ്മമാരോട് സംസാരിക്കുന്നു

പ്രിയ അമ്മമാരെ, നിങ്ങൾ അക്ഷീണമായി സേവിക്കണം. മാതൃത്വത്തെക്കുറിച്ച് അനുഭവിക്കാത്തവർക്ക് ഒരേ ജോലി തന്നെ വീണ്ടും വീണ്ടും ചെയ്യുന്നത് എത്ര കഠിനമാണെന്ന് മനസ്സിലാക്കാൻ ബുദ്ധിമുട്ടുണ്ട്. ഈ കർത്തവ്യങ്ങൾ നിങ്ങൾ സ്നേഹത്തോടെ ചെയ്യുമ്പോൾ നിങ്ങളുടെ കുടുംബത്തിനും ദൈവരാജ്യത്തിനും അനേകം അനുഗ്രഹങ്ങൾ ലഭിക്കും. ഇങ്ങനെ ചെയ്യുമ്പോൾ നിങ്ങൾ നേരിട്ട് സ്വർഗ്ഗത്തിൽ പുരോഗതിക്കുവേണ്ടി സംഭാവന ചെയ്യുകയാണ് ചെയ്യുന്നത്. ഇത്തരത്തിൽ സഹകരിച്ചുള്ള നിങ്ങളുടെ സേവനത്തിൽ ഈശോ വളരെയധികം സന്തോഷിക്കുകയും എണ്ണമില്ലാത്ത തരത്തിൽ അവിടുന്ന് നിങ്ങൾക്ക് പ്രതിഫലം നൽകുകയും ചെയ്യും. അപ്പോൾ തറകൾ വൃത്തിയാക്കുന്നത് ഒരു ദൈവികസേവനമായി മാറും. അതുപോലെ പാത്രങ്ങൾ കഴുകുന്നതും കുട്ടികളുടെ വസ്ത്രങ്ങൾ കഴുകുന്നതും ദിവസേന നിങ്ങൾ ചെയ്യുന്ന നൂറുകണക്കിന് വീട്ടുജോലികളും. ഞാൻ ഇപ്പോൾ സ്വർഗ്ഗത്തിലാണ്, അതുകൊണ്ടുതന്നെ ഇതിനെക്കുറിച്ചുള്ള ജ്ഞാനവും അറിവും എനിക്ക് ലഭിച്ചിട്ടുണ്ട്. എന്റെ പ്രതിഫലം കാണുമ്പോൾ നിങ്ങൾ അത്യധികമായി ആഹ്ലാദിക്കുമെങ്കിലും, ഞാൻ ഒരു സാധാരണ കുടുംബിനി ആയിരുന്നു. എന്റെ അമ്മയെന്ന ധർമ്മം വളരെ ഉത്തരവാദിത്വമുള്ള ഒരു കടമയായിട്ടാണ് ഞാൻ കണ്ടത്. ഞാൻ ഓരോ കുട്ടിയേയും പ്രത്യേകമായി നോക്കുകയും അവർ എവിടെയാണ് യോഗ്യമായിരിക്കുക എന്ന്

അതിശയിക്കുകയും ചെയ്തിരുന്നു. ഞാൻ അവരുടെ കഴിവുകൾ വളർത്തിയെടുക്കാൻ അവരെ സഹായിക്കുന്നതോടൊപ്പം അവർക്ക് ബുദ്ധിമുട്ടുണ്ടാക്കാവുന്ന അവരുടെ സ്വഭാവത്തിലെ വീഴ്ചകൾ നിരന്തരം അന്വേഷിച്ചുകൊണ്ടിരുന്നു. അവർക്ക് ബുദ്ധിമുട്ടുണ്ടാകും എന്ന് എനിക്ക് തോന്നിയ ചില കാര്യങ്ങൾ ഞാൻ കണ്ടെത്തിയപ്പോൾ, ആ വീഴ്ചകൾ വീടുക്കുവാൻ ഞാൻ അവരെ സഹായിച്ചു. നിങ്ങളുടെ ചെറിയ കുട്ടികളുടെ ഈ നിയന്ത്രണത്തിന്റെയോ അല്ലെങ്കിൽ ഇന്ദ്രിയ നിഗ്രഹണത്തിന്റേതുമായ ചെറിയ പ്രവർത്തികളെ പ്രശംസിക്കണം. കാരണം അവർ വളരുമ്പോൾ, അതേ നിയന്ത്രണമോ അല്ലെങ്കിൽ ഇന്ദ്രിയ നിഗ്രഹങ്ങളോ യുവത്വത്തിലും ശീലിക്കും. ചെറുപ്പകാലത്തിലെ ആ രൂപീകരണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് മനസ്സിലാക്കുവാൻ ഒരു മാർഗ്ഗവുമില്ല. നിങ്ങളുടെ കുട്ടികൾ ചെറുപ്പത്തിൽ ചെയ്യുന്ന അതേ രീതിയിൽ തന്നെ അവർ വലുതാകുമ്പോഴും പെരുമാറും എന്ന് ഞാൻ നിങ്ങളോട് പറയുമ്പോൾ നിങ്ങൾ സത്യമായും വിശ്വസിക്കുവിൻ. കാരണം അലട്ടുന്ന ഒരു സ്വഭാവം കുട്ടിയായിരിക്കുമ്പോൾ അനുവദിക്കുകയാണെങ്കിൽ ആ വ്യക്തി യുവത്വത്തിലും അതേ സ്വഭാവം ശീലിക്കുകയും അതു തിരുത്തുവാൻ നിങ്ങൾക്ക് വളരെക്കുറച്ച് ശക്തിയേയുണ്ടാവുകയുമുള്ളു. അതുകൊണ്ട് നിങ്ങളുടെ കുട്ടിയെ വളരെ സൂക്ഷമമായി നിരീക്ഷിക്കുകയും അവരുടെ ചെറിയ നന്മയും എപ്പോഴും ഇടവിടാതെ പ്രശംസിക്കുകയും ചെയ്യുവിൻ. പ്രശംസയും പ്രോത്സാഹനവും നിങ്ങളുടെ കുട്ടികളുടെ ഇടയിൽ നിങ്ങളെ വിജയിപ്പിക്കും. ആ ചെറിയ വീഴ്ച നിങ്ങൾ തിരിച്ചറിയുമ്പോൾ, അമ്മമാരേ, വളരെ മൃദുവായി പക്ഷേ ദൃഢതയോടെ ഈശോ ഏതെങ്കിലും പ്രലോഭനത്തിൽ നിന്നും അവരെ എങ്ങനെ സഹായിക്കുമെന്ന് പറഞ്ഞു

കൊടുക്കുവിൻ. ഒരിക്കലും നിങ്ങളുടെ കുട്ടിയെ അമ്പരിപ്പിക്കുന്ന തരത്തിൽ വിമർശിക്കരുത്. കാരണം അത് ഒട്ടും നന്നായ പ്രവൃത്തിയല്ല. അത് കുട്ടിക്ക് പൊതുവായ നാണക്കേട് ഉണ്ടാക്കുകയും വളരെ ഗുരുതരമായ പ്രശ്നങ്ങളിൽ അവസാനിക്കുകയും ചെയ്യും. പക്ഷേ ശാന്തമായും സ്വകാര്യമായും അത്തരത്തിലുള്ള ഒരു പെരുമാറ്റം എങ്ങനെ തെറ്റാകുമെന്നും അത് മറ്റൊരാളെയോ, തെറ്റു ചെയ്യുന്ന വ്യക്തിയെയോ എങ്ങനെ ബുദ്ധിമുട്ടിക്കുമെന്നും മനസ്സിലാക്കിക്കൊടുക്കണം. ആ ചെറിയ ആത്മാവ് വളരെ വിലപ്പെട്ടതും ഭദ്രമായി സംരക്ഷിക്കേണ്ടതുമാണ്. നമ്മൾ കുട്ടികളെ എങ്ങനെ സ്വയം വൃത്തിയാക്കണമെന്നും എങ്ങനെ സ്വയം ഭക്ഷണം കഴിക്കണമെന്നും പഠിപ്പിക്കുന്നു. അവരുടെ ചെറിയ ആത്മാക്കളെ എങ്ങനെ വൃത്തിയാക്കണമെന്നും പോഷിപ്പിക്കണമെന്നും നാം അവരെ പഠിപ്പിക്കണം. ഇന്നത്തെ പല കുട്ടികളും തങ്ങൾക്ക് ഒരു ആത്മാവുണ്ടെന്ന് അറിയുന്നില്ല. പാവം ഈശോ എത്ര വേദനയോടെയാണ് ഈ വിലപ്പെട്ട കുഞ്ഞുങ്ങളെ നോക്കുന്നത്. അവരുടെ ആത്മീയതയിൽ ദാഹാർത്തനായിക്കൊണ്ട് അമ്മമാരേ, ഈ ഉത്തരവാദിത്വം ഏറ്റവും ആദരവോടെ ചെയ്യുക. എനിക്ക് നിങ്ങളെ സഹായിക്കണം. നമ്മുടെ പരിശുദ്ധ അമ്മയ്ക്ക് നിങ്ങളെ സഹായിക്കണം. പലപ്പോഴും ഞാൻ അമ്മയോട് പ്രാർത്ഥിക്കുകയും എല്ലായ്പ്പോഴും അമ്മ എന്നെ സഹായിക്കുകയും ചെയ്തിട്ടുണ്ട്. പലപ്പോഴും ഒരു കുട്ടിയെ മാത്രം ഓർത്ത് വേദനിച്ച്  ഞാൻ രോഗിയായിട്ടുണ്ട്. അതിന്റെ ഒരാവശ്യവുമില്ലായിരുന്നു. ഞാൻ കുറച്ചു കൂടി വിശ്വസിച്ചാൽ മാത്രം മതിയായിരുന്നു. നിങ്ങളെല്ലാവരും ഒരുമിച്ച് പ്രാർത്ഥിക്കുവാൻ ഞാൻ നിങ്ങളെ ആഹ്വാനം ചെയ്യുന്നു. കുടുംബപ്രാർത്ഥനയുടെ ആവശ്യകതയെക്കുറിച്ച് പറയേണ്ട ആവശ്യമേയില്ല. കുടുംബപ്രാർത്ഥനയുടെ സമ

യത്ത് ആ കുടുംബത്തിന്റെമേൽ അദൃശ്യമായ അനുഗ്ര ഹങ്ങൾ ഒഴുകുന്നു എന്ന് ഞാൻ നിങ്ങളോട് പറയുന്നു. ആ അനുഗ്രഹങ്ങൾ എല്ലാ പരീക്ഷണങ്ങളിലും ഒരു കുടുംബത്തെ ഒരുമിച്ച് നിർത്തുന്ന കാണപ്പെടാത്ത കെട്ടുകളായി മാറും. ഈ കെട്ടുകൾ കാണപ്പെടുന്ന തായി ഭാവിക്കുക. അപ്പോൾ നിങ്ങളുടെ കുടുംബം ഒരുമിച്ച് പ്രാർത്ഥിക്കുമ്പോൾ ഈ അനുഗ്രഹങ്ങൾ ഒഴു കി വരുന്നത് കാണുവാൻ സാധിക്കും. മുൻകാലങ്ങ ളിൽ ഒരുമിച്ച് കുടുംബപ്രാർത്ഥന ഇല്ലാതിരുന്ന കുട്ടി കളിൽ കുടുംബപ്രാർത്ഥന അവതരിപ്പിക്കുമ്പോൾ നി ങ്ങൾക്ക് എതിർപ്പ് അനുഭവപ്പെടാം എന്ന് നിങ്ങളോട് പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഇത് പ്രതീക്ഷിക്കു വിൻ. അതുപോലെ മുൻപേ അനേകം ഭൗതിക സാധ നങ്ങൾ ലഭിച്ചിരുന്ന കുട്ടിയോട് അതു വേണ്ട എന്നു പ റയുമ്പോൾ നി ങ്ങൾക്ക് അമർഷം ലഭിക്കും. അത് കട ന്നുപോകും. നിങ്ങളുടെ കുട്ടി പ്രാർത്ഥിക്കാനായി നി ർബന്ധിക്കുമ്പോഴും, ഭൗതിക സാധനങ്ങൾ എടുത്തു മാറ്റപ്പെടുമ്പോഴും അതിനെ എതിർക്കും. അമ്മമാരെ, ധൈര്യമായിരിക്കുവിൻ, ശക്തരായിരിക്കുവിൻ, ഒരു നി മിഷം പോലും നിങ്ങളുടെ തീരുമാനങ്ങൾ കുട്ടികളുടെ അമർഷത്തെയോ എതിർപ്പിനെയോ ആധാരമാക്കിയാ ണെന്ന് ചിന്തിക്കരുത്. നിങ്ങൾ തീരുമാനമെടുത്തിട്ട് അവ പ്രാവർത്തികമാക്കുക. നിങ്ങൾ ഉറച്ചു നിൽക്കു കയാണെങ്കിൽ നിങ്ങളുടെ കുട്ടികൾ നിങ്ങളുടെ ചുറ്റും വരും. നിങ്ങളുടെ കുടുംബം ദൈവരാജ്യത്തെ സേവി ക്കുന്ന മറ്റൊരു തിരുക്കുടുംബമായി മാറുവാൻ സഹാ യിക്കുവാനായി പരിശുദ്ധ അമ്മയോട് പ്രാർത്ഥിക്കുക. അമ്മ നിങ്ങളുടെ പ്രാർത്ഥന കേൾക്കുകയും നിങ്ങളെ സഹായിക്കുകയും ചെയ്യും. ശാന്തമായ വിശുദ്ധിയുടെ മാതൃക നിങ്ങൾ തന്നെ കാണിക്കുവിൻ. എല്ലാം നന്നായി വരുമെന്ന് ഞാൻ നിങ്ങളോട് വാഗ്ദാനം ചെയ്യുന്നു.

## ജൂൺ 10, 2004
## മറിയം (ഒരു അറിയപ്പെടാത്ത വിശുദ്ധ) അമ്മമാരോട് സംസാരിക്കുന്നു

കുഞ്ഞുങ്ങളെ വളർത്തുന്നതിൽ ഒറ്റയ്ക്കായിരിക്കുന്ന എല്ലാ അമ്മമാരോടും നമുക്കിന്ന് സംസാരിക്കാം. പ്രിയ അമ്മേ, നിങ്ങൾക്ക് സഹായം വേണമെന്നത് സത്യമാണ്. രണ്ടുപേർ ചെയ്യേണ്ട ജോലിയിൽ ഒറ്റയ്ക്കായിരിക്കുന്നത് വളരെ ബുദ്ധിമുട്ടുള്ള കാര്യമാണ്. അങ്ങനെയാണെങ്കിലും ഭയപ്പെടേണ്ട. കാരണം ആ സാഹചര്യത്തിൽ വളരെ ശക്തിയോടെ സ്വർഗ്ഗം ഇട പെടുന്നു. ധൈര്യമായിരിക്കുവാൻ നിങ്ങളോടു തന്നെ നിങ്ങൾ പറയണം. കുട്ടികളെ വളർത്തുന്നതിൽ ഉണ്ടാകുന്ന ഒരു പ്രശ്നത്തിലും നിങ്ങൾ ഒരിക്കലും ഒറ്റയ്ക്കല്ല. പിതാവായ ദൈവമാണ് നിങ്ങളുടെ കുട്ടികളുടെ അപ്പൻ. അവിടുന്നാണ് അവരെ നിങ്ങളുടെ സംരക്ഷണയിൽ ആക്കിയിരിക്കുന്നത്. നിങ്ങളുടെ കുഞ്ഞുങ്ങൾക്ക് അവരുടെ ബാല്യകാലത്തിൽ വളരുവാൻ ആവശ്യമായ എല്ലാം ഉണ്ടെന്ന് അവിടുന്ന് ഉറപ്പു വരുത്തും. നിങ്ങളുടെ ഭയവും കുഞ്ഞുങ്ങളുടെ വളർച്ചയിലുള്ള ആധിയും തീർച്ചയായും അവരുടെ ഭൗതീക ആവശ്യങ്ങൾ സജ്ജീകരിക്കുന്നതിനെക്കുറിച്ചും അവിടുത്തോട് നിങ്ങൾ ആശയവിനിമയം നടത്തണം. അതുപോലെ മറിയം നമ്മുടെ പരിശുദ്ധ അമ്മയിൽ നിങ്ങൾ വിശ്വാസമർപ്പിക്കണം. കുഞ്ഞുങ്ങളെ ഞാൻ വളർത്തിയപ്പോൾ പരിശുദ്ധ അമ്മ എനിക്ക് നിരന്തരമായ ആശ്വാസവും താങ്ങുമായിരുന്നു. ഈശോയുടെയും മാതാവിന്റെയും മദ്ധ്യേ നിങ്ങൾക്കാവശ്യമായ എല്ലാ സഹായവും ലഭിക്കും. നിങ്ങൾ സ്വർഗ്ഗത്തിലേയ്ക്കുള്ള പാതയാണ് പിൻതുടരുന്നതെങ്കിൽ നിങ്ങളുടെ കുട്ടികളും സ്വർഗ്ഗ

ത്തിലേയ്ക്കുള്ള പാത പിൻതുടരും എന്ന് ദയവായി വിശ്വസിക്കുവിൻ. കുട്ടികളെ വളർത്തുന്നതിൽ നല്ലൊരു ഭാഗം ജോലിയും നിങ്ങൾ കാണിക്കുന്ന മാതൃകയിലാണുള്ളത്. നിങ്ങൾ ക്രിസ്തുവിലേയ്ക്ക് നിരന്തരം നടക്കുകയാണെങ്കിൽ, നിങ്ങളുടെ കുഞ്ഞുങ്ങളും ആ വഴി മനസ്സിലാക്കുകയും, തങ്ങൾ ആ പാതയിൽ നിന്നും മാറിപ്പോവുകയാണെങ്കിൽ, അത് തിരിച്ചറിയുകയും ചെയ്യും. പ്രിയ അമ്മേ, നിങ്ങൾ ഏകയായ ഒരു വളർത്തമ്മയല്ല, കാരണം നിങ്ങളുടെ കുട്ടികൾക്ക് ക്രിസ്തുവിനെ സേവിക്കാൻ കൃത്യമായി എന്താണ് ആവശ്യമെന്ന് അറിയാവുന്ന ഒരു സ്വർഗ്ഗീയ ഗണത്തിലെ അംഗമാണ് നിങ്ങൾ. നിങ്ങളുടെ കഷ്ടപ്പാടുകൾ മനസ്സിലാക്കുന്ന അനേകം സുഹൃത്തുക്കൾ നിങ്ങൾക്ക് സ്വർഗ്ഗത്തിലുണ്ട്. നിങ്ങൾ വിഷമിക്കുമ്പോൾ അവരോട് നിലവിളിച്ചപേക്ഷിക്കുക. നിങ്ങൾക്ക് സന്തോഷം അനുഭവപ്പെടുകയും ആ സന്തോഷം പങ്കുവയ്ക്കുവാൻ നിങ്ങൾക്ക് ആരുമില്ലാതാവുകയും ചെയ്യുമ്പോൾ അത് ഈശോയുമായി പങ്കുവയ്ക്കുക. നിങ്ങൾ ഇതു ചെയ്യുമ്പോൾ അവിടുന്നു വലിയ ആനന്ദം അനുഭവിക്കും. തീർച്ചയായും തങ്ങളുടെ ദുഃഖങ്ങളിൽ, ആളുകൾ തന്നിൽ ആശ്രയിക്കണമെന്ന് നമ്മുടെ ഈശോ ആഗ്രഹിക്കുന്നുണ്ടെങ്കിലും ഒരു ആത്മാവ് തന്നെ വിളിച്ച് കുടുംബത്തിന്റെ സന്തോഷവും നേട്ടങ്ങളും പങ്കുവയ്ക്കുന്നതിൽ, അവിടുന്ന് പ്രത്യേക ആനന്ദം കണ്ടെത്തുന്നു. ഇത് നിങ്ങളുടെ കുടുംബത്തിൽ ഈശോയ്ക്ക് ദൃഢമായ ഒരു സ്ഥാനം ഉണ്ടാക്കുന്നു. അവിടുന്ന് നിങ്ങളെ നിരാശപ്പെടുത്തുകയോ തന്റെ ഭാഗം ഇടുന്നതിൽ പരാജയപ്പെടുകയോ ചെയ്യുകയില്ല. അങ്ങനെയൊരു കാര്യം സാധ്യമല്ല. പലപ്പോഴും ഭയപ്പെടുന്ന പ്രിയപ്പെട്ട അമ്മേ, നീ എപ്പോഴും ഇത് ഓർത്തിരിക്കു. നീ ഒരിക്കലും ഒറ്റയ്ക്കല്ല. നിങ്ങളുടെ കുട്ടികളെ

ക്കുറിച്ച് നിരന്തരമായി സ്വർഗ്ഗത്തോടു സംസാരിക്കുക. നിങ്ങൾ താലോലിക്കുന്നതുപോലെ അവരെ താലോലിക്കുന്ന ആത്മാക്കളാൽ സ്വർഗ്ഗം നിറഞ്ഞിരിക്കുകയാണ്. അമ്മമാരേ, ചിലപ്പോൾ സ്വർഗ്ഗീയ പാതയിൽ നിന്ന് വേറിട്ട് സഞ്ചരിക്കുന്ന കുട്ടികളുണ്ടാകാം. നിങ്ങൾ ഭയപ്പെടാതിരിക്കാൻ ശ്രദ്ധിക്കണം. കാരണം ഇത് അസാധാരണമായ ഒന്നല്ല. ഈ ആത്മാക്കൾക്ക് വേണ്ടി തീർച്ചയായും നിരന്തരമായി പ്രാർത്ഥിക്കണം. പക്ഷേ അവരുടെ എതിർപ്പിൽ സമാധാനം കാണിക്കുക. അവർ സ്വർഗ്ഗീയ പാത ഉപേക്ഷിച്ചിരിക്കുകയാണെന്നും ക്രിസ്തു വരുമ്പോൾ വേറിട്ട പാതയിലാണ് അവർ എങ്കിൽ തിരിച്ച് ആ പാതയിലായി യഥാർത്ഥ സമയം സ്വർഗ്ഗത്തിലെത്തുന്നത് അപകടമുള്ള കാര്യമാണെന്നും അവരെ മനസ്സിലാക്കികൊടുക്കുവിൻ. ക്രിസ്തുവിനെയും ക്രൈസ്തവജീവിതത്തെയും എതിർത്ത പ്രായമായ കുട്ടികളെക്കുറിച്ചാണ് ഞാൻ സംസാരിക്കുന്നത്. ഇങ്ങനെ എതിർക്കുന്ന മക്കളെയോർത്ത് വേദനിക്കുന്ന അമ്മമാരുടെ നിലവിളി ഞാൻ കേൾക്കുന്നു. അതുകൊണ്ടാണ് അതിനെക്കുറിച്ച് ഞാൻ പറയുന്നത്. ക്രിസ്തു ഒരമ്മയോട് എപ്പോഴും കരുണ കാണിക്കുന്നുവെന്ന് ഓർത്തുകൊള്ളുവിൻ. നിങ്ങളുടെ മാതൃസഹജമായ പ്രാർത്ഥനകൾ വളരെ ശക്തിയുള്ളതാണ്. അതുകൊണ്ട് നിങ്ങളുടെ കുട്ടിക്കുവേണ്ടി പ്രാർത്ഥിക്കുവിൻ, പക്ഷേ സാഹചര്യങ്ങൾ എന്തായിരുന്നാലും എല്ലാം നഷ്ടമായി എന്നു വിചാരിക്കരുത്. ഏറ്റവും ദാരുണമായ അവസ്ഥയിലും ഒരു വിശുദ്ധയായ അമ്മയ്ക്കുവേണ്ടി ഈശോ എല്ലാം ക്ഷമിക്കും. അതുകൊണ്ട് പ്രിയ അമ്മമാരേ, നിങ്ങൾ ഒന്നിനെക്കുറിച്ചും ആകുലരാവരുത്. നമ്മുടെ കർത്താവ് നിങ്ങളുടെ കുട്ടികളെ രക്ഷിക്കുകയും അവരുടെ നിത്യതയെ സംരക്ഷിക്കുകയും ചെയ്യും. നിങ്ങളുടെ ജോലി അവവിടുന്നുമായി

സഹകരിക്കുകയാണ്. നിങ്ങളുടെ കുട്ടികളോട് ഭയമില്ലാതെയും, കരുണയോടും സ്നേഹത്തോടും കൂടെ സത്യം സംസാരിക്കുക. അവർ ക്രിസ്തുവിന് സ്വന്തമാകും.

## ജൂൺ 11, 2004

# മറിയം (ഒരു അറിയപ്പെടാത്ത വിശുദ്ധ) അമ്മമാരോട് സംസാരിക്കുന്നു

ഈ കാലഘട്ടത്തിലെ അമ്മമാർക്ക് ഒത്തിരി ഭയമുണ്ട്. പക്ഷേ അത് നീതീകരിക്കപ്പെടുന്നവയാണുതാനും. ലോകം, യേശുവിൽ നിന്നും ആത്മാക്കളെ തട്ടിപ്പറിച്ചുകൊണ്ട് കുഞ്ഞുങ്ങളെ നേരായ പാതയിൽ നിന്നും വശീകരിച്ചെടുക്കാനാണ് ശ്രമിക്കുന്നത്. അമ്മമാരേ, നിങ്ങൾ ഭയപ്പെടാതെ നിങ്ങളുടെ കുഞ്ഞുങ്ങളോട് തിന്മയെക്കുറിച്ച് സംസാരിക്കുവിൻ. ഒരു കുട്ടി തെറ്റായ പ്രവൃത്തി ചെയ്യുകയാണെങ്കിൽ, ആ കുഞ്ഞിനോട് അവൻ ഒരു തെറ്റു ചെയ്തു എന്നു പറഞ്ഞുകൊടുക്കണം. എന്നിട്ട് അനുരഞ്ജനത്തിന്റെ കൂദാശയിൽ പങ്കെടുക്കുന്നത് ഒരു ശീലമാക്കുമ്പോൾ, കുട്ടി താൻ ഒരു തെറ്റു ചെയ്തെന്ന് മനസ്സിലാക്കുകയും, തനിക്ക് മാപ്പ് ലഭ്യമാണെന്ന് മനസ്സിലാക്കുകയും ചെയ്യും. നി ങ്ങളുടെ കുട്ടികളുടെ ശീലങ്ങളെ ഇപ്പോഴേ നിങ്ങൾ സംരക്ഷിക്കണം. കാരണം വളരുമ്പോൾ തങ്ങൾ ഒരു തെറ്റു ചെയ്തു എന്നു മാത്രമല്ല, തങ്ങളുടെ ആത്മാവിനെ എങ്ങനെ കഴുകി വൃത്തിയാക്കണമെന്നും അവർ മനസ്സിലാക്കും. ഈ ഒരു കൂദാശ അവർക്ക് ആവശ്യമുള്ളതാണെന്ന് അറിഞ്ഞിരിക്കേണ്ടതിനായി എപ്പോഴും അവർക്ക് ഇത് പറഞ്ഞുകൊടുക്കണം. അമ്മമാരെ ഈ കൂദാശയിൽ നിങ്ങളുടെ കുഞ്ഞുങ്ങൾ കൂടെ കൂടെ പങ്കെടുക്കുന്നുവെന്ന് ഉറപ്പുവരുത്തുവിൻ. ഈ ശീലങ്ങൾ അവരിൽ ഇഴുകി ചേരുന്നതുകൊണ്ടാണ് ചെറുപ്പത്തിലേ അവരുടെ ആത്മാവിൽ അത് വളർത്തേണ്ടതിന്റെ പ്രാധാന്യവും നിങ്ങൾ ഇതു ചെയ്യുകയാണെങ്കിൽ, പ്രായപൂർത്തിയായവർ തങ്ങളുടെ തെറ്റുകളുടെ ഉത്തരവാ

ദിത്വം ഏറ്റെടുക്കുന്നതുപോലെ നിങ്ങളുടെ കുട്ടികളും ചെയ്യുന്നത് നിങ്ങൾ കാണും. അന്ധകാരത്തിന്റേതായ ഈ സമയത്ത് ലോകത്ത് ഇല്ലാതെ പോകുന്നതും ഇതാണ്. തങ്ങൾ തെറ്റ് ചെയ്യുന്നു എന്ന് അംഗീകരിക്കാൻ വിസമ്മതിക്കുന്ന ആത്മാക്കൾ വളരെയധികം കുറ്റപ്പെടുത്തലുകൾ നടത്തുന്നു. ഇങ്ങനെ തങ്ങളുടെ തെറ്റായ സ്വഭാവ രീതി അവർക്ക് മാറ്റേണ്ടതായി വരുന്നതുമില്ല. തെറ്റ് ചെയ്യുന്ന വ്യക്തിയെ കുറ്റപ്പെടുത്തുന്നതിന് പകരമായി ആരെയെങ്കിലുമോ, എന്തിനെയെങ്കിലുമോ നിരന്തരമായി കുറ്റപ്പെടുത്തുക വഴി ലോകം ഇത് ദൃഢീകരിക്കുകയാണ് ചെയ്യുന്നത്. അമ്മമാരെ നിങ്ങളുടെ കുടുംബത്തിൽ ഇത് സംഭവിക്കാൻ നിങ്ങൾ അനുവദിക്കരുത്. എപ്പോഴും ദയയുള്ളവരും വിവേകമുള്ളവരുമായിരിക്കുവിൻ. പക്ഷേ ഒരു കുട്ടി പാപസ്വഭാവത്തിന്റെ നിലയിലേയ്ക്ക് ഉയരുകയാണെങ്കിൽ നിങ്ങൾക്ക് അതിനെ പേര് ചൊല്ലിവിലക്കാനുള്ള കടമയുണ്ട്. അങ്ങനെയുള്ള പ്രവൃത്തിയുടെ പേരാണ് പാപം. നിങ്ങളുടെ ഭർത്താവ് ഇതേ പാത തുടരുന്നുവെങ്കിൽ അത് ബുദ്ധിമുട്ടാകും. ഇത് നിങ്ങൾക്കും നിങ്ങളുടെ കുട്ടികൾക്കും വലിയ ഒരു സഹനമാണ്. ആ സാഹചര്യത്തിൽ എല്ലാ ദിവസവും നിങ്ങളുടെ ഭർത്താവിന്റെ മാനസാന്തരത്തിനു വേണ്ടി ഏറ്റവും ശുഷ്കാന്തിയോടെ നിങ്ങൾ പ്രാർത്ഥിക്കണം. നിങ്ങളുടെ ഭർത്താവ് എതിർക്കുന്ന രീതിയിൽ പെരുമാറുന്നതുകൊണ്ടു മാത്രം നിങ്ങൾ തിന്മയുടെ വശീകരണത്തിൽ പെടാതെ പ്രത്യേകിച്ച് പരിഹാസത്തിന്റെ നടുവിൽ ഒരു മാതൃകയായി തുടരണം. ഇന്നത്തെ പല വിവാഹങ്ങളും വിവേകശൂന്യമാകുന്നതിന്റെ കാരണം അതിൽ ഒരു വ്യക്തിക്ക് ക്രിസ്തുവിനെ അനുഗമിക്കുവാൻ യാതൊരു താല്പര്യവുമില്ലാത്തതുകൊണ്ടാണ്. ഇതാണ് സാഹചര്യമെങ്കിൽ, നിങ്ങൾ ആ വ്യക്തിയെ വിവാഹം കഴിക്ക

രുത്. നിങ്ങളുടെ ഭർത്താവ് ക്രിസ്തുവിനെ നായകനായി അംഗീകരിക്കാൻ വിസമ്മതിക്കുമ്പോൾ നിങ്ങളുടെ കുട്ടികളെ ക്രിസ്ത്യാനികളായി വളർത്തുവാൻ പ്രതീക്ഷിക്കാവുന്നതല്ല. നിങ്ങൾ ഇങ്ങനെയുള്ള സാഹചര്യത്തിലാണെങ്കിൽ ഹൃദയത്തിൽ സ്വീകരിക്കുക, പ്രിയ സ്ത്രീയേ, നിങ്ങളുടെ കഴിവിന്റെ പരമാവധി ചെയ്യുക. അപ്പോൾ യേശു നിന്റെ കുടംബത്തിലേയ്ക്ക് പ്രത്യേക അനുഗ്രഹങ്ങളുമായി ഒഴുകട്ടെ. അവൻ അതു ചെയ്യുകയും നിങ്ങളുടെ കുടുംബത്തിൽ സമാധാനത്തിനു വേണ്ടിയുള്ള അഭ്യർത്ഥനകൾ കേൾക്കുകയും ചെയ്യും. നിങ്ങളുടെ ഭർത്താവ് മാനസാന്തരപ്പെടും എന്നുള്ള പ്രത്യാശ കൈവെടിയരുത്. നിങ്ങളുടെ കുട്ടികളും സത്യം അറിയും. അവിശ്വാസിയുടെ പാത പിൻതുടരുവാൻ സാഹചര്യങ്ങൾ അവരെ പലപ്പോഴും അനുവദിക്കുമെങ്കിലും അവർ ക്രിസ്തുവിലേക്കു തിരിച്ചുവരും. വിശുദ്ധ കുടുംബമായി തീരുവാനുള്ള ഏറ്റവും വലിയ മാർഗ്ഗം, അതെ ഒരേയൊരു മാർഗ്ഗം എന്നു പറയുന്നത് പരിശുദ്ധിയിൽ ജീവിക്കുകയും ക്രിസ്തുവിനെ നിങ്ങളുടെ കുടുംബം സംരക്ഷിക്കുവാൻ അനുവദിക്കുകയുമാണ്. അവൻ നിങ്ങൾക്കുവേണ്ടി ഇതു ചെയ്യും.

## ജൂൺ 12, 2004

# മറിയം (ഒരു അറിയപ്പെടാത്ത വിശുദ്ധ) അമ്മമാരോട് സംസാരിക്കുന്നു

അനവധിയായ അനുഗ്രഹങ്ങൾ നിങ്ങളുടെ ലോകത്തിലേയ്ക്ക് പ്രവഹിക്കുവാൻ അനുവദിക്കുന്നതിന്, പിതാവായ ദൈവത്തിന് നാമോരോരുത്തരും വലിയ നന്ദിയും സ്തുതിയും അർപ്പിക്കേണ്ടിയിരിക്കുന്നു. അവിടുത്തെ വലിയ കരുണയുടെ ഒരു അടയാളമാണ് ഞങ്ങളിൽ അനേകം പേരെ നിങ്ങളോട് സംസാരിക്കുവാൻ അനുവദിക്കുന്നത്. എനിക്ക് അമ്മമാരോട് പ്രത്യേകമായ ഒരു ബന്ധമുണ്ട്. അതെ, കാരണം എന്റെ ജീവിതത്തിന്റെ വളരെയധികം സമയം ഈ വേഷത്തിലാണ് ചിലവഴിച്ചിട്ടുള്ളത്. അസുഖം കൊണ്ടോ വൈകല്യം കൊണ്ടോ ഞെരുക്കമനുഭവിക്കുന്ന കുട്ടികളുടെ അമ്മമാരോട് ചെറിയ വാക്ക് പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. അമ്മമാരെ, നിങ്ങളുടെ ചെറിയ കുഞ്ഞ് സ്വർഗ്ഗത്തിൽ പൂർണ്ണമായി സുഖപ്പെട്ടിരിക്കും. നിങ്ങളുടെ ഹൃദയവേദന ദൈവം മനസ്സിലാക്കുന്നുവെന്ന് നിങ്ങൾ വിശ്വസിക്കുകയും ഈ ഹൃദയവേദനയുടെ ഓരോ നിമിഷവും നിങ്ങളോടൊത്ത് സഞ്ചരിക്കുവാൻ അവിടുന്ന് ആഗ്രഹിക്കുന്നുവെന്ന് അറിയുകയും ചെയ്യുവിൻ. ഇത് എത്രമാത്രം ബുദ്ധിമുട്ടുള്ള കാര്യമാണെന്ന് എനിക്കറിയാമെങ്കിലും പക്ഷെ നിങ്ങളുടെ കുട്ടിക്ക് ഈ സഹനം അനുഭവിക്കാൻ അനുവദിക്കുന്നതിലൂടെ ദൈവത്തിന് ഒരു പദ്ധതിയുണ്ട് എന്ന് അംഗീകരിക്കാൻ ശ്രമിക്കണം. ആ പദ്ധതിയിൽ നിങ്ങളും ഒരു ഭാഗമായതിനാൽ നിങ്ങൾക്ക് ലഭ്യമായ ഓരോ അനുഗ്രഹവും നിരന്തരമായി ദൈവത്തോട് ചോദിച്ച് ഉറപ്പാക്കണം. എല്ലായ്പ്പോഴും സന്തോഷത്തോടെ അംഗീകരിക്കുന്ന ഒരു

ധ്വനിയുണ്ടാവട്ടെ. അപ്പോൾ നിങ്ങളുടെ കുട്ടി താൻ വില പ്പെട്ടവനാണെന്നും നിങ്ങളുടേയും ദൈവത്തിന്റെയും കണ്ണുകളിൽ പൂർണ്ണനാണെന്നും മനസ്സിലാക്കും. രോഗ ത്തിലൂടെ എനിക്ക് ഒരു ചെറിയ കുഞ്ഞിനെ നഷ്ടമാ യിട്ടുണ്ട്. അതുകൊണ്ടു തന്നെ ഈ വലിയ സഹന ത്തോട് ചേർത്തു വച്ചിരിക്കുന്ന വലിയ ദുഃഖത്തേയും ഞാൻ മനസ്സിലാക്കുന്നു. നിങ്ങൾ ക്രിസ്തുവിനുവേണ്ടി വലിയ ദുഃഖം ഏറ്റെടുത്തു എന്നോർത്ത് ഒരിക്കലും ദുഃഖിക്കുകയില്ല. സ്വർഗ്ഗത്തിലെല്ലാം സന്തോഷമാ ണെന്ന് ഞാൻ നിങ്ങളോട് പറയുമ്പോൾ നിങ്ങൾ ദയ വായി എന്നിൽ വിശ്വസിക്കുവിൻ. നിങ്ങളുടെ കുട്ടികൾ ഉൾപ്പെടുന്ന കുരിശുകളാലാണോ നിങ്ങൽ ബുദ്ധിമുട്ടു ന്നതെങ്കിൽ, പലപ്പോഴും സ്വർഗ്ഗത്തിലേയ്ക്ക് നിരന്തരം കരഞ്ഞുവിളിക്കണം. ചിലപ്പോൾ ഒരു ദിവസം മുഴുവ നും പലതരത്തിൽ സ്വർഗ്ഗം നിങ്ങളെ ആശ്വസിപ്പിക്കും. പക്ഷേ സ്വർഗ്ഗം അയക്കുന്ന ഏറ്റവും വലിയ അനു ഗ്രഹം സമാധാനമാണ്. ആ സമാധാനം നിങ്ങളുടെ കുടുംബത്തെ ആശ്വസിപ്പിക്കുകയും നിങ്ങളുടെ കുരി ശിന്റെ ഭാരം കുറയ്ക്കുകയും ചെയ്യും. ലോകത്തിനു വേണ്ടി മാത്രം ജീവിക്കുന്ന വ്യക്തികളുമായി നിങ്ങ ളുടെ കുടുംബജീവിതം താരതമ്യം ചെയ്യരുത്. നി ങ്ങൾ സ്വർഗ്ഗത്തിനു വേണ്ടിയും സ്വർഗ്ഗരാജ്യത്തിനുവേ ണ്ടിയും ജീവിക്കണം. അതുകൊണ്ട് നിങ്ങളുടെ കുടും ബജീവിതം തിരുക്കുടുംബത്തോട് താരതമ്യം ചെയ്യുക. ഈശോയും മറിയവും യൗസേപ്പും ലളിതമായും എളിമ യോടും എല്ലാം സ്വർഗ്ഗത്തിന് സമർപ്പിച്ചുകൊണ്ടു ജീവി ച്ചു. അവർ പലപ്പോഴും പണത്തിന്റെ ഇല്ലായ്മയിൽ നി ശബ്ദതയോടെ മുന്നോട്ട് നീങ്ങി. അവർ പലപ്പോഴും നാടു കടത്തപ്പെട്ടു ജീവിച്ചു. എല്ലാ കാര്യത്തിലും അവർ ദൈവത്തെ സ്നേഹിച്ച് അവിടുത്തെ ഹിതം മാത്രം അന്വേഷിച്ചു ജീവിച്ചു. മറ്റുള്ളവരോടുള്ള തങ്ങ

ളുടെ ഇടപാടുകളിൽ അവർ നീതിയും ന്യായവുമുള്ളവരായിരിക്കുകയും തങ്ങളുടെ കുടുംബാന്തരീക്ഷത്തിൽ മറ്റുള്ളവർക്ക് നിസ്വാർത്ഥ സേവനം ചെയ്യുന്നതിലൂടെ തങ്ങളിലെ സദാചാരം വർദ്ധിപ്പിക്കുന്നതിൽ ശ്രമിക്കുകയും ചെയ്തു. മറിയം, നമ്മുടെ സ്വർഗ്ഗീയ അമ്മ എല്ലാ അമ്മമാർക്കും മാതൃകയാണ്. അമ്മ കരുണയുള്ളവളും സൗമ്യതയുള്ളവളും അചഞ്ചലയും വിശ്വാസപ്രകാരം നടക്കുന്നവളുമായിരുന്നു. തന്റെ അമ്മയെന്ന കടമയിൽ നിന്നും ദീർഘനാളത്തെ അവധികൾ അവിടുത്തേക്ക് ആവശ്യമായിരുന്നില്ല. അവളുടെ ഭർത്താവും കുട്ടിയുമായിരുന്നു അവളുടെ പ്രഥമസ്ഥാനം. കുടുംബത്തിലെ അവളുടെ കടമയായിരുന്നു അവളുടെ തൊഴിൽ. പിതാക്കന്മാരുടെ മാതൃകയാണ് യൗസേപ്പ്. അദ്ദേഹം തന്നെ നിങ്ങളോട് സംസാരിക്കാൻ ആഗ്രഹിക്കുന്നു. സ്വർഗ്ഗത്തിൽ ഏറ്റവും അധികം ബഹുമാനത്തോടെയാണ് യൗസേപ്പ് ആദരിക്കപ്പെടുന്നത്. അദ്ദേഹത്തിന്റെ വിശ്വാസമൊന്നുമാത്രം മതി ഏറ്റവും വലിയ പ്രതിഫലത്തിന് അദ്ദേഹത്തെ യോഗ്യനാക്കുന്നത്. അദ്ദേഹത്തിന്റെ എളിമയും എടുത്തുപറയേണ്ടിയിരിക്കുന്നു. അവിടുന്ന് എല്ലാവരോടും സംസാരിക്കും. പക്ഷേ പ്രത്യേകമായി പിതാക്കന്മാരോട്. മറിയം, സ്വർഗ്ഗത്തിന്റെ നിരയിലെ ഒരു എളിയ വിശുദ്ധയായ എന്നെ നിങ്ങളോട് സംസാരിക്കാൻ അനുവദിച്ചതിൽ ഞാൻ ദൈവത്തിന് നന്ദി പറയുന്നു. എന്താവശ്യത്തിനും നിങ്ങൾ എന്നെ വിളിക്കുവിൻ. എന്റെ സ്നേഹവും, പ്രാർത്ഥനയും നിങ്ങളോടൊപ്പമുണ്ട്.

## ഭാഗം രണ്ട്

# വി. യൗസേപ്പിതാവ് പിതാക്കന്മാരോട് സംസാരിക്കുന്നു

## ജൂൺ 14, 2004

# വി. യൗസേപ്പിതാവ് പിതാക്കന്മാരോട് സംസാരിക്കുന്നു

ഭൂമിയിലുള്ള എന്റെ സഹോദരീ സഹോദരന്മാർക്ക് ഏറ്റം സ്നേഹമുള്ള അഭിവാദ്യങ്ങൾ ഞാൻ അയയ്ക്കുന്നു. അന്ധകാരത്തിന്റെ ഈ സമയത്ത് പ്രത്യേകമായി ഞാൻ വന്നിരിക്കുന്നത് പിതാക്കന്മാരോടു സംസാരിക്കുവാനാണ്. നിങ്ങൾക്ക് ഒരു കുഞ്ഞിനെ ലഭിക്കുകയോ അല്ലെങ്കിൽ അതിന്റെ സംരക്ഷണം ഏറ്റെടുക്കേണ്ടി വരികയോ ചെയ്യുകയാണെങ്കിൽ, ആ കുഞ്ഞിന്റെ രൂപീകരണത്തിന്റെയും സംരക്ഷണത്തിന്റെയും ഉത്തരവാദിത്വം നിങ്ങൾ ഏറ്റെടുക്കണം. എന്റെ കുടുംബത്തിന്റെ മിന്നായം പോലെ ഒരു ദൃശ്യം നിങ്ങളുമായി പങ്കുവയ്ക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അങ്ങനെ ഞങ്ങൾ സ്ഥാപിച്ച മാതൃക നിങ്ങൾക്ക് പിൻതുടരാം. ഞങ്ങൾ മൂന്നു പേർ ഉണ്ടായിരുന്നു. ഈശോയും മാതാവും കൂടെ ഞാൻ യൗസേപ്പും. കുടുംബത്തിന്റെ സംരക്ഷണത്തിനായി ഞാൻ, എന്നാലുംവിധം ഉത്തരവാദിത്വം ഏറ്റെടുത്തു. ഞങ്ങൾ ദരിദ്രരായിരുന്നു. ഇതു സത്യമാണ്. കാരണം ബുദ്ധിമുട്ടുള്ള കാലഘട്ടത്തിലായിരുന്നു ഞങ്ങൾ ജീവിച്ചിരുന്നത്. അതുപോലെ കുറച്ചു നാളത്തേയ്ക്ക് ഞങ്ങൾ നാടു കടത്തപ്പെട്ടിരുന്നു. നിങ്ങളുടെ സ്വന്തം നാടല്ലാത്ത മറ്റൊരിടത്തേക്ക് നിങ്ങൾ നീങ്ങുമ്പോൾ പ്രതികൂല സാഹചര്യങ്ങൾ ആയിരിക്കും പലപ്പോഴും ജോലിയുടെ കാര്യത്തിൽ. എന്റെ കാര്യത്തിലും അങ്ങനെതന്നെയായിരുന്നു. എന്റെ തൊഴിലിൽ ഞാൻ നൈപുണ്യം നേടിയിരുന്നെങ്കിലും ഞാൻ ആഗ്രഹിച്ച അത്രയും ജോലി ലഭിക്കുവാൻ നന്നേ ബുദ്ധിമുട്ടി. എന്നാലും ഞങ്ങൾക്ക്

നിലനിൽക്കാൻ ആവശ്യമുള്ളത് ഞാൻ സമ്പാദിക്കുകയും ഞങ്ങൾ സാധാരണമായി ജീവിക്കുകയും ചെയ്തു. ജോലി സന്തോഷത്തോടെ ചെയ്യേണ്ടതാണെന്നും ജോലി ചെയ്യുന്നതിലൂടെ ഒരാത്മാവ് ദൈവത്തിന് വലിയ മഹത്വം കൊടുക്കുകയാണെന്നും ഞാൻ എന്റെ മകനെ പഠിപ്പിച്ചു. ഞാൻ കൃത്യതയോടും സ്ഥിരോത്സാഹത്തോടെയും ജോലി ചെയ്യുകയും എപ്പോഴും സത്യസന്ധതയിൽ കരുതലുള്ളവനും നീതിമാനും ആയിരുന്ന എനിക്ക് ഒരു സൽപ്പേരുണ്ടായിരുന്നു. തൊഴിലിലും വ്യക്തിപരമായും ഒരു നീതിമാനായി അറിയപ്പെടുകയും ചെയ്തു. ഈശോയോടുള്ള എന്റെ ഉത്തരവാദിത്വം ദൈവരാജ്യത്തിന് വളരെ പ്രധാനപ്പെട്ടതായിരുന്നു എന്ന് ഞാൻ മനസ്സിലാക്കി. അവന്റെ വിലപ്പെട്ട ബാല്യത്തിൽ അവന്റെ കൂടെ നടക്കാനുള്ള കർത്തവ്യവും എനിക്കുണ്ടായിരുന്നു. ഈശോയ്ക്ക് യാതൊരു തിരുത്തലിന്റെയും ആവശ്യം വന്നിരുന്നില്ല എന്ന് എനിക്ക് പറയേണ്ടിയിരിക്കുന്നു. കാരണം അവൻ സൗന്ദര്യവും ഓമനത്തവും ഉള്ള ഒരു ആൺകുട്ടിയായിരുന്നു. അവന്റെ കരുണ എന്റെ കണ്ണുകളിൽ കണ്ണുനീർ വരുത്തിയിരുന്നു. പലപ്പോഴും ഒരു ദിവസത്തിൽ തന്നെ പല പ്രാവശ്യം വാസ്തവത്തിൽ ഞാൻ പറയും അവൻ എനിക്ക് ഒരു മാതൃകയായിരുന്നുവെന്ന്. എന്നാൽ അങ്ങനെ ഞാൻ പറഞ്ഞെങ്കിലും അവന് ഞാനും ഒരു മാതൃകയായിരിക്കണം. ഈശോയുടെ ബാല്യകാലത്തിലൂടെ അവനോടൊപ്പം ആയിരിക്കാനല്ല നിങ്ങൾ വിളിക്കപ്പെട്ടിരിക്കുന്നത് എന്ന് ഞാൻ മനസ്സിലാക്കുന്നു. നേരെ മറിച്ച് നിങ്ങളുടെ കുഞ്ഞോ അല്ലെങ്കിൽ കുഞ്ഞുങ്ങളോ അവരുടെ മനുഷ്യപ്രകൃതിയിൽ ഒരുപോലെ വിലപ്പെട്ടവരാണ് എന്ന് നിങ്ങൾ മനസ്സിലാക്കുവിൻ. കാരണം, ഓരോ ചെറിയ ആത്മാവിനും ദൈവരാജ്യത്തിൽ തുല്യമൂല്യമാണുള്ളത്. ഓരോ ദിവസവും,

ഓരോ ദിവസത്തിലെ ഓരോ നിമിഷവും ദൈവരാജ്യത്തിൽ ഒരു അനുയായി എന്തായിരിക്കണം എന്ന് പഠിപ്പിച്ചു കൊടുക്കുവാനുള്ള ഒരു അവസരമാണ്.

എന്നെ അനുവദിച്ചിരുന്നെങ്കിൽ, ക്രിസ്തുവിന്റെ അമ്മയായ മറിയത്തെക്കുറിച്ച് മാത്രം ഞാൻ താളുകൾ എഴുതുമായിരുന്നു. എന്റെ അഭിമാനം നിങ്ങൾക്ക് ഊഹിക്കാൻ സാധിക്കുമോ? എന്റെ പങ്കാളിയായി മറിയത്തോടൊപ്പം യേശുവിനെ വളർത്താനുള്ള കടമ എനിക്ക് നല്കപ്പെട്ടിരുന്നു. ചുരുക്കത്തിൽ പറഞ്ഞാൽ, ദൈവം സൃഷ്ടിച്ചതിൽ വച്ച് ഏറ്റവും കരുണ നിറഞ്ഞവളും അത്യന്തം സൗമ്യവും എളിമയുമുള്ള സ്ത്രീയായിരുന്നു മറിയം. ഈ നന്മകളെല്ലാം അവൾക്ക് നൽകപ്പെട്ടിരുന്നു എന്നും മറിയത്തിന് ഇത് വളരെ എളുപ്പമായിരുന്നുഎന്നും നിങ്ങൾ ചിന്തിക്കരുത്. അങ്ങനെയായിരുന്നില്ല. മറിച്ച്, സഹനത്തിലൂടെ ഓരോ ദിവസവും ഈ നന്മകൾ മറിയം പരിശീലിച്ചു. അവൾ എനിക്ക് മറ്റൊരു നിരന്തര മാതൃകയുടെ ഉറവയായിരുന്നു. ഈ രണ്ട് സ്വർഗ്ഗീയ വ്യക്തികളുടെ കൂടെ ആകുമ്പോൾ വിശുദ്ധമായ ജീവിതം അല്ലാതെ മറ്റെന്താകാൻ എനിക്കു സാധിക്കും? പിതാക്കന്മാരെ നിങ്ങളുടെ കുടുംബങ്ങളെ ക്രിസ്തുവിലേയ്ക്കു നയിക്കാൻ പഠിപ്പിക്കുക എന്നതാണ് എന്റെ ബഹുമതി. ഈ കൃപയ്ക്കായി സ്വർഗ്ഗത്തിലുള്ള നമ്മുടെ സ്നേഹപിതാവിന് നന്ദി പറയുവിൻ. കാരണം അവിടുന്ന് ഇങ്ങനെ അനുവദിച്ചത് വളരെ മനോഹരമായ ഒരു കാര്യമാണ്. ഈ വാക്കുകൾ എളിമയോടും ബഹുമാനത്തോടും കൂടെ കരുതുക. അപ്പോൾ എല്ലാത്തിന്റെയും ദൈവമായ അവിടുന്ന്, നിങ്ങളുടെ കുടുംബങ്ങലിൽ സമാധാനവും സന്തോഷവും നൽകും. ഞങ്ങൾ ആയിരുന്നത് പോലെ വിശുദ്ധിയുടെ മറ്റൊരു അറയാകാൻ നിങ്ങൾക്കു സാധിക്കും.

അത് എങ്ങനെയാണെന്ന് ഞാൻ നിങ്ങൾക്ക് കാണിച്ചു തരാം. സ്വർഗ്ഗത്തിൽ നിങ്ങൾക്ക് മഹനീയവും അളവില്ലാത്തതുമായ സഹായം ഉണ്ടെന്ന് ഓർക്കുക. ഈ നിമിഷം നിങ്ങളുടെ കുടുംബം ലൗകീകമായ സ്വാധീനങ്ങളാൽ ബുദ്ധിമുട്ടുന്നുണ്ടെങ്കിൽ ഒരിക്കലും അധൈര്യപ്പെടരുത്. ഞാൻ നിങ്ങളെ സഹായിക്കാം. അങ്ങനെ നമുക്ക് ഒരുമിച്ച്, ഞങ്ങളുടെ കുഞ്ഞു തിരുക്കുടുംബം നൽകിയ മാതൃകയിലേയ്ക്ക് നീങ്ങാം. എല്ലാം നന്നായിരിക്കും നമുക്ക് ആരംഭിക്കാം.

## ജൂൺ 15, 2004
## വി. യൗസേപ്പിതാവ് പിതാക്കന്മാരോട് സംസാരിക്കുന്നു

ഈ ലോകത്തിലെ പിതാക്കന്മാരെ, വളരെ ശ്രദ്ധയോടെ എന്റെ വാക്കുകൾ കേൾക്കുവിൻ. നിങ്ങളുടെ കുഞ്ഞു ങ്ങളെ നിങ്ങൾ വളർത്തുന്നതിൽ നിങ്ങൾ കണക്ക് പ റയേണ്ടി വരും എന്ന് ദയവായി നിങ്ങൾ മനസ്സിലാ ക്കുവിൻ. മിക്കവാറും സന്ദർഭങ്ങളിൽ ഒരു പിതാവ് തന്റെ മക്കളോടൊപ്പം ആയിരിക്കണം. തന്റെ നിയ ന്ത്രണങ്ങൾക്കപ്പുറം ഉള്ള സാഹചര്യങ്ങളിൽ പറ്റാത്ത അവസ്ഥ. അത് വ്യത്യസ്തമാണ്. എന്നാൽ ഈ കാല ഘട്ടത്തിലെ ഭൂരിഭാഗം വരുന്ന പിതാക്കന്മാരോടാണ് ഞാൻ സംസാരിക്കുന്നത്. നിങ്ങളുടെ കുട്ടികൾ നിങ്ങ ളുടെ സമ്പത്താണ്. അതുപോലെ അവർ നിങ്ങളുടെ നിത്യരക്ഷയുടെ ഒരു വലിയ ഭാഗവും ആണ്. നിങ്ങളുടെ കുഞ്ഞുങ്ങളെ വളർത്തുന്നതിലൂടെ ഏറ്റവും വലിയ കൃപകൾ നിങ്ങൾ നേടിയെടുക്കും. ഏറ്റവും അടിസ്ഥാ നപരമായ ഉപദേശത്തിൽ തുടങ്ങുകയാണെങ്കിൽ നല്ല രീതിയിൽ മക്കളെ വളർത്തുവാനായി നിങ്ങൾ അവരോ ടൊപ്പം ആയിരിക്കണം. ഇന്നത്തെ പല പിതാക്കന്മാരും പിതാവിന്റെ വേഷത്തെ വെറുതെ സമ്പാദിക്കുന്ന ഒരാ ളായിട്ടാണ് കാണുന്നത്. അവർ കരുതുന്നത് തങ്ങളുടെ മക്കളുടെ ഭൗതീകാവശ്യങ്ങൾ സാധിച്ചുകൊടുക്കുന്നിട ത്തോളം അവരുടെ ജോലി കഴിഞ്ഞു എന്നാണ്. പിതാ ക്കന്മാരെ നിങ്ങൾക്കറിയാമോ ഇതല്ല സത്യം. മക്കളുടെ ഭൗതികാവശ്യങ്ങൾ സാധിച്ചുകൊടുക്കുക എന്നത് പി താവ് എന്ന നിങ്ങളുടെ വേഷത്തിന്റെ ഒരു വശം മാത്ര മാണ്. സാധാരണമായി പറയുകയാണെങ്കിൽ നിങ്ങൾ

ജോലിയിൽ അല്ലാത്തപ്പോൾ നിങ്ങളുടെ കുടുംബ ത്തോടൊപ്പം ആയിരിക്കണം എന്നത് നിങ്ങൾ അംഗീക രിക്കണം. നിരീക്ഷണത്തിലൂടെയും മാതൃകയിലൂടെയു മാണ് കുഞ്ഞുങ്ങൾ പഠിക്കുന്നത്. നിങ്ങൾ അവരുടെ കൂടെ ആയിരുന്നില്ലെങ്കിൽ അവർക്ക് ഇത് ചെയ്യാൻ സാധിക്കുകയില്ല. പിതാക്കന്മാരെ, നിങ്ങൾ നിങ്ങളുടെ കുഞ്ഞുങ്ങളുടെ കൂടെ ആയിരിക്കുവിൻ. നിങ്ങൾ ഒന്നും ചെയ്യേണ്ട, ശാന്തമായ ഒരു മാതൃക കാണിച്ചു കൊടുക്കുക. നിങ്ങളുടെ വീട്ടുജോലികൾ ചെയ്യുവിൻ. അങ്ങനെ നിങ്ങൾ കർത്തവ്യബോധമുള്ളവരാണെന്ന് നിങ്ങളുടെ കുട്ടികൾ കാണട്ടെ. സ്വർഗ്ഗം ആകുലപ്പെ ടുന്ന മറ്റൊരു നിലവിലുള്ള പ്രവണത വിശുദ്ധിയെ ക്കുറിച്ചാണ്. പിതാക്കന്മാരെ, വിശുദ്ധിയോടെ ആയി രിക്കേണ്ടത് എത്രമാത്രം പ്രാധാന്യമുള്ളതാണെന്ന് കുഞ്ഞുങ്ങൾ പഠിച്ചിരിക്കണം. ഇത് നിങ്ങളുടെ കുട്ടി കൾ നിങ്ങളിൽ നിന്ന് പഠിക്കുന്നുണ്ടോ? നിങ്ങൾ പങ്കെ ടുക്കുന്ന വിനോദപരിപാടികൾ കണ്ടുകൊണ്ട് അവർ ഇത് പഠിക്കും. വിശുദ്ധിയില്ലാത്ത പ്രവൃത്തിയും സാഹ ചര്യങ്ങളും ചിത്രീകരിക്കുന്ന ടെലിവിഷനിലെ പരി പാടികളോട് നിങ്ങൾ എങ്ങനെയാണ് പ്രതികരിക്കുന്ന ത്. പിതാക്കന്മാരേ, ഇത്തരം കാര്യങ്ങൾ സ്വീകാര്യമല്ല. മാരകമായ പാപങ്ങൾ ചിത്രീകരിക്കുന്ന ടെലിവിഷൻ പരിപാടികൾ നിങ്ങൾ കാണരുത്. തീർച്ചയായും നിങ്ങ ളുടെ കുട്ടികളും ഇതു കാണാൻ പാടില്ല. അത് പ്രിയ മക്കളെ, ഒരു പരമമായ സത്യമാണ്. തിന്മയെ ചിത്രീക രിക്കുന്ന ടെലിവിഷനിലെ പെരുമാറ്റം കാണുവാൻ നി ങ്ങളുടെ കുട്ടികളെ അനുവദിക്കുമ്പോൾ, ഫലത്തിൽ, നിങ്ങൾ അവരെ ഇത്തരം സ്വഭാവങ്ങൾ പഠിപ്പിക്കുക യാണ് ചെയ്യുന്നത്. നിങ്ങൾ മനസ്സിലാക്കണം ഇത്തരം കാര്യങ്ങൾ എതിർക്കാതിരിക്കുന്നതിലൂടെ നിങ്ങളുടെ കുട്ടികളെ ഈ സ്വഭാവങ്ങൾ അംഗീകരിക്കപ്പെടുന്നവ

യാണ് എന്ന് പഠിപ്പിക്കുകയാണ്. ഇത് അവസാനിപ്പിക്ക ണം. അക്രൈസ്തവമായ ശീലങ്ങൾ ചിത്രീകരിക്കുന്ന ഒരു പരിപാടി നിങ്ങൾ എതിർക്കുമ്പോൾ, നിങ്ങളുടെ കുട്ടികളോട് എന്തുകൊണ്ടാണ് നിങ്ങൾ അങ്ങനെ ചെയ്തതെന്ന് വിശദീകരിക്കാൻ ആ അവസരം ഉപ യോഗിക്കുകയും എന്തുകൊണ്ടാണ് നിങ്ങൾ എതിർത്ത ശീലം ക്രൈസ്തവം അല്ലാത്തതെന്നും മനസ്സിലാക്കി ക്കൊടുക്കണം. നിങ്ങൾക്ക് മനസിലാകുന്നുണ്ടോ? ഈ വിഷയത്തിൽ നിങ്ങൾക്ക് ഉറപ്പില്ലെങ്കിൽ നിങ്ങളെ സഹായിക്കാൻ എന്നോട് ആവശ്യപ്പെടണം. കാരണം ഈ രീതിയിൽ കുടുംബങ്ങൾ നിരന്തരം മലിനമാക്കപ്പെ ടുകയാണ്. ദൈവത്തിന്റെ പ്രിയ മനുഷ്യരേ, ഇത്തരത്തി ലുള്ള വിനോദപരിപാടികൾ നിങ്ങൾക്ക് ചേർന്നതല്ല. നിങ്ങൾക്ക് സ്വർഗ്ഗത്തിൽ വരാൻ ആഗ്രഹമില്ലേ. അങ്ങ നെയെങ്കിൽ ഭൂമിയിൽ വച്ച് നിങ്ങൾ അതിനായി സ്വയം ഒരുങ്ങാൻ തുടങ്ങണം. നിങ്ങളുടെ കുട്ടികളുടെ കൂടെ വിശുദ്ധിയിൽ സമയം ചെലവഴിച്ചുകൊണ്ടും ഒരുമയോ ടെ, ദൈവത്തെ നിന്ദിക്കാത്ത പ്രവൃത്തികൾ ചെയ്തു കൊണ്ടും നിങ്ങൾക്ക് ഇത് ചെയ്യാം. നിങ്ങളുടെ കുട്ടികളോട് പറയുന്ന ഓരോ വാക്കിനും നിങ്ങൾ കണ ക്കുപറയേണ്ടിവരും. നിങ്ങൾ പരിപൂർണ്ണരായിക്കുവാൻ ദൈവം പ്രതീക്ഷിക്കുന്നില്ല. ഭയപ്പെടേണ്ട. നിങ്ങൾക്ക് തീർച്ചയായും തെറ്റുകൾ ഉണ്ടാകും. എന്നാൽ അത് മനസ്സിലാക്കപ്പെടുകയും ക്ഷമിക്കപ്പെടുകയും ചെയ്യും. പക്ഷേ, സ്വർഗ്ഗത്തിന് എതിർപ്പുണ്ടാകുന്ന വിനോദങ്ങ ളുടെ ഒരു രീതി നിങ്ങളുടെ ഭവനത്തിൽ അനുവദിക്ക രുത്. ഒരു വിനോദത്തെപ്പറ്റി ഈശോ പറയും എന്ന് എപ്പോഴും ആലോചിക്കുവിൻ. ഓരോ നിമിഷവും നി ങ്ങൾക്കറിയാമോ, അവൻ നിങ്ങളുടെ കൂടെയുണ്ട്. അവന്റെ സാന്നിദ്ധ്യത്തെപ്പറ്റി എപ്പോഴും ജാഗ്രതയുള്ള വരാകുക. അപ്പോൾ നിങ്ങളുടെ പ്രവൃത്തിയേയും പ്ര

വർത്തനങ്ങളേയും അവന്റെ മാനദണ്ഡത്തിൽ വിലയിരുത്താൻ നിങ്ങൾക്ക് സാധിക്കും. ഏതെങ്കിലും തെറ്റായ ശീലങ്ങളുടെ പിടിയിലാണ് നിങ്ങളെങ്കിൽ അതിൽ നിന്നും രക്ഷപ്പെടുവാൻ ഞാൻ നിങ്ങളെ സഹായിക്കാം. പ്രസന്നവദനരരും ധൈര്യമുള്ളവരുമായിരിക്കുവിൻ. ഒരുമിച്ച് നമുക്ക് നിങ്ങളുടെ ജീവിതം വിശുദ്ധീകരിക്കാം.

## ജൂൺ 16, 2004
# വി. യൗസേപ്പിതാവ് പിതാക്കന്മാരോട് സംസാരിക്കുന്നു

ലോകത്തിലെ എന്റെ പ്രിയപ്പെട്ട പിതാക്കന്മാരെ, നിങ്ങൾ എന്റെ സ്വരം കേൾക്കുവിൻ. ഞാൻ അനുകമ്പയോടും ഉത്കണ്ഠയോടും കൂടിയാണ് നിങ്ങളോട് സംസാരിക്കുന്നത്. സ്വർഗ്ഗത്തിലിരുന്ന് ഞങ്ങൾ ലോകത്തിലെ സംഭവങ്ങൾ ശ്രദ്ധിച്ചുകൊണ്ടിരിക്കുന്നു. കാരണം, നിങ്ങളെ സഹായിക്കാൻ ഞങ്ങൾക്ക് വളരെ ആകാംക്ഷയാണ്. ഞങ്ങൾ നിങ്ങളുടെ പ്രാർത്ഥന കേൾക്കുകയും ഉടനെതന്നെ നിങ്ങൾക്ക് വേണ്ടി മാദ്ധ്യസ്ഥം വഹിക്കാൻ ആരംഭിക്കുകയും ചെയ്യും. അങ്ങനെ, ഏതെങ്കിലും അനുഗ്രഹങ്ങൾ ലഭ്യമാണെങ്കിൽ അത് ഉപയോഗിക്കാൻ സാധിക്കും. പിതാവെന്ന നിലയിലുള്ള നിങ്ങളുടെ ജോലി വിലയിരുത്തുന്നതിൽ, നിങ്ങളെ സഹായിക്കുവാൻ ഞങ്ങളെ അനുവദിക്കുവിൻ. അങ്ങനെ ദൈവം ആഗ്രഹിക്കുന്നതിനനുസരിച്ച് ഈ കടമ നിങ്ങൾ നിറവേറ്റുന്നുണ്ടോ എന്ന് ഉറപ്പു വരുത്താം. തിരുക്കുടുംബത്തിന്റെ തലവനായ യൗസേപ്പ് അതായത് എന്നെ, താരതമ്യം ചെയ്തുവേണം നിങ്ങളുടെ കടമ നിങ്ങൾ വിലയിരുത്താൻ. ദൈവത്തെ അനുസിക്കാത്ത ഒരു ആത്മാവുമായി താരതമ്യം ചെയ്ത് ഒരിക്കലും നിങ്ങളുടെ കടമ വിലയിരുത്തരുത്. ഈ അവസരം നിങ്ങളുടെ കൂട്ടുകാരെ നോക്കുവാനും കൂടി ഉപയോഗിക്കണം. അവർ യഥാർത്ഥ അനുയായികളാണോ? നല്ല പിതാവും ഭർത്താവുമാകാൻ അവർ നിങ്ങളെ പ്രോത്സാഹിപ്പിക്കുന്നുണ്ടോ? അവർ തന്നെയും നല്ല പിതാക്കന്മാരും ഭർത്താക്കന്മാരുമാണോ? പ്രിയ മനുഷ്യാ, പിതാവും ഭർത്താവും എന്ന നിലയിലുള്ള

കടമ അവർ നിറവേറ്റുന്നില്ലെങ്കിൽ, അവരുടെ സ്വാധീന ത്തെ എതിർക്കാൻ നിങ്ങൾക്ക് ബുദ്ധിമുട്ടാകും. ഈ കാലഘട്ടത്തിൽ പലരും നിങ്ങളെ അവരുടെ സ്വാധീന ത്തിലാക്കാൻ പ്രോത്സാഹിപ്പിക്കും. പക്ഷേ എല്ലാ ഗൗര വത്തോടും കൂടി ഞാൻ നിങ്ങളോടു പറയുന്നു. നിങ്ങൾ ഇതു ചെയ്യരുത്. നിങ്ങളുടെ ഭാര്യയും കുഞ്ഞുങ്ങളും ആദ്യം വരണം. നിങ്ങളാണ് നിങ്ങളുടെ കുടുംബത്തെ സ്വർഗ്ഗത്തിലേയ്ക്ക് നയിക്കേണ്ടത്. സ്വർഗ്ഗത്തിൽ ഒന്നാ മൻ ആയവൻ, അവസാനത്തെ ആൾ ആയിരിക്കും. നിങ്ങളെ തന്നെ നിങ്ങളുടെ കുടുംബത്തിലേയ്ക്ക് ഒരു ദാസനായി കരുതുക. ഇങ്ങനെ ചെയ്യുമ്പോൾ ലോകത്തെ എങ്ങനെ പിൻതുടരണം എന്ന് ചിന്തിച്ച് നി ങ്ങൾ കൂടുതൽ സമയം കളയുകയില്ല. വലിയ അന്ധ കാരത്തിന്റെ ഒരു ലോകത്തിലാണ് നിങ്ങൾ ജീവിക്കു ന്നത്. ഞാൻ നിങ്ങളോട് സത്യം പറയാം. എന്തെന്നാൽ നിങ്ങളുടെ കുടുംബത്തെ സുരക്ഷിതമായി നയിക്കേണ്ട ത് വളരെ അത്യാവശ്യമാണെന്ന് നിങ്ങൾ അറിയണം. സ്വർഗ്ഗത്തിന്റെ സഹായത്തോടെ നിങ്ങൾക്കിത് വിജയ കരമായി ചെയ്യുവാൻ സാധിക്കും. പക്ഷേ, ഈ സഹാ യം ലഭിക്കുവാൻ നിങ്ങൾ അതിനുവേണ്ടി എപ്പോഴും പ്രാർത്ഥനാനിരതരായിരിക്കുകയും വേണം. പ്രാർത്ഥ നാ നിരതരായില്ലെങ്കിൽ, പ്രാർത്ഥിക്കേണ്ടതിന്റെ ആവ ശ്യകത നിങ്ങൾ കാണുകയില്ല. കാരണം, ഒരു ദിവ സത്തിൽ നിന്ന് മറ്റൊന്നിലേയ്ക്ക്, വളരെ തിരക്കിട്ട് നിങ്ങൾ പാഞ്ഞുകൊണ്ടിരിക്കും. എന്നിട്ട്, എല്ലാം നന്നായിരിക്കുന്നു എന്ന് സ്വയം പറയും. കാരണം, ഇങ്ങനെ തന്നെയാണ് എല്ലാവരും ചെയ്യുന്നത്. പിതാക്കന്മാരേ, സാധിക്കുന്നിടത്തോളം ശാന്തതയുടെ ഒരു ശൈലി നി ങ്ങളുടെ കുടുംബത്തിൽ ഉണ്ടാക്കുക. അപ്പോൾ നി ങ്ങളുടെ സംരക്ഷണയിലുള്ള കുഞ്ഞു ങ്ങൾ, സ്വാതന്ത്ര്യത്തോടെ നിങ്ങളുടെ അടുത്ത്, അവ

രുടെ കുഞ്ഞു ബുദ്ധിമുട്ടുകളും ആശങ്കകളുമായി വരും. ശാന്തമായി ഇരിക്കുകയോ, നിശബ്ദരായി ജോലി ചെയ്യുകയോ ചെയ്തുകൊണ്ട് നിങ്ങളെ ത്തന്നെ അവർക്ക് ലഭ്യമാക്കിക്കൊടുക്കുവിൻ. നിരന്ത രമായ ശബ്ദത്തിന്റെ അസ്വസ്ഥത ആവശ്യമില്ല. പ്രി യ മനുഷ്യാ, അത് നിന്റെ ആത്മാവിനെ വിരസമാക്കു കയും അങ്ങനെ ദൈവത്തിന് നിന്നിൽ സ്വസ്ഥത ക ണ്ടെത്താൻ സാധിക്കാതെയും വരും. നിന്റെ സമയം, നീ ശാന്തതയിൽ ചെലവഴിക്കുമ്പോൾ നിന്റെ ആത്മാവ് ശാന്തമാവുകയും നിന്റെ ദൈവത്തിന് നിന്നെ സ്വന്തമാ ക്കാനും നിന്നോട് സംസാരിക്കാനും സാധിക്കും. നിന്റെ ജീവിതത്തിൽ ദൈവത്തിന്റെ ഹിതത്തിന് പരിഗണന കൊടുക്കുവാൻ അവിടുന്നു നിന്നെ പ്രചോദിപ്പിക്കും. നിന്റെ ജീവിതത്തെയും കുടുംബത്തെയും കുറിച്ച് വലിയ ഒരു കാഴ്ചപ്പാട് അവിടുന്ന് നിങ്ങൾക്ക് തന്നു കൊണ്ട് ഈ നിമിഷമാകുന്ന ചെറിയ കാഴ്ചപ്പാടിൽ നി ന്നും നിങ്ങളെ അകറ്റും. നിങ്ങളുടെ വലിയ കാഴ്ച പ്പാട് എന്നു പറയുന്നത് സ്വർഗ്ഗവും ദൈവത്തെ സേവി ക്കുകയെന്നതുമാണെങ്കിൽ, ഓരോ നിമിഷവും വ്യത്യ സ്തമായി ജീവിക്കണമെന്ന് നിങ്ങൾ മനസ്സിലാക്കണം. നിങ്ങൾക്കും നിങ്ങളുടെ കുടുംബത്തിനും വേണ്ടി നി ങ്ങളുടെ ദൃഷ്ടികൾ സ്വർഗ്ഗത്തിലേയ്ക്ക് ഉയർത്തു മ്പോൾ നിങ്ങളുടെ വീക്ഷണം അവിടെയും ഇവിടെയും അല്പമായി മാറാൻ തുടങ്ങുന്നത് കാണാം. ഇതൊരു പ്രക്രിയയാണ്. എല്ലാം ഒരു ദിവസം കൊണ്ടു മാറുക യില്ല എന്നതിൽ ആശ്വസിക്കുവിൻ. പ്രത്യേകിച്ച് നി ങ്ങൾ കൂടുതൽ സമയം ലോകത്തിൽ ചെലവഴിക്കുക യോ തെറ്റായ ശീലങ്ങൾ ശീലിക്കുകയോ ചെയ്യുന്നു വെങ്കിൽ. പക്ഷേ അതൊക്കെ മാറും. കാലക്രമേണ നിങ്ങളുടെ ഭവനം നിങ്ങൾക്ക് വ്യത്യസ്തമായി തോന്നും. ജീവിതയാത്രയിൽ നിങ്ങളോടൊപ്പം നടക്കുന്ന നിങ്ങ

ളുടെ ഭവനത്തിലെ ഓരോ ആത്മാവിന്റെയും വിശുദ്ധിക്കുവേണ്ടി നിങ്ങൾ ആഗ്രഹിക്കും. അവരുടെ ആത്മീയ വളർച്ചയ്ക്ക് നിങ്ങൾ പ്രാധാന്യം കൊടുക്കും. ദൈവത്താൽ സൃഷ്ടിക്കപ്പെട്ട പ്രിയപ്പെട്ട മകനേ, ഇതാണ് നിന്റെ കടമ. നീ നിന്റെ ഭാര്യയോട് പങ്കാളിയായി, നിന്റെ കുഞ്ഞുങ്ങളെ അവരുടെ ബാല്യത്തിലൂടെ നയിക്കുക. അങ്ങനെ ശക്തരായി വളർന്ന് ദൈവരാജ്യത്തിനുവേണ്ടി വേല ചെയ്യാൻ അവർക്ക് സാധിക്കും. ധൈര്യമായിരിക്കുക. യൗസേപ്പായ എന്നെ, ഇത് എങ്ങനെയാണ് ചെയ്യേണ്ടതെന്ന് കാണിച്ചുതരാൻ നിങ്ങൾ അനുവദിക്കുക.

## ജൂൺ 17, 2004
# വി. യൗസേപ്പിതാവ് പിതാക്കന്മാരോട് സംസാരിക്കുന്നു

ദൈവത്തിന്റെ പ്രിയ പുത്രന്മാരേ, പിതൃത്വത്തെ അതിന്റേതായ വലിയ മഹത്വത്തോടെ നിങ്ങൾ കാണണം. ഒരു കുഞ്ഞിന് രൂപീകരണം നൽകാൻ നിങ്ങളെ അനുവദിക്കുന്നതിലൂടെ ഒരു അളവ് വരെ നമ്മുടെ ദൈവം നിങ്ങളിൽ വിശ്വാസം അർപ്പിച്ചിരിക്കുകയാണ്. അവിടുത്തെ നിങ്ങൾ നിരാശപ്പെടുത്തരുത്. നിങ്ങളുടെ കുട്ടികളുടെ ജീവിതത്തിൽ സാധ്യമായതിൽ വച്ച് ഏറ്റവും നല്ല ഒരുക്കത്തിന് ആവശ്യമായ മാർഗ്ഗത്തിനായി നിങ്ങൾ അവിടുത്തെ ശ്രവിക്കണം. കാരണം ഓരോ ആത്മാവും അതുല്യമാണ്. ഒരാളിൽ ഫലിക്കുന്ന അതേ സമീപനം എല്ലാവരിലും ഫലിക്കില്ല. ഓരോ കുട്ടിക്കും അവന്റെയോ അവളുടേയോ സ്വഭാവത്തിന് ഏറ്റവും അനുയോജ്യമായ ചിന്താശക്തിയുള്ള കരുതൽ ആവശ്യമാണ്. പിതാക്കന്മാരേ, എന്നാണ് ഈ കരുതൽ നിങ്ങളുടെ കുട്ടികളെ വളർത്തുന്നതിൽ നിങ്ങൾ കാണിക്കുക. ഓരോ ദിവസവും കുറച്ചു സമയം നിങ്ങളുടെ കുഞ്ഞുങ്ങളെക്കുറിച്ചും അവർക്ക് എന്താണ് ആവശ്യമെന്നതിനെക്കുറിച്ചും ചിന്തിക്കാൻ സമയം ചെലവഴിക്കണം. തീർച്ചയായും അവരെ തീറ്റിപ്പോറ്റുകയും ഉടുപ്പിക്കുകയും ചെയ്യുന്നത് സുപ്രധാനമാണ്. എന്നാൽ അധികമാകരുത്. അവർക്ക് പാർപ്പിടമുണ്ടായിരിക്കേണ്ടത് പ്രാധാന്യമുള്ളതാണ്. സാധിക്കുമെങ്കിൽ വിദ്യാഭ്യവും. ലോകത്തിലെ പിതാക്കന്മാരേ, എന്താണ് നിങ്ങളോട് ഊന്നിപ്പറയാൻ ഞാൻ ആഗ്രഹിക്കുന്നതെന്നുവച്ചാൽ നിങ്ങളുടെ കുട്ടികൾക്ക് കാര്യങ്ങളോടൊപ്പം നിങ്ങളുടെ സ്നേഹവും ആവശ്യമാണ്. മറ്റെന്തിനെക്കാളുമുപരി,

കുട്ടികൾ തങ്ങളുടെ പിതാവ് അവരെ സ്നേഹിക്കുന്നു വെന്നും വിലപ്പെട്ടതായി കരുതുന്നുവെന്നും അറിയണം. എല്ലാ ദിവസവും നിങ്ങളുടെ പ്രവൃത്തികൾ നിങ്ങളുടെ കുഞ്ഞുങ്ങളോട് പറയും നിങ്ങൾ അവരെ കുറിച്ച് എന്തു മനസ്സിലാക്കി എന്ന്. ഒരു കുട്ടിയെ തിരുത്തു വാനാണ് നിങ്ങൾ വിളിക്കപ്പെട്ടിരിക്കുന്നതെങ്കിൽ അത് സൗമ്യമായി സ്നേഹത്തോടെ ചെയ്യുക. ഒരു കുട്ടി നിന്നെ ദേഷ്യപ്പെടുത്തുകയാണെങ്കിൽ നീയും ഒരിക്കൽ കുട്ടിയായിരുന്നുഎന്നും ഇത്തരം തെറ്റുകൾ നീയും ചെയ്തിട്ടുണ്ടെന്നും ഓർക്കണം. പിതാക്കന്മാരെ നിങ്ങളുടെ കുട്ടികളെ പേടിപ്പിക്കരുത്. ഇങ്ങനെ ചെയ്യുന്നത് സ്നേഹമല്ല. അത് സ്നേഹത്തിന് എതിരാണ്. നിങ്ങളുടെ കുട്ടികൾ നിങ്ങളെ തീർച്ചയായും ബഹുമാനിക്കണം. അതുപോലെ ദൈവരാജ്യത്തിന് സ്വാഗതമല്ലാത്ത ഒരു സ്വഭാവവും നീ അനുവദിക്കയുമരുത്. എന്നാൽ കുറച്ച് തെറ്റായ സ്വഭാവം പ്രതീക്ഷിക്കുകയും സൗമ്യമായി മക്കളെ തിരുത്തുകയും വേണം. പിതാക്കന്മാർ പലപ്പോഴും തങ്ങളുടെ കുഞ്ഞുങ്ങളോടുള്ള പ്രഥമമായ ചുമതല ശിക്ഷകന്റേതാണ് എന്ന് തെറ്റിദ്ധരിക്കാറുണ്ട്. ഇത് തെറ്റാണ്. പിതാവെന്ന നിലയിലുള്ള നിങ്ങളുടെ ആദ്യത്തെ ചുമതല, സ്നേഹിക്കുകയും പിന്നീട് കുഞ്ഞുങ്ങൾക്ക് അനുകരിക്കാൻ പറ്റുന്ന ഒരു മാതൃക കാണിക്കുകയും ചെയ്യുക എന്നതാണ്. അത് നിങ്ങൾക്ക് സ്വർഗ്ഗത്തിൽ നിത്യതയ്ക്ക് കാരണമാകും. പ്രിയ മകനേ, നീ ഇത് ചെയ്യുന്നുണ്ടോ? നിങ്ങളുടെ തന്നെ സ്വഭാവത്തെ പരിശോധിക്കുന്നതിൽ ജാഗരൂകരാകുവിൻ. നിങ്ങളുടെ കുട്ടികൾ മര്യാദകേടായി പെരുമാറുമ്പോൾ നിങ്ങളിലുള്ള ഒന്നിനെയും അല്ല അവർ അനുകരിക്കുന്നത് എന്ന് ഉറപ്പുവരുത്തുക. ഇത് പ്രധാനപ്പെട്ടതാണ്. അതുകൊണ്ട് ശ്രദ്ധിക്കുക. ലോകത്തിലെ പ്രിയപ്പെട്ട മനുഷ്യരെ, ഞാൻ നിങ്ങളെ സ്നേ

ഹിക്കുന്നു. നിങ്ങൾ നേരിടുന്ന സ്വാധീനങ്ങളെ ഞാൻ മനസ്സിലാക്കുന്നു. അതുകൊണ്ട് നിങ്ങൾ പ്രാർത്ഥനയിൽ സമയം ചെലവഴിക്കുക വിനോദത്തിനല്ല. നിങ്ങളുടെ ഈശോ നിങ്ങളെ സഹായിക്കാൻ ആഗ്രഹിക്കുന്നു. അതുപോലെ നിങ്ങളും അവനെ സഹായിക്കാൻ അവൻ ആഗ്രഹിക്കുന്നു. മനുഷ്യവംശത്തിന് ഇത് അന്ധകാരത്തിന്റെ സമയമാണ്. കാരണം, അനേകർ ദൈവത്തോടും വിശുദ്ധ ജീവിതത്തോടും "വേണ്ട" എന്നാണ് പറഞ്ഞിരിക്കുന്നത്. നിങ്ങൾ ഇത് ചെയ്തിട്ടുണ്ടെങ്കിൽ, ഇന്നുതന്നെ, ഈശോയോട് നിങ്ങൾ മാറ്റപ്പെടുവാൻ ആഗ്രഹിക്കുന്നു എന്നും നിങ്ങൾ അവിടുത്തെ സഹായം ആഗ്രഹിക്കുന്നു എന്നും പറയുവിൻ. അവിടുന്ന് എല്ലാ പാപവും നിന്നോട് ക്ഷമിക്കും. ഉപേക്ഷയാൽ നിങ്ങളുടെ കുഞ്ഞുങ്ങൾക്ക് സംഭവിച്ച എന്തു കേടുപാടും അവൻ ലഘൂകരിക്കും. ചുരുക്കത്തിൽ പറഞ്ഞാൽ ഈശോ നിങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കും. എന്നാൽ നിങ്ങൾ നിശബ്ദതയിൽ അവനോട് കൂടെ സമയം ചെലവഴിക്കണം. പിതാക്കന്മാരേ, നിങ്ങളുടെ ദിവസത്തിലെ ഏറ്റവും പ്രധാന ഭാഗമായി പ്രാർത്ഥനയെ മാറ്റുക. ഇത്തരത്തിൽ മാത്രമേ നിങ്ങളുടെ ജീവിതത്തെക്കുറിച്ചും, നിങ്ങളുടെ കുഞ്ഞുങ്ങളെ വളർത്തുന്നതിലും ഈശോ നിങ്ങളിൽ നിന്നും എന്താണ് ആവശ്യപ്പെടുന്നത് എന്ന് നിർണ്ണയിക്കാൻ നിങ്ങൾക്കു സാധിക്കുകയുള്ളു. നിങ്ങൾക്ക് സമ്മർദ്ദങ്ങളുണ്ടെന്നും ജീവിക്കാൻ വേണ്ടി സമ്പാദിക്കണമെന്നും അങ്ങനെ കുടുംബത്തെ നിലനിർത്തണമെന്നും സ്വർഗ്ഗം മനസ്സിലാക്കുന്നു. ഇക്കാര്യങ്ങൾ സ്വർഗ്ഗം ബഹുമാനിക്കുന്നു. കാരണം സ്വർഗ്ഗമാണ് ഇത്തരത്തിലുള്ള ഒരു ജീവിതരീതി നിങ്ങൾക്കായി നിയോഗിച്ചിരിക്കുന്നത്. ഇക്കാര്യത്തിലും ആത്മീയ കാര്യങ്ങളിലും നിങ്ങളെ നയിക്കുവാനായി സ്വർഗ്ഗത്തോട് നിങ്ങൾ നിരന്തരം ആവ

ശ്യപ്പെടണം. ഞങ്ങൾ നിങ്ങളുടെ പ്രാർത്ഥന കേൾക്കുകയും നിങ്ങളെ സഹായിക്കുകയും ചെയ്യും. എന്നാൽ ഇപ്പോൾ, നിങ്ങൾ കുടുംബത്തിന്റെ നാഥനാകുകയും ദൈവത്തോടുള്ള ബഹുമാനത്തിന്റെ ഒരു ശൈലി ഉറപ്പിക്കുകയും ചെയ്യുക.

## ജൂൺ 18, 2004
# വി. യൗസേപ്പിതാവ് പിതാക്കന്മാരോട് സംസാരിക്കുന്നു

ഇന്ന് വീണ്ടും ഞാൻ പിതാക്കന്മാരെ വിളിക്കുന്നു. പ്രിയ മനുഷ്യരെ നിങ്ങളുടെ തെറ്റുകളെ നിങ്ങൾ നിർഭയം നേരിടണം. എന്നോടുകൂടെ നിങ്ങളുടെ ജീവിതരീതി പരിശോധിക്കുവിൻ. നിങ്ങൾ ദൈവത്തിനുവേണ്ടിയാണോ ജീവിക്കുന്നത്? ഇന്ന് ദൈവം നിങ്ങളുടെ ഭവനത്തിൽ നിന്ന് സ്വർഗ്ഗത്തിലേയ്ക്ക് വിളിക്കുകയാണെങ്കിൽ, സമാധാനമായി കിടക്കുവാൻ നിങ്ങൾക്ക് സാധിക്കുമോ? ഒരു ഭർത്താവും പിതാവും എന്ന നിലയിൽ നിങ്ങളുടെ ജോലി ഉചിതമായി അംഗീകരിച്ചു എന്ന് നിങ്ങൾക്ക് സംതൃപ്തനാകാൻ സാധിക്കുമോ? ദൈവത്താൽ സൃഷ്ടിക്കപ്പെട്ട മക്കളാകയാൽ നാമെല്ലാവരും അവിടുത്തെ സമയത്തിന് അധീനരാണ്. ഭൂമിയിലെ നിങ്ങളുടെ സമയം കടന്നുപോയി എന്ന് അവിടുന്ന് വിധിക്കുമ്പോൾ അത് കടന്നിരിക്കും. നിങ്ങളുടെ ജീവിതത്തെയോ കുഞ്ഞുങ്ങള വളർത്തുന്നതിനെ സംബന്ധിച്ചോ രണ്ടാമതൊരവസരം ലഭിക്കുകയില്ല. നിങ്ങളുടെ കുഞ്ഞുങ്ങൾ വളർന്നു കഴിയുമ്പോൾ അവരെ സ്വാധീനിക്കാനുള്ള നിങ്ങളുടെ അവസരം കുറയും. നിങ്ങളുടെ കുഞ്ഞുങ്ങൾക്ക് ഒരു മാതൃകയാകുന്നതിലും അവരെ സ്വർഗ്ഗത്തിലേയ്ക്കുള്ള നേരായ വഴി കാണിക്കാൻ സഹായിക്കുന്നതിൽ നിന്നും നിങ്ങൾ ഒരിക്കലും പിൻവാങ്ങരുത്. പക്ഷേ, പ്രായമായവരെക്കാൾ കുട്ടികളിലാണ് കൂടുതൽ കാര്യങ്ങൾ ചെയ്യാൻ സാധിക്കുന്നത്. അതുകൊണ്ട് നോക്കൂ പ്രിയ മകനേ, നിങ്ങളുടെ കുട്ടി ചെറുതായിരിക്കുമ്പോൾ തന്നെ അവനെ വാർത്തെടുക്കാനുള്ള അവസരം നീ കൈക്കലാക്കുക.

ഭൂമിയിലുള്ള പല ആത്മാക്കളും തങ്ങൾക്ക് വളരെയധികം സമയം വിശ്രമത്തിനും ഉല്ലാസത്തിനുമായി അവകാശപ്പെട്ടവരാണ് എന്നാണ് കരുതുന്നത്. വളരെ ഗൗരവത്തോടെ ഞാൻ നിങ്ങളോട് പറയുന്നു. കളിക്കാനുള്ള സമയം കുട്ടികൾക്കുള്ളതാണ്. നിങ്ങൾ ഒരു പ്രായപൂർത്തിയായ ആളാണെങ്കിൽ നിങ്ങളെ എങ്ങനെ രസിപ്പിക്കാം എന്നതിനെക്കാൾ ക്രിസ്തുവിനെ എങ്ങനെ സേവിക്കാം എന്നതിനെപ്പറ്റിയായിരിക്കണം ഉത്കണ്ഠപ്പെടേണ്ടത്. നിശ്ശബ്ദമായ പ്രാർത്ഥനയിൽ നിങ്ങൾ സമയം ചെലവഴിച്ചുകൊണ്ട് ഈശോയെപ്പറ്റിയും അവിടുന്ന് എന്നതാണ് നിനക്ക് ചെയ്തിരിക്കുന്നത് എന്ന് ചിന്തിക്കുകയും ചെയ്യുമ്പോൾ അവിടുന്ന് നിന്നോട് അവിടുത്തേയ്ക്കു വേണ്ടി എന്ത് ചെയ്യാനാണ് ആവശ്യപ്പെടുന്നതെന്ന് നിനക്കു മനസ്സിലാകും. എനിക്കറിയാം ഇത് വളരെ ലളിതമായ കാര്യമാണെന്ന്. പക്ഷേ വളരെക്കുറച്ച് ആളുകൾ മാത്രമേ തങ്ങളുടെ ആത്മാവിൽ പ്രവർത്തിക്കുവാൻ ക്രിസ്തുവിന് ഈ സമയം കൊടുക്കുന്നുള്ളു എന്ന് ഞാൻ ഉറപ്പിച്ച് പറയുന്നു. ഇക്കാരണത്താലാണ് ഈ കാണുന്ന നിലയിലുള്ള അന്ധകാരത്തിലേയ്ക്ക് നാം എത്തിച്ചേർന്നിരിക്കുന്നത്. ചരിത്രപരമായി മനുഷ്യൻ തിന്മയോട് “ഇല്ല” എന്ന് പറഞ്ഞിരുന്നു. എന്നാൽ ഇന്ന് മനുഷ്യൻ തിന്മയോട് “അതെ” എന്നാണ് പറയുന്നത്. കുട്ടികൾ അനുഭവിക്കുന്നതിനു കാരണം, മനുഷ്യൻ തിന്മയോട് “അതെ” എന്നു പറയുമ്പോൾ തന്റെ ദൈവനിയോഗത്തിനോടാണ് “അല്ല” എന്ന് പറയുന്നത്. എന്റെ പ്രിയ കൂട്ടുകാരാ, രണ്ട് വഴിയിൽ ജീവിക്കാൻ നിനക്കു സാധിക്കുകയില്ല. അതുകൊണ്ട് നീ ഒന്ന് തിരഞ്ഞെടുക്കണം. ദൈവത്തെ തിരഞ്ഞെടുക്കുവിൻ. നിനക്കോ നിന്റെ കുടുംബത്തിനോ അന്ധകാരത്തെ തിരഞ്ഞെടുക്കുന്നതിലൂടെ ഒരു ഭാവിയുമില്ല. നന്മ ആഗ്രഹിക്കുന്ന

ഒരു ആത്മാവിനെ സഹായിക്കാനുള്ള ദൈവത്തിന്റെ ശക്തിയെ താഴ്ത്തിക്കാണരുത്. അവിടുന്ന് നിങ്ങളെ സഹായിക്കും.
ഭൂമിയിലെ എന്റെ ഭാര്യയായ മറിയത്തോട് ഞാൻ എങ്ങനെ പെരുമാറിയിരുന്നു എന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഏറ്റവുമധികം അന്തസ്സോടും ബഹുമാനത്തോടും കൂടെയാണ് ഞാൻ മറിയത്തോട് പെരുമാറിയത്. സാധിക്കുമ്പോഴൊക്കെ ഞാൻ അവളെ സഹായിക്കുകയും അവളുടെ സുഖത്തേയും സന്തോഷത്തെയും കുറിച്ച് നിരന്തരം ബോധവാനായിരിക്കുകയും ചെയ്തു. മറിയത്തിന് വലിയ സമ്പത്ത് ഒന്നും കൊടുക്കുവാൻ എനിക്ക് സാധിച്ചില്ല. പലപ്പോഴും ഉപജീവനത്തിനുള്ള അത്യാവശ്യകാര്യങ്ങൾ പോലും ഇല്ലാതെ മുമ്പോട്ടു പോകേണ്ടിവന്നിട്ടുണ്ട്. അവൾ പരാതി പറയുകയോ ഞങ്ങളെ പരീക്ഷണഘട്ടത്തിലാക്കിയതിന് ദൈവത്തിനെതിരെ ഞാൻ ദുഷിക്കുകയോ ചെയ്തില്ല. ഞാൻ എളിമയോടുകൂടി എന്റെ ചെറിയ കുടുംബത്തെ ദൈവത്തിന്റെ സംരക്ഷണത്തിന് ഏൽപ്പിക്കുകയും അവർക്ക് നൽകാൻ എന്റെ കഴിവിന്റെ പരമാവധി ഞാൻ ചെയ്യുകയും ചെയ്തു. ലോകത്തിന്റെ പ്രിയ മനുഷ്യരെ, നിങ്ങളുടെ സാഹചര്യങ്ങൾ എന്തൊക്കെയാണെങ്കിലും നിങ്ങളെക്കാൾ അധികമായി ആവശ്യമുള്ളവരുമുണ്ട്. ദൈവം നിങ്ങൾക്ക് തന്നിരിക്കുന്നതിൽ നിങ്ങൾ തൃപ്തരാകണം. എപ്പോഴും കൂടുതൽ ഉള്ളവരും കുറവ് ഉള്ളവരും ഉണ്ട് എന്ന കാര്യം ഓർക്കുവിൻ. എല്ലാ കാര്യത്തിലും ദൈവത്തെ സ്തുതിക്കുവിൻ. അപ്പോൾ സ്വർഗ്ഗത്താൽ നിങ്ങൾ പരിചരിക്കപ്പെടും. ഭൗതീക കാര്യങ്ങളെപ്പറ്റി നിങ്ങൾ ആകുലപ്പെടുമ്പോൾ, ഇന്ന് നിങ്ങൾക്കുള്ള പലതും ഇല്ലായിരുന്നെങ്കിൽ എന്തു സംഭവിക്കുമായിരുന്നു എന്ന് ആലോചിക്കുവിൻ. നിങ്ങൾ പട്ടിണി കിടക്കുമോ? ജീവൻ നിലനിർത്താൻ

നിങ്ങളുടെ ശരീരത്തിന് എന്താണ് ആവശ്യമായിട്ടുള്ളത് എന്ന് അല്പസമയം ചിന്തിക്കുക. ഇവയെല്ലാം നിങ്ങൾക്ക് നൽകപ്പെട്ടിരുന്നതായി നിങ്ങൾ കാണും എന്ന് ഞാൻ കരുതുന്നു. ഇന്ന് നിങ്ങൾക്ക് ഉള്ളതത്രയും ഇല്ലാത്ത ഒരു സമയം വരാം. അപ്പോൾ നിങ്ങൾ ആദ്യം പറഞ്ഞ പരാതിയോട് എങ്ങനെ പ്രതികരിക്കും? ഞാൻ പറയാൻ ശ്രമിക്കുന്നത് എന്താണെന്ന് നിങ്ങൾക്ക് മനസ്സിലാകുന്നുണ്ടോ? കൂടുതലായി ആഗ്രഹിക്കരുത്. മറിച്ച് നമ്മുടെ ഇല്ലായ്മയിൽ കൂടുതൽ സന്തോഷിക്കുവാൻ ആഗ്രഹിക്കുക. നിങ്ങൾ ഇതുപോലെ പ്രാർത്ഥിക്കുവിൻ. അപ്പോൾ നിങ്ങളെ തന്നെ വലയം ചെയ്തിരിക്കുന്ന എല്ലാ കാര്യങ്ങളും നിങ്ങൾക്ക് ആവശ്യമില്ലാത്തതാണ് എന്ന് കാണിച്ച് തന്ന് ദൈവം നിന്നെ സഹായിക്കും. ഇതെല്ലാം നിങ്ങളുട ശ്രദ്ധ തിരിച്ചു വിടുന്ന കാര്യങ്ങളാണ്. നിങ്ങളെക്കാൾ കുറവുള്ള കുടുംബങ്ങളെക്കാൾ സന്തോഷം നിങ്ങളുടെ കുടുംബങ്ങളിലും ഇല്ല. ഇത് ഞാൻ അനുഭവത്തിൽ നിന്ന് പറയുകയാണ്. ഞങ്ങൾക്ക് കുറച്ചു മാത്രമേ ഉണ്ടായിരുന്നുള്ളു. എങ്കിലും ഞങ്ങൾ ഈ ഭൂമിയിൽ വളരെ സന്തോഷമുള്ളവരായിരുന്നു. എപ്പോഴും സ്വർഗ്ഗീയമായ കാഴ്ചപ്പാട് സൂക്ഷിക്കുക. അപ്പോൾ നിങ്ങൾക്ക് കൂടുതൽ വേണമെന്ന് തോന്നുകയില്ല.

## ജൂൺ 19, 2004
# വി. യൗസേപ്പിതാവ് പിതാക്കന്മാരോട് സംസാരിക്കുന്നു

ദൈവത്തെ സേവിക്കാനായി നിയോഗിക്കപ്പെട്ട പ്രിയ മനുഷ്യരെ, നിങ്ങളുടെ ആദ്യത്തെ കടമ കുടുംബത്തോടാണുള്ളത് എന്ന് ദയവായി പരിഗണിക്കുക. തീർച്ചയായും നിന്റെ ഭാര്യയെയും കുഞ്ഞുങ്ങളെയും സംരക്ഷിക്കുക എന്നത് നിങ്ങളുടെ വിശുദ്ധമായ കടമയാണ്. ഇതിന് മുൻഗണന കൊടുക്കാൻ സ്വർഗ്ഗം മുഴുവൻ നിങ്ങളെ സഹായിക്കും. ദൈവത്തിന്റെ സ്നേഹം നിന്നിലൂടെ നിന്റെ ഭവനത്തിലേയ്ക്ക് ഒഴുകുകയും അങ്ങനെ അവിടുന്ന് നിന്നിലൂടെ നിന്റെ കുടുംബത്തിന്റെ നാഥൻ ആയിരിക്കുകയും ചെയ്യും. ഇത് സംഭവിക്കാൻ നിനക്ക് ആഗ്രഹമുണ്ടോ? നിന്റെ ഭവനത്തിലേയ്ക്കും കുടുംബത്തിലേയ്ക്കും സൂക്ഷ്മമായി നോക്കി ഇതിനകം ഈ വഴിയാണോ എന്ന് നിർണ്ണയിക്കുക. അങ്ങനെയാണെങ്കിൽ എല്ലാം നന്നായിരിക്കുകയും നമുക്ക് വീണ്ടും തുടരുകയും പ്രയാസമുള്ള സമയങ്ങളിൽ സ്വർഗ്ഗം നിന്നോട് ചേർന്ന് പ്രവർത്തിച്ച് നിന്റെ കുടുംബത്തെ നയിക്കുകയും ചെയ്യും. മറിച്ചാണെങ്കിൽ, നിന്റെ ജീവിതത്തിൽ ഇനിയും പ്രവർത്തിക്കേണ്ടത് ആവശ്യമാണെന്ന് മനസ്സിലാക്കുവിൻ. ഇന്നത്തെ ലോകത്ത് പല മനുഷ്യർക്കും വളരെ കുറച്ച് ജോലി മാത്രമേ ചെയ്യാനുള്ളു. അതുകൊണ്ട് നിങ്ങളുടെ ജീവിതത്തിൽ നിന്ന് മാറ്റപ്പെടേണ്ടതായി എന്തെങ്കിലും നിങ്ങൾ കാണുകയാണെങ്കിൽ നിരുത്സാഹപ്പെടുത്തരുത്. ധൈര്യത്തോടും ദൃഢനിശ്ചയത്തോടും കൂടി ആയിരിക്കുക. അപ്പോൾ നിങ്ങൾക്കുവേണ്ടിയുള്ള ദൈവത്തിന്റെ ഹിതം മനസ്സിലാക്കുവാൻ നിങ്ങൾക്ക് സാധിക്കും. പ്രിയ മനുഷ്യാ,

ഈ സമയം സേവനം ചെയ്യുവാനായി ദൈവത്താൽ സൃഷ്ടിക്കപ്പെട്ടതാണ് നീ. അതിനാൽ ദൈവത്തിന് നിന്റെ സേവനം ആവശ്യമാണ്. തന്റെ എല്ലാ മക്കളെയും അവിടുന്ന് ഇപ്പോൾ വിളിക്കുകയും സ്വർഗ്ഗീയ ആഗ്രഹങ്ങളുടെ താല്പര്യങ്ങൾക്കായി ലൗകീകമായ അഭിലാഷങ്ങൾ മാറ്റി വയ്ക്കുവാനായി ആത്മാക്കളോട് ആവശ്യപ്പെടുകയും ചെയ്യുന്നു. സ്വർഗ്ഗത്തിലേയ്ക്കുള്ള ഏറ്റവും നേരായ വഴിയിലൂടെ വരിക. ദയവായി വീണ്ടും ഒരിക്കലും ഈ പാത ഉപേക്ഷിക്കുകയും അരുത്. നീ വേല ചെയ്തു എന്നതിനാൽ വളരെ ചുരുങ്ങിയ സമയത്തിനുള്ളിൽ നീ സന്തുഷ്ടനായിരിക്കും. എന്റെ പ്രിയ കൂട്ടുകാരാ, ഈ സമയം സാധാരണ കാലഘട്ടം പോലെയല്ല. ഇത് അസാധാരണമായ സമയമാണ്. അതുപോലെ ദൈവത്തിന്റെ വേലക്കാർക്ക് ഏറ്റവുമധികം സ്വർഗ്ഗീയ സഹായവും ലഭ്യമാണ്. ഇതിനെക്കുറിച്ച് നിങ്ങൾ ആകുലരാകേണ്ട. നന്ദിയുള്ളവരായിരിക്കുവിൻ. ഈശോ സർവ്വ നന്മയും ഉള്ളവനാണ്. അവന് നിങ്ങളോടുള്ള കരുണയുടെയും സ്നേഹത്തിന്റെയും ആഴം നിങ്ങൾ അറിഞ്ഞിരുന്നുവെങ്കിൽ വാക്കുകളുടെ ആവശ്യമേ വരില്ലായിരുന്നു. പക്ഷേ ലോകത്തിലെ ആത്മാക്കൾക്ക് തങ്ങളുടെ ശ്രദ്ധ വ്യതിചലിക്കപ്പെടുകയും പാപത്തിന്റെ അന്ധകാരത്താൽ സ്വർഗ്ഗത്തിലേയ്ക്കുള്ള ദൃശ്യം തുടച്ചുമാറ്റപ്പെടുകയും ചെയ്തിരിക്കുന്നു. ഭൂമിയിൽ അല്പം പോലും സന്തോഷമില്ലാതെ അനേകം ആത്മാക്കൾ നിരാശരായി അലയുകയാണ്. നിങ്ങൾ അങ്ങനെ ചെയ്യരുത്. നിങ്ങൾ ദൈവരാജ്യത്തിലെ ഒരു ശിശുവാണ്. സന്തോഷത്തോടെ വേണം നടക്കാൻ. സന്തോഷത്തിലേയ്ക്കുള്ള പാത ഞാൻ നിങ്ങൾക്ക് കാണിച്ചുതരാം. ദൈവമനുഷ്യൻ എന്ന നിലയിലുള്ള ഏറ്റവും വലിയ അന്തസ്സ് നിനക്ക് അവകാശമായുണ്ട്. ആ അന്തസ്സ് വരുന്നത് ഈശോയുമായി

ചേർന്നുകൊണ്ട് പ്രയോജനപരമായ ഒരു ജീവിതം നയിക്കുമ്പോഴാണ്. അവിടുത്തെ ഹിതം നീ അന്വേഷിക്കുമ്പോൾ നിന്റെ കുടുംബത്തെക്കാൾ അപ്പുറത്തേയ്ക്ക് ഒന്നും നോക്കേണ്ട. അപ്പോൾ നിന്റെ രക്ഷയുടെ പാത നീ കണ്ടെത്തും. അന്ധകാരത്തിനെതിരായി യുദ്ധം ചെയ്യുന്ന സൈന്യത്തിലേയ്ക്ക് നിങ്ങൾ ചേരുവിൻ. നമ്മുടെ രാജാവിനോട് നാം ധീരതയും വിശ്വസ്തതയും ഉള്ളവരാണ്. നമ്മുടെ രാജാവായ യേശുക്രിസ്തു ഈ യുദ്ധത്തിൽ നമുക്ക് ആവശ്യമായതെല്ലാം തരും. അവിടുത്തേയ്ക്ക് നിന്നെക്കുറിച്ച് ഒരു പ്രത്യേക ദൗത്യം ഉണ്ട്. എന്നാൽ നീ നിശ്ശബ്ദതയിൽ ഇരുന്നുകൊണ്ട് അത് നിനക്ക് വെളിപ്പെടുത്തി തരാൻ അവനോട് ആവശ്യപ്പെടണം. ജോസഫ് ആയ ഞാൻ, രക്ഷകനോട് വളരെ അടുത്താണിരിക്കുന്നത്. നിങ്ങളുടെ ജീവിതത്തിലെ പാപം ഉന്മൂലനം ചെയ്യുവാനും നിങ്ങളുടെ സ്വർഗ്ഗീയ കടമയെ അതിന്റെ ന്യായമായ വിശുദ്ധിയുടെ നിലയിലേക്ക് പുനഃസ്ഥാപിച്ച് നിങ്ങളെ സഹായിക്കുവാൻ ഞാൻ നിങ്ങൾക്ക് വേണ്ടി മാദ്ധ്യസ്ഥം വഹിക്കാം. സകലതിലും സമാധാനത്തോടെ ആയിരിക്കുവിൻ. എന്നാൽ ദൈവത്തോട് “അതെ” എന്ന് ഉത്തരം പറയാൻ മടിക്കരുത്.

# ഭാഗം മൂന്ന്

# ഈശോ കുട്ടികളോട് സംസാരിക്കുന്നു

## ആഗസ്റ്റ് 2, 2004
## വി. യൗസേപ്പിതാവ് പിതാക്കന്മാരോട് സംസാരിക്കുന്നു

പാപം മനഃപൂർവ്വമായ ഒരു തെറ്റാണ് എന്ന് എന്റെ സേവകർ ഓർക്കണം. അതിനെ ഒരു സ്ഫടികം താഴെ വീഴുന്നതുപോലെ മനഃപൂർവ്വമല്ലാത്ത ഒരു തെറ്റുമായി കൂട്ടിക്കലർത്തരുത്. കൊച്ചുകുട്ടികൾ, പലപ്പോഴും തങ്ങളുടെ ഉൾപ്രേരണകളെ അനുസരിക്കുകയും അതുവഴി, മറ്റൊരാളെ അടിക്കുക എന്നിങ്ങനെ കുഞ്ഞുപാപങ്ങൾ ചെയ്യും. ഇത്തരം പ്രവൃത്തികളെ, നമ്മുടെ പരിശുദ്ധ അമ്മയായ മറിയത്തോടൊപ്പം ഞാൻ പരാമർശിക്കുന്നത് തെറ്റുകളായാണ്. കുട്ടികളുടെ പ്രവൃത്തികളെപ്പറ്റി പറയുമ്പോഴാണ് ഇത് സ്വീകാര്യമാകുന്നത്. മുതിർന്ന കുട്ടികളോ, പ്രായമായവരോ ചെയ്യുന്ന മനഃപൂർവ്വമായ

## കുട്ടികൾക്കുവേണ്ടിയുള്ള പ്രാർത്ഥനകൾ

- ഈശോ അവരോട് ക്ഷമിക്കേണമേ.
- അമ്മേ മാതാവേ, നല്ലതാകാൻ എന്നെ സഹാ യിക്കേണമേ.
- സ്വർഗ്ഗസ്ഥനായ ദൈവമേ, അങ്ങാണ് എല്ലാ റ്റിന്റെയും സൃഷ്ടാവ്. ദയവായി അങ്ങയുടെ കൃപകൾ ഞങ്ങളുടെ ഭൂമിയുടെ മേൽ അയയ്ക്കേണമെ.
- ഈശോ ഞാൻ അങ്ങയെ സ്നേഹിക്കുന്നു.
- ഈശോ എന്റെ ദിവസത്തെ ഞാൻ അങ്ങേയ്ക്കു സമർപ്പിക്കുന്നു.

# ജൂൺ 21, 2004
# ഈശോ കുട്ടികളോട് സംസാരിക്കുന്നു

ലോകത്തിലെ പ്രിയ മക്കളേ, എത്രമാത്രം ഞാൻ നിങ്ങളെ സ്നേഹിക്കുന്നു. പിതാവായ ദൈവത്താലാണ് നിങ്ങൾ സൃഷ്ടിക്കപ്പെട്ടത്. അവിടുന്ന് നിങ്ങൾ ഓരോരുത്തരെയും വളരെ കരുതലോടെയാണ് സൃഷ്ടിച്ചത്. തീർച്ചയായും സ്വർഗ്ഗത്തിന്റെ കണ്ണുകളിൽ നിങ്ങൾ പൂർണ്ണരാണ്. ഞാൻ ഈശോയാണ്. സ്വർഗ്ഗത്തിൽ പിതാവിനോടൊപ്പമാണ് ഞാൻ. ഞാൻ ദൈവമായത് കൊണ്ടും ദൈവത്തിൽ നിന്ന് വരുന്നതുകൊണ്ടും എനിക്ക് എന്തും ചെയ്യാം. ഞാൻ ശക്തനാണ്.

പ്രിയ കുഞ്ഞുങ്ങളെ, എന്നാൽ അത് പ്രദർശിപ്പിക്കുന്നത് എനിക്കിഷ്ടമല്ല. അതുകൊണ്ട് എന്റെ ശക്തികൾ ഞാൻ നിസ്സാരകാര്യങ്ങൾക്കായി ഉപയോഗിക്കാറില്ല. എന്റെ ശക്തി, പ്രാധാന്യമുള്ള രീതിയിൽ മനുഷ്യരെ സഹായിക്കാനാണ് ഞാൻ ഉപയോഗിക്കുന്നത്. എന്റെ ശക്തി ഉപയോഗിക്കുന്ന ഒരു രീതി, ദുഃഖിക്കുകയും ആകുലപ്പെടുകയും ചെയ്യുന്ന ആൾക്കാരെ സന്തോഷിപ്പിക്കുക എന്നതാണ്. നിങ്ങൾ ദുഃഖിതരോ ആകുലരോ ആണോ? അങ്ങനെയെങ്കിൽ നിങ്ങൾ എന്റെ അടുത്ത് വരുവിൻ. ഞാൻ നിങ്ങളെ വീണ്ടും സന്തോഷമുള്ളവരാക്കാം. എങ്ങനെയാണ് എന്റെ അടുത്ത് വരേണ്ടത് എന്ന് നിങ്ങൾ അറിഞ്ഞിരിക്കേണ്ടത് പ്രധാനപ്പെട്ട കാര്യമായതിനാൽ അത് ഞാൻ നിങ്ങളോട് പറയാൻ പോവുകയാണ്. ഈശോ ആയ എന്റെ അടുത്തേക്ക് വരുവാനും നിങ്ങളുടെ പ്രശ്നങ്ങൾ പറയുവാനുമായി ആഗ്രഹിക്കുമ്പോൾ നിങ്ങൾ പ്രാർത്ഥിക്കണം. പ്രാർത്ഥിക്കാനായി പല രീതികളുണ്ട്. അതെല്ലാം പരിപൂർണ്ണവുമാണ് താ

നും. കണ്ണുകളടച്ച് നിശ്ശബ്ദമായി മനസ്സിൽ എന്നോടു സംസാരിക്കുമ്പോൾ ഞാൻ എങ്ങനെ കേൾക്കും എന്ന് നിങ്ങൾ അതിശയിക്കുന്നുണ്ടായിരിക്കും. പ്രിയപ്പെട്ട എന്റെ കുഞ്ഞുപൈതലേ, ഇത് എന്റെ മായാജാല ത്തിന്റെ ഒരു ഭാഗമാണ്. നിങ്ങൾ എന്നോട്, ഈശോ യോട്, നിങ്ങളുടെ ഏറ്റവും പ്രിയപ്പെട്ട കൂട്ടുകാരനോട് സംസാരിക്കാൻ ആഗ്രഹിക്കുമ്പോൾ ഏതു സമയവും ഏതു സ്ഥലത്തും വച്ച് നിങ്ങൾക്ക് എന്നോടു സംസാരി ക്കാം. ഞാൻ നിങ്ങളെ കേൾക്കും. നിങ്ങളുടെ ആകുല തകളും ബുദ്ധിമുട്ടുകളും ഞാൻ ശ്രദ്ധയോടെ കേൾക്കു കയും നിങ്ങളെ സഹായിക്കുകയും ചെയ്യും. നിങ്ങൾ എന്നെ കാണുകയില്ല. എന്നാൽ ഞാൻ അവിടെ ഉണ്ടായിരിക്കും. അതെ, നിങ്ങളോട് ഞാൻ പറഞ്ഞതു പോലെ ഞാൻ സ്വർഗ്ഗത്തിലാണ്. എന്നാൽ അത് കൂടാതെ ഈ ഭൂമിയിൽ എല്ലായിടത്തും ഞാൻ ഉണ്ട്, നിങ്ങൾ എവിടെയായിരുന്നാലും ഞാനും ഉണ്ടാകും. അതുകൊണ്ട്, നിങ്ങൾ ഭക്ഷണം കഴിക്കുകയാണെങ്കിൽ ഞാൻ അവിടെയുണ്ട്. രാത്രിയിൽ നിങ്ങൾ ഉറങ്ങാൻ പോകുമ്പോഴും ഞാൻ നിങ്ങളുടെ കൂടെയുണ്ട്. ഞാൻ ഇല്ലാത്ത ഒരു സ്ഥലത്തായിരിക്കുവാൻ നിങ്ങൾക്ക് ഒരിക്കലും കഴിയില്ല. ഞാൻ നിങ്ങളുടെ അദൃശ്യനായ കൂട്ടുകാരനാണ്. ഞാൻ നിങ്ങളുടെ അടുത്തുനിന്നും ഒരി ക്കലും പോവുകയുമില്ല. അതുകൊണ്ട് നിങ്ങളെ ആകു ലപ്പെടുത്തുന്ന എല്ലാ കാര്യങ്ങളും എന്നോട് പറയുവിൻ. കാരണം, ഞാൻ നിങ്ങളെ സ്നേഹിക്കുകയും അതെ നിക്ക് അറിയുകയും വേണം. നിങ്ങളുടെ അനേകം പ്ര ശ്നങ്ങളിൽ എനിക്ക് നിങ്ങളെ സഹായിക്കാൻ സാധി ക്കും. ഞാൻ നിങ്ങളുടെ കൂടെയുണ്ട് എന്ന് നിങ്ങൾ മനസ്സിലാക്കും. കാരണം നിങ്ങൾ എന്നോട് സംസാ രിച്ച് കഴിയുമ്പോൾ അല്പം ഭേദം അനുഭവപ്പെടും. അതാണ് എന്റെ മായാജാലം. നിങ്ങൾ എല്ലാ കാര്യ

ത്തിലും എന്നിൽ വിശ്വസിക്കണം. കാരണം ഞാൻ നിങ്ങളെ വളരെയധികം സ്നേഹിക്കുന്നു നിങ്ങൾ പരിപൂർണ്ണരാണെന്ന് ഞാൻ കരുതുന്നു. ഞാൻ നിങ്ങളോട് എന്നെക്കുറിച്ച് പറയാൻ പോകുകയാണ്. അപ്പോൾ നിങ്ങൾക്ക് അറിയാൻ സാധിക്കും. വളരെ ശക്തനും അദൃശ്യനുമായ ഒരു സുഹൃത്ത് നിങ്ങൾക്കുണ്ടെന്ന്.

## ജൂൺ 22, 2004
## ഈശോ കുട്ടികളോട് സംസാരിക്കുന്നു

ലോകത്തിലെ പ്രിയപ്പെട്ട കുഞ്ഞുങ്ങളെ, ഞാൻ നിങ്ങളോട് കൂടെയുണ്ട്. എല്ലായിടത്തും ഞാൻ നിങ്ങളുടെ കൂടെയുണ്ട്. ഭയപ്പെടേണ്ട, കാരണം ഞാൻ സർവ്വശക്തനും നിങ്ങളുടെ സുഹൃത്തുമാണ്. ഈ ലോകജീവിതം അവസാനിക്കുമ്പോൾ നിങ്ങൾ എന്റെ ഭവനത്തിൽ വരും എന്ന് മനസ്സിലാക്കുവിൻ. എന്റെ ആ ഭവനം സ്വർഗ്ഗത്തിലാണ്. നിങ്ങൾക്ക് താമസിക്കുവാൻ സുന്ദരമായ ഒരു സ്ഥലം ഞാൻ ഒരുക്കിവച്ചിട്ടുണ്ട്. അവിടെ ഈ ഭൂമിയിൽ നിങ്ങൾ സ്നേഹിച്ചിരുന്ന എല്ലാവരോടുമൊപ്പം നിങ്ങൾ വളരെ സന്തോഷമുള്ളവരായിരിക്കും. നിങ്ങൾക്ക് സങ്കല്പിക്കാൻ കഴിയുന്നതിൽ വച്ച് ഏറ്റവും നല്ല സ്ഥലമാണ് സ്വർഗ്ഗം. നിങ്ങൾക്ക് കളിക്കാൻ അവിടെ മനോഹരമായ നദികളും തടാകങ്ങളുമുണ്ട്. സ്വർഗ്ഗത്തിൽ നിങ്ങൾക്ക് ഒരിക്കലും വിശക്കുകയോ നിങ്ങൾ ഭയപ്പെടുകയോ ഇല്ല. കാരണം അവിടെ ഒരു തിന്മയുമില്ല. സ്വർഗ്ഗത്തിൽ ആർക്കും നിങ്ങളെ വേദനിപ്പിക്കാൻ സാധിക്കുകയില്ല. ഇവിടെ നിങ്ങൾക്ക് അനേകം സുഹൃത്തുക്കളുണ്ടാകും. ഒരിക്കലും നിങ്ങൾ രോഗി ആകില്ല. സ്വർഗ്ഗം ഉത്തമമായ സ്ഥലമാണ്. അവിടെ എന്റെ സുഹൃത്തുക്കളാൽ നിറഞ്ഞിരിക്കുന്നു. കാരണം ഞാൻ ഈശോയും ദൈവവുമാണ്. നിങ്ങൾക്ക് സ്വർഗ്ഗത്തിൽ വരാൻ ആഗ്രഹമുണ്ടോ? എന്റെ പ്രിയപ്പെട്ട കുഞ്ഞേ ഇവിടേയ്ക്ക് നിനക്ക് സ്വാഗതം. കാരണം ഞാൻ നിന്നെ സ്നേഹിക്കുന്നു. ഞാൻ നിനക്കുവേണ്ടി കാത്തിരിക്കും. ഭൂമിയിലെ നിന്റെ ജീവിതം അവസാനിക്കുമ്പോൾ ഞാൻ നിന്നെ സ്വർഗ്ഗത്തിലേയ്ക്ക് കൊണ്ടുപോകും. എത്ര സന്തോഷമുള്ള

ദിവസമായിരിക്കും അത്. നിങ്ങൾ സന്തോഷമുള്ളവ രായിരിക്കും. കാരണം നിങ്ങൾ വരുന്നത് വിസ്മയകര മായ ഈ സ്ഥലത്തേയ്ക്കാണ്. ഞാനും സന്തോഷവാ നായിരിക്കും. കാരണം, എന്നെന്നേയ്ക്കുമായി ഞാൻ നിന്നോടു കൂടെയുണ്ടായിരിക്കും. സ്വർഗ്ഗത്തിലുള്ള എല്ലാവർക്കും സന്തോഷമായിരിക്കും. കാരണം ഇപ്പോൾ തന്നെ അവർ നിങ്ങളെ സ്നേഹിക്കുകയും ഇവിടെ നിങ്ങൾ വന്ന് അവരോടുകൂടെ ചേരുന്നതിനായി കാത്തി രിക്കുകയും ചെയ്യുന്നു. അവർക്ക് നിങ്ങളോട് ഒത്തിരി കാര്യങ്ങൾ കാണിക്കാനും പറയാനുമുണ്ട്. കുഞ്ഞു പൈതലേ, സ്വർഗ്ഗത്തിൽ നിനക്ക് വളരെ രസമായിരി ക്കും. ചിലപ്പോൾ ഭൂമിയിൽ നിങ്ങൾ വിഷമിക്കുകയോ ഭയപ്പെടുകയോ ചെയ്യുമ്പോൾ നീ പറയും. "ഈശോയെ ഇപ്പോൾ വന്നെന്നെ സ്വർഗ്ഗത്തിലേയ്ക്ക് കൊണ്ടു പോകണമെ" എന്ന്. പക്ഷേ എന്റെ ഹൃദയത്തിലെ പ്രിയ കുഞ്ഞേ, സമയമാകാതെ എനിക്ക് അതു ചെയ്യാൻ സാധിക്കുകയില്ല. ആദ്യം ഭൂമിയിലെ നിന്റെ സമയം പൂർത്തിയാക്കണം. നിന്റെ ജീവിതം അവസാനിക്കുന്നത് എപ്പോഴാണ് എന്ന് അറിയാവുന്ന ആൾ ഞാൻ മാത്ര മാണ്. എന്റെ ജോലിയാണ് നിനക്കു വേണ്ടി വരിക എന്നത്. എന്നിരുന്നാലും നീ വിഷമിക്കണ്ടോ. കാരണം, നിന്റെ ജോലി അവസാനിക്കുന്ന ആ നിമിഷം ഞാൻ നിനക്കുവേണ്ടി വരും. നോക്കൂ, ഇവിടെ സ്വർഗ്ഗത്തിൽ എന്നോടൊപ്പമായിരിക്കുന്ന എന്റെ സുഹൃത്തുക്കൾ, അവർ ഭൂമിയിലായിരുന്നപ്പോൾ, എന്നെ സഹായിച്ചിരു ന്നു. ഞാൻ നിങ്ങളുടെ ഈശോയാണ്. ഇപ്പോൾ എന്റെ എല്ലാ സുഹൃത്തുക്കളിൽ നിന്നും എനിക്ക് സഹായം ആവശ്യമാണ്. നിങ്ങളുടെ ജോലിയെപ്പറ്റി ഉടനെ ഞാൻ നിങ്ങളോടു പറയും. അപ്പോൾ നിങ്ങൾക്കും എന്നെ എങ്ങനെ സഹായിക്കാനാവും എന്ന് അറിയാൻ സാധിക്കും.

## ജൂൺ 23, 2004

# ഈശോ കുട്ടികളോട് സംസാരിക്കുന്നു

ഞാൻ നിങ്ങളോട് സ്വർഗ്ഗത്തെക്കുറിച്ച് പറഞ്ഞു. നിങ്ങൾക്ക് ഇവിടെ സന്തോഷമായിരിക്കും. യഥാർത്ഥ ത്തിൽ ഇതാണ് നിങ്ങളുടെ ഭവനം. ഇനി നിങ്ങൾക്ക് എന്നെ എങ്ങനെ സഹായിക്കാം എന്ന് ഇപ്പോൾ ഞാൻ പറയാൻ ആഗ്രഹിക്കുന്നു. ഞാൻ ഒരു കുടുംബത്തിന്റെ ഭാഗമാണ്. അതുപോലെ തന്നെയാണ് നിങ്ങളും. നാം ഒരേ കുടുംബത്തിന്റെ ഭാഗമാണ്. നിങ്ങൾക്കു ഭൂമിയിലു ള്ളതിനേക്കാൾ വലിയ കുടുംബമാണത്. ഈ വലിയ കുടുംബത്തിൽ എല്ലാ മനുഷ്യരും ഉൾപ്പെടുന്നു. ഭൂമി യിലെ ജീവിതം അവസാനിച്ചു കഴിയുമ്പോൾ എല്ലാ വരും സ്വർഗ്ഗമാകുന്ന ഭവനത്തിൽ എത്തിച്ചേരണം എന്ന് ഞാൻ ആഗ്രഹിക്കുന്നു. പക്ഷേ ചിലർക്ക് സഹായം ആവശ്യമായി വരുന്നു. കാരണം, അവർ നല്ലവരാകാൻ കഠിനമായി പരിശ്രമിക്കുന്നില്ല. നിങ്ങൾ നന്മയിലായിരി ക്കുവാൻ ശ്രമിക്കുന്നുവോ? നിങ്ങളുടെ സഹായം ആവ ശ്യമുള്ള ആദ്യത്തെ വഴിയാണിത്. നിങ്ങളുടെ ഈശോ ആയ ഞാൻ, നിങ്ങൾ നല്ലവരാകാൻ ശ്രമിക്കുന്നതി നായി നിങ്ങളോട് ആവശ്യപ്പെടുന്നു. നിങ്ങൾ നല്ലതാ കാൻ ശ്രമിക്കുമ്പോൾ, എനിക്ക് ഒരു സമ്മാനം തരുന്നത് പോലെയാണ്. നിങ്ങളുടെ ഈശോയ്ക്ക് ഒരു സമ്മാനം കൊടുക്കുവാൻ നിങ്ങൾ ആഗ്രഹിക്കുന്നുവോ? നല്ല ആൺകുട്ടി അല്ലെങ്കിൽ പെൺകുട്ടിയാകാൻ നിങ്ങളാ കുംവിധം ചെയ്താൽ മാത്രം മതി. അപ്പോൾ നിങ്ങൾ എന്നെ വളരെയധികം സന്തോഷിപ്പിക്കും. നിങ്ങളുടെ സമ്മാനത്തെ, തെറ്റുകൾ ചെയ്യുന്ന മറ്റൊരാൾക്കുള്ള മാപ്പ് ആയി മാറ്റി എനിക്ക് ഉപയോഗിക്കാൻ സാധി

ക്കും. നിങ്ങളും ചിലപ്പോൾ തെറ്റ് ചെയ്യാം. അങ്ങനെ നല്ലത് ചെയ്യുക എന്നത് ബുദ്ധിമുട്ടുള്ള കാര്യമാണെന്ന് നിങ്ങൾ മനസ്സിലാക്കും. എന്നാൽ നീ ചെയ്ത എല്ലാ തെറ്റുകളും ഞാൻ ക്ഷമിച്ചിരിക്കുന്നു. നീ എന്നേയ്ക്കും ഇനി ചെയ്യുന്ന തെറ്റുകളും ഞാൻ നിന്നോടു ക്ഷമിക്കും. എല്ലാവർക്കും അവരുടെ തെറ്റുകൾക്ക് ക്ഷമ കൊടുക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. പക്ഷേ ചിലർക്ക് തെറ്റു പറ്റിപ്പോയി എന്നു പറയാൻ ആഗ്രഹമില്ല. നോക്കൂ, എന്റെ കുഞ്ഞു കൂട്ടുകാരാ, ഒരു ആത്മാവ് സ്വർഗ്ഗത്തിലേയ്ക്ക് വരുവാനായി ആകെ ചെയ്യേണ്ടത് നല്ലതായിരിക്കാൻ ശ്രമിക്കുകയും തെറ്റ് ചെയ്യുമ്പോൾ ക്ഷമ ചോദിക്കുകയുമാണ് വേണ്ടത്. പല ഘോരപാപങ്ങൾ അവർ ചെയ്താലും ഞാൻ അവരോട് ക്ഷമിക്കും. പക്ഷേ നിങ്ങൾ ഒരാളെ വേദനിപ്പിച്ചാൽ മാപ്പ് പറയുന്നതുപോലെ അവരും എന്നോട് ക്ഷമ ചോദിക്കണം. ഭൂമിയിൽ ആയിരിക്കുമ്പോൾ നിങ്ങൾ നല്ലതായിരിക്കാൻ ശ്രമിക്കുന്നത്, നിങ്ങളുടെ സ്വർഗ്ഗീയ ഭവനത്തിനു വേണ്ടി ജോലി ചെയ്യുന്നത് പോലെയാണ്. നിങ്ങൾക്ക് എന്നെ സഹായിക്കാവുന്ന മറ്റൊരു മാർഗ്ഗത്തെക്കുറിച്ച് ഇപ്പോൾ ഞാൻ നിങ്ങളോട് പറയാം. നിങ്ങൾ എപ്പോഴും "ഈശോയെ ഇവരോട് ക്ഷമിക്കണമേ" എന്ന് പറയണം. ഉറക്കെ പറയാൻ നിങ്ങൾക്ക് ആഗ്രഹമില്ലെങ്കിൽ പറയണമെന്നില്ല. നിങ്ങളുടെ ഹൃദയത്തിൽ നിങ്ങൾ പറഞ്ഞാൽ മതി. കാരണം നിങ്ങൾ നിശ്ശബ്ദതയിൽ സംസാരിക്കുമ്പോൾ പോലും എനിക്ക് കേൾക്കാൻ സാധിക്കും എന്ന് ഞാൻ നിന്നോട് പറഞ്ഞത് ഓർക്കുക. "ഈശോയെ ഇവരോടു ക്ഷമിക്കണമേ" എന്ന് നിങ്ങൾ പറയുമ്പോൾ എനിക്ക് ഒത്തിരി ആളുകളെ രക്ഷിക്കാനും അങ്ങനെ അവരെ സ്വർഗ്ഗത്തിൽ കൊണ്ടുവരാനും സാധിക്കും. എനിക്ക് എല്ലാവരെയും സ്വർഗ്ഗത്തിൽ വേണം. അതുകൊണ്ട് ഇത് എന്നെ സഹായിക്കും. എനിക്ക് വേണ്ടി

നീ അതു ചെയ്യില്ലേ? നീ എന്റെ കൂട്ടുകാരനും ഞാൻ നിന്റെ കൂട്ടുകാരനുമാണ്. എന്നെ സഹായിക്കുന്നതിൽ ഞാൻ നിനക്ക് വലിയ പ്രതിഫലം നൽകുകയും നീ സ്വർഗ്ഗത്തിൽ വരുമ്പോൾ നിനക്ക് അനേകം സമ്മാന ങ്ങൾ നൽകുകയും ചെയ്യും. പ്രിയ കൂട്ടുകാരാ, നന്ദി. ഞാൻ നിന്റെ ഈശോയാണ്. ഞാൻ നിനക്ക് നന്ദി പ റയുന്നു.

## ജൂൺ 24, 2004

# ഈശോ കുട്ടികളോട് സംസാരിക്കുന്നു

ലോകത്തിലെ എന്റെ പ്രിയപ്പെട്ട കുഞ്ഞുങ്ങളെ, നിങ്ങളോട് സംസാരിക്കുന്നതിൽ ഞാൻ സന്തോഷവാനാണ്. നീ എനിക്ക് വളരെ വിലപ്പെട്ടതാണ്. നിന്നെക്കുറിച്ച് ദിവസം മുഴുവനും ഓരോ ദിവസവും ഞാൻ ചിന്തിച്ചുകൊണ്ടിരിക്കുന്നു. നീ അസന്തുഷ്ടനാകുമ്പോൾ ഞാൻ നിന്നെ ശ്രദ്ധിക്കും. അപ്പോൾ നീ എന്നോട് സംസാരിക്കുമെന്നും അങ്ങനെ എനിക്ക് നിന്നെ മെച്ചപ്പെടുത്താൻ സാധിക്കുമെന്നും ഞാൻ പ്രതീക്ഷിക്കുന്നു. നീ ആഗ്രഹിക്കുമ്പോഴെല്ലാം എന്നോടു സംസാരിക്കുവാനായി ഞാനെപ്പോഴും നിന്നോടു ചേർന്നിരിക്കുന്നു. ഞാൻ നിന്നോടു കൂടെയുണ്ട് എന്നതാണ് നീ ഓർക്കേണ്ട ഏറ്റവും പ്രധാനപ്പെട്ട കാര്യം. മറ്റ് രണ്ട് പ്രധാനപ്പെട്ട കര്യങ്ങൾ കൂടി നീ ഓർക്കേണ്ടതായുണ്ട്. ഒന്നാമതായി തെറ്റു ചെയ്യുമ്പോൾ പോലും ഞാൻ എല്ലാവരേയും സ്നേഹിക്കുന്നു. തെറ്റു ചെയ്യുമ്പോൾ ഞാൻ ആ വ്യക്തിയെ സ്നേഹിക്കുന്നത് നിർത്തും എന്ന് ഒരിക്കലും ചിന്തിക്കരുത്. അവരെ ഞാൻ വളരെയധികം സ്നേഹിക്കുന്നു. നീ തെറ്റു ചെയ്യുമ്പോൾ നിന്നെയും വളരെയധികം സ്നേഹിക്കുന്നു. രണ്ടാമതായി നിങ്ങൾ ഓർക്കേണ്ട കാര്യം, നീ ഒരു തെറ്റ് ചെയ്യുമ്പോൾ നിനക്ക് എന്നോട് സംസാരിക്കാം. എന്തെങ്കിലും തെറ്റ് നിങ്ങൾ ചെയ്താൽ എന്റെ അടുത്ത് വേഗം വരുവിൻ. നിങ്ങൾ എന്റെ അടുത്ത് വരുമ്പോൾ നിനക്ക് മെച്ചപ്പെട്ട അനുഭവം ഉണ്ടാക്കാൻ എനിക്ക് സാധിക്കും. ഉടൻ തന്നെ നിങ്ങളോട് ക്ഷമിക്കുകയും ചെയ്യും. അതിലൂടെ നിങ്ങളുടെ ഉള്ളിൽ വിഷമം തോന്നുകയില്ല. നിനക്ക്

മോശമായി തോന്നി എന്ന കാരണത്താൽ കൂടുതൽ തെറ്റുകളും ചെയ്യില്ല. മുതിർന്നവരിലും കുട്ടികളിലും ഇത് സംഭവിക്കാം. അതുകൊണ്ട് നിങ്ങൾ തെറ്റു ചെയ്യുമ്പോൾ പോലും നിങ്ങളുടെ ഈശോ നിങ്ങളെ എപ്പോഴും സ്നേഹിക്കുന്നു എന്ന് ഓർക്കുവിൻ. അതുപോലെ നീ ഒരു തെറ്റു ചെയ്യുമ്പോൾ അപ്പോൾ തന്നെ എന്നോടു സംസാരിക്കണം എന്നു കൂടി ഓർക്കുവിൻ. തെറ്റിനെക്കുറിച്ച് എന്നോടു പറയുകയും ക്ഷമ ചോദിക്കുകയും ചെയ്യുവിൻ. നോക്കൂ, എന്റെ സൗന്ദര്യമുള്ള കുഞ്ഞേ, എല്ലാ കാര്യത്തിലും എനിക്ക് നിന്നെ സഹായിക്കുവാൻ സാധിക്കും. നിങ്ങളെ സഹായിക്കാൻ എന്നോട് ആവശ്യപ്പെടുവിൻ. ഞാൻ അത് ചെയ്യും എന്ന് നിങ്ങൾക്ക് തീർച്ചപ്പെടുത്താം.

## ജൂൺ 25, 2004

# ഈശോ കുട്ടികളോട് സംസാരിക്കുന്നു

എന്റെ പ്രിയപ്പെട്ട കുഞ്ഞുങ്ങളെ, നിങ്ങൾ എന്നെ അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു. എനിക്ക് നിങ്ങളെ നന്നായി അറിയാം. എന്താണ് നിങ്ങളെ സന്തോഷിപ്പിക്കുന്നതെന്നും എന്താണ് നിങ്ങളെ ഭയപ്പെടുത്തുന്നതെന്നും എനിക്കറിയാം. ഞാൻ നിങ്ങളുടെ ഈശോയും നിങ്ങളുടെ ദൈവവുമാണ്. നിങ്ങൾ രാജാക്കന്മാരെക്കുറിച്ച് പല കഥകളും കേട്ടിരിക്കാം. ഞാനാണ് ഏറ്റവും വലിയ രാജാവ്. കാരണം, ഞാനാണ് എല്ലാ മനുഷ്യരുടെയും രാജാവ്. നിങ്ങൾ കേൾക്കുന്ന പല കഥകളും സാങ്കല്പിക രാജാക്കന്മാരെക്കുറിച്ചുള്ള കെട്ടുകഥകളാണ്. പ്രിയപ്പെട്ട കുഞ്ഞെ, ഞാൻ യഥാർത്ഥമാണ്. എന്റെ കഥ സത്യമായ കഥയാണ്. ഞാൻ പറയുന്ന എല്ലാ കാര്യങ്ങളും നിങ്ങൾക്ക് വിശ്വസിക്കുകയും ചെയ്യാം. സത്യമായും ഞാൻ നിങ്ങളോടൊപ്പമുണ്ട്. ഞാൻ നിങ്ങളെ ഒരിക്കലും പിരിയുകയില്ല. നിങ്ങളുടെ ജീവിതത്തിന്റെ അവസാനം സ്വർഗ്ഗത്തിലേയ്ക്ക് നിങ്ങളെ കൂട്ടിക്കൊണ്ട് വരുവാനായി ഞാൻ വരും. സന്തോഷമായിരിക്കുക കുഞ്ഞേ, വളരെ വാത്സല്യത്തോടെ നിന്റെ ഈശോ നിന്നെ സ്നേഹിക്കുന്നു. നിങ്ങളുടെ വിവിധ ഭാഗങ്ങളെക്കുറിച്ച് ഇന്ന് നിങ്ങളോട് പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. നിങ്ങൾക്ക് രണ്ട് ഭാഗങ്ങളുണ്ട്. നിങ്ങൾക്ക് ഒരു ശരീരവും ഒരു ആത്മാവും ഉണ്ട്. ശരീരത്തിൽ നിങ്ങൾ മരിക്കുമ്പോൾ, നിങ്ങളുടെ ആത്മാവിന് ജീവിക്കാനുള്ള സമയമാവുകയും അങ്ങനെ നിങ്ങളുടെ ആത്മാവ് സ്വർഗ്ഗത്തിൽ എന്റെ അടുത്തേക്ക് വരികയും ചെയ്യും. നിങ്ങളുടെ ജീവിതത്തിന്റെ അവസാനം ഞാൻ

വരുന്നത് നിങ്ങളുടെ ആത്മാവിനെ കൊണ്ടുപോകാനാണ്. ഭൂമിയിൽ ആയിരിക്കുന്ന സമയം നിങ്ങളുടെ ശരീരത്തിൽ ജീവിക്കുമ്പോൾ, ആത്മാവിന് ഭക്ഷണം കൊടുക്കുവാൻ നിങ്ങൾ എപ്പോഴും ഓർക്കണം. അങ്ങനെ അതു നല്ലതും ശക്തവും ആകും. കാരണം നല്ല ശക്തമായ ഒരു ആത്മാവ് നിങ്ങളെ നേരെ സ്വർഗ്ഗത്തിലേക്ക് കൊണ്ടുപോകും. എന്നോട് എപ്പോഴും സംസാരിക്കുവിൻ പ്രിയ കുഞ്ഞേ, എന്നോട് സംസാരിക്കുന്നതാണ് പ്രാർത്ഥന. പ്രാർത്ഥനയാണ് നിങ്ങളുടെ ആത്മാവിനെ ശക്തമായി വളരുവാൻ സഹായിക്കുന്നത്.

## ജൂൺ 26, 2004

# ഈശോ കുട്ടികളോട് സംസാരിക്കുന്നു

എന്റെ പ്രിയപ്പെട്ട കുഞ്ഞുങ്ങളെ, നിങ്ങൾ എന്നോട് ചേർന്നു നിൽക്കണം എന്നതാണ് എന്റെ ഏറ്റവും വലിയ ആഗ്രഹം. ഈശോ നിന്റെ കൂടെ ഇല്ല എന്നും ഈശോ നിന്നെ സ്നേഹിക്കുന്നില്ല എന്നും ചിന്തിച്ച് നീ ജീവിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല. എപ്പോഴും എന്നെ ഓർക്കുക. നിന്നെ ഞാൻ സ്നേഹിക്കുന്നു എന്ന് കൂടി ഓർക്കുക. പ്രിയ കുഞ്ഞേ ഞാൻ നിന്നെ സഹാ യിക്കാം. പലവിധത്തിൽ സഹായിക്കാം. ചിലപ്പോൾ എന്നെ സ്നേഹിക്കാത്ത ആളുകളോടൊപ്പമായിരക്കാം നിങ്ങൾ. അവർക്കുവേണ്ടി നിങ്ങൾ പ്രാർത്ഥിക്കണം. അവരെ സഹായിക്കുവാനായി എന്നോട് ആവശ്യ പ്പെടുക. ഞാൻ അത് ചെയ്തു തരും. നിങ്ങൾ എന്റെ സുഹൃത്താണെങ്കിൽ നിങ്ങൾക്ക് വളരെയധികം ശക്തി യുണ്ട്. കാരണം, മറ്റുള്ളവരെ സഹായിക്കുവാൻ നീ എന്നോട് ആവശ്യപ്പെടുന്ന കാലത്തോളം നിനക്കുവേ ണ്ടി കാര്യങ്ങൾ ചെയ്യുവാൻ എന്നോട് ആവശ്യപ്പെ ടാം. ഞാൻ അത് സാധിച്ചു തരുകയും ചെയ്യും. പ്രിയ കുഞ്ഞേ, എന്നിൽ വിശ്വസിക്കുവിൻ. വളരെ കുറച്ചുപേ ർ മാത്രമേ എന്നിൽ വിശ്വസിക്കുകയും സംസാരിക്കു കയും ചെയ്യുന്നുള്ളു എന്നത് എന്റെ വികാരങ്ങളെ വ്രണപ്പെടുത്തുന്നു. ചില ആളുകൾക്ക് എന്റെ കൂട്ടാ രാകുന്നതിനേക്കാൾ മറ്റനേകം കാര്യങ്ങൾ കാണും. നിങ്ങൾക്ക് കളിപ്പാട്ടങ്ങൾ ഇഷ്ടമാണെന്ന് എനിക്കറി യാം. എനിക്കും നിങ്ങൾക്ക് കളിപ്പാട്ടം കിട്ടുന്നതിൽ സന്തോഷമാണ്. കാരണം, നിങ്ങൾ കളിക്കുന്നത് നല്ല താണ്. എന്നാൽ നിങ്ങൾക്ക് ഒരുപാട് കളിപ്പാട്ടങ്ങൾ

ഉണ്ടാകാൻ ഞാൻ ആഗ്രഹിക്കുന്നില്ല. അതുപോലെ എല്ലാ കളിപ്പാട്ടവും നിങ്ങളുടേത് മാത്രമായി സൂക്ഷിച്ച് മറ്റാരെയും കളിക്കാൻ അനുവദിക്കാത്തതും എനിക്കിഷ്ടമില്ല. നിങ്ങളുടെ കളിപ്പാട്ടങ്ങൾ പങ്കുവയ്ക്കുമ്പോൾ എനിക്ക് സന്തോഷമാകും. നിങ്ങൾക്ക് ഒത്തിരി കളിപ്പാട്ടങ്ങൾ ഇല്ലെങ്കിൽ കുഞ്ഞു പൈതലേ, സന്തോഷിക്കുവിൻ. സ്വർഗ്ഗത്തിൽ നിനക്ക് വേണ്ടത്രയും ലഭിക്കും. നീ ആഗ്രഹിക്കുന്നതെല്ലാം നിനക്ക് സ്വർഗ്ഗത്തിൽ ലഭിക്കും. ഭൂമിയിൽ നിനക്ക് വളരെയധികം സാധനങ്ങൾ ഇല്ലെങ്കിൽ അത് പലപ്പോഴും നല്ലതാണ്. കാരണം അപ്പോൾ നിങ്ങൾ അത്യാഗ്രഹിയോ സ്വാർത്ഥനോ ആകാൻ പ്രലോഭിക്കപ്പെടുകയില്ല. ആളുകൾ തങ്ങൾക്ക് കൂടുതൽ സാധനങ്ങൾ ആഗ്രഹിക്കുകയും അതെല്ലാം അവർക്കായി മാത്രം മാറ്റി വയ്ക്കുകയും ചെയ്യുമ്പോൾ അവർ സ്വാർത്ഥരും അത്യാഗ്രഹികളും ആകും. നിങ്ങൾ ജീവിക്കുന്ന ലോകം ഞാനാണ് നല്കിയത്. മേഘങ്ങളും സൂര്യപ്രകാശവും വെള്ളവും മരങ്ങളും പുല്ലുകളും എല്ലാം ഞാൻ നിങ്ങൾക്ക് നല്കി. ഈ കാര്യങ്ങളെല്ലാം എന്നിൽ നിന്നു വരുന്നു. കാരണം ഞാനാണ് ഇവയെല്ലാം സൃഷ്ടിച്ചത്. സാധിക്കുമ്പോഴൊക്കെ എന്തെങ്കിലും കൊടുക്കാൻ ശ്രമിക്കണം. എന്തെങ്കിലും നിങ്ങൾ കൊടുക്കുവാൻ മാറ്റിവയ്ക്കുമ്പോൾ നീ എനിക്ക് തരുന്നതിനാൽ ഞാൻ നിനക്ക് അംഗീകാരം നല്കും. അതുപോലെ സ്വർഗ്ഗത്തിൽ എത്തുമ്പോൾ അതിലും കൂടുതലായി നിനക്ക് ഞാൻ തിരികെ നൽകും. എപ്പോഴും പങ്കുവയ്ക്കുവിൻ. അത് നിങ്ങൾക്ക് നല്ലതാണ്. അതുപോലെ എന്നെ അത് വളരെ സന്തോഷിപ്പിക്കുകയും ചെയ്യും. ഞാൻ നിങ്ങളെ പൂർണ്ണമായും സ്നേഹിക്കുകയും ചെയ്യും. ഞാൻ നിങ്ങളുടെ കൂട്ടുകാരനാണ്. ഞാൻ ഈശോയാണ്.

## ഭാഗം നാല്

## മറിയം, നമ്മുടെ പരിശുദ്ധ അമ്മ കുട്ടികളോട് സംസാരിക്കുന്നു

## ജൂൺ 29, 2004

## മറിയം, നമ്മുടെ പരിശുദ്ധ അമ്മ കുട്ടികളോട് സംസാരിക്കുന്നു

സ്നേഹമുള്ള കുഞ്ഞുമക്കളേ, ഞാൻ മറിയമാണ്. നിങ്ങളുടെ സ്വർഗ്ഗീയ അമ്മ. ഞാൻ ഈശോയുടെ അമ്മയാണ്. സർവ്വജനതകളുടെയും കൂടി അമ്മയാണ്. എനിക്ക് ഈശോയെക്കുറിച്ച് നിങ്ങളോട് പറയണം. കാരണം, അവിടുത്തെ അറിയുക എന്നത് വളരെ പ്രാധാന്യമുള്ളതാണ്. നോക്കൂ എന്റെ പ്രിയപ്പെട്ട കുഞ്ഞ് മക്കളെ, ഈശോ നിങ്ങളെ വളരെയധികം സ്നേഹിക്കുന്നു. അവന് നിങ്ങളെ ഓരോരുത്തരെയും സ്വർഗ്ഗത്തിലേക്ക് സുരക്ഷിതമായി കൊണ്ടുവരണം. സ്വർഗ്ഗമാണ് നിങ്ങളുടെ യഥാർത്ഥ ഭവനം. അവിടെയാണ് എന്നേക്കുമായി നിങ്ങൾ ജീവിക്കുന്നത്. ഭൂമിയിലെ പല ആത്മാക്കളും സ്വർഗ്ഗത്തെ വിസ്മരിക്കുകയും ഭൂമിയാണ് അവരുടെ ഏക ഭവനം എന്നവർ കരുതുന്നു. ഇത് ശരിയല്ല. ഭൂമിയാണ് നിങ്ങളുടെ ഏകഭവനം എന്ന് നിങ്ങൾ വിശ്വസിച്ചാൽ സ്വർഗ്ഗം നേടാൻ നിങ്ങൾ ശ്രമിക്കുകയില്ല. അനേകം തെറ്റുകളും നിങ്ങൾ ചെയ്യും. നിങ്ങൾ എപ്പോഴും സ്വർഗ്ഗത്തെക്കുറിച്ച് ചിന്തിക്കുകയും നന്മയുള്ളവരാകുകയും അതുവഴി നിങ്ങൾക്ക് സ്വർഗ്ഗത്തിലേക്ക് പ്രവേശിക്കാൻ സാധിക്കുമ്പോൾ, നിങ്ങൾ മെച്ചപ്പെട്ടത് പ്രവർത്തിക്കുകയും ഈശോ സന്തോഷവാനാകുകയും ചെയ്യും. ഞാൻ നിങ്ങളുടെ സ്വർഗ്ഗീയ അമ്മയാണ്. അനേകം ആത്മാക്കളെ സ്വർഗ്ഗത്തിലേക്ക് കൊണ്ടുവരാൻ ഞാൻ സഹായിക്കുന്നു. നിങ്ങൾക്ക് എന്നോടും അതോടൊപ്പം ഈശോയോടും സംസാരിക്കാം. ഒരുപാട് കാര്യങ്ങളിൽ ഞാൻ നിങ്ങളെ സഹായിക്കും. എന്നാൽ ഈശോയെക്കു

റിച്ചും എങ്ങനെ അവനെ സ്നേഹിക്കാം എന്നതിനെക്കുറിച്ചും ആയിരിക്കും അധികവും ഞാൻ നിങ്ങളെ പഠിപ്പിക്കുക. നോക്കൂ, ഞാൻ ഈശോയുടെ സഹായിയാണ്. അതിനാൽ ആത്മാക്കളെ ഈശോയിലേക്ക് കൊണ്ട് വരിക എന്നതാണ് എന്റെ ജോലി. നിനക്ക് ഇഷ്ടമാണെങ്കിൽ നിനക്ക് വേണ്ടി ഞാൻ അത് ചെയ്തു തരും. അമ്മേ തല്ലതായിരിക്കാൻ എന്നെ സഹായിക്കണമേ എന്നു മാത്രം നീ പറയുക. ഉടനടി ഞാൻ നിന്നെ കേൾക്കുകയും നിന്നെ സഹായിക്കാൻ ആരംഭിക്കുകയും ചെയ്യും. ഇങ്ങനെനിന്നെ സ്നേഹിക്കുകയും മനസ്സിലാക്കുകയും എപ്പോഴുംനിന്നെകുറിച്ച് കരുതലുള്ള ഒരാൾ നിനക്ക് ഉണ്ടായിരിക്കുക്കുയും ചെയ്യും. സുന്ദരനായ / സുന്ദരിയായ എന്റെ കുഞ്ഞുപൈതലേ, നിരന്തരം എന്നെ വിളിക്കുക, കാരണം ഞാൻ നിന്റെ സ്വർഗ്ഗീയ അമ്മയാണ്. ഞാൻ നിന്നെ സ്നേഹിക്കുന്നു.

## ജൂൺ 29, 2004

## മറിയം, നമ്മുടെ പരിശുദ്ധ അമ്മ കുട്ടികളോട് സംസാരിക്കുന്നു

ഇങ്ങനെ നിങ്ങളോട് സംസാരിക്കുന്നതിൽ ഞാൻ എത്രത്തോളം സന്തോഷിക്കുന്നെന്നോ! എന്നെ ഇങ്ങനെ അനുവദിച്ച ദൈവം വളരെ നല്ലവനാണ്. പ്രിയ കുഞ്ഞുങ്ങളെ, നോക്കൂ, സാധാരണയായി ദൈവം, സ്വർഗ്ഗത്തിൽ ഉള്ളവരെ ഭൂമിയിൽ ഉള്ളവരുമായി ആശയവിനിമയം നടത്താൻ അനുവദിക്കില്ല. ദൈവം ഇത് ഇപ്പോൾ അനുവദിക്കുന്നതിന്റെ കാരണം, ഇത് ഒരു സവിശേഷമായ സമയമാണ്. ഈ സമയം, അതായത് നിങ്ങളുടെ ഭൂമിയിലുള്ള സമയം, സ്വർഗ്ഗം ഒരു പ്രത്യേക ജോലിയാണ് ചെയ്യുന്നത്. ഭൂമിയിലുള്ള പല ആത്മാക്കളും ദൈവം ഒരാളാണ് എല്ലാറ്റിനെയും നിയന്ത്രിക്കുന്നതെന്ന് മനസ്സിലാക്കുന്നില്ല. ഇവർ ചിന്തിക്കുന്നത് അവരാണ് എല്ലാം നിയന്ത്രിക്കുന്നതെന്നാണ്. ദൈവത്തെക്കാൾ കൂടുതൽ മെച്ചപ്പെടാൻ അവർ ശ്രമിക്കുകയും ചെയ്യുന്നു. ഇത് അവരുടെ തെറ്റാണ്. അവർ മാറണം. ഭൂമിയെയും ഭൂമിയിലുള്ള ഓരോ വ്യക്തിയേയും ദൈവം സൃഷ്ടിച്ചു എന്ന് സകല മനുഷ്യരും മനസ്സിലാക്കണം. സൂര്യനെ പ്രകാശിക്കാൻ ദൈവം അനുവദിക്കുന്നു. മഴ പെയ്യാൻ ദൈവം അനുവദിക്കുന്നു. ഈ കാര്യങ്ങളൊക്കെ സംഭവിക്കാൻ ദൈവം അനുവദിക്കുന്നു. ഈ കാര്യങ്ങളൊക്കെ ചെയ്യാൻ അനുവദിച്ചില്ലെങ്കിൽ ഇവയെല്ലാം നിന്നുപോകും. നമുക്ക് വേണ്ടി ലോകം ഇത്രയും മനോഹരമാക്കി തന്നതിന് നാം എപ്പോഴും ദൈവത്തിന് നന്ദി പറയണം. ലോകത്തെയും നിന്നെയും സൃഷ്ടിച്ചതിന് നീ ദൈവത്തോട് നന്ദി പറയുമ്പോൾ, ദൈവം സന്തുഷ്ടനാവുകയും ഇനിയും കൂടുതൽ കൃപകൾ

ലോകത്തിലേയ്ക്ക് അയയ്ക്കുകയും ചെയ്യും. കൃപകൾ സ്വർഗ്ഗത്തിൽ നിന്ന് വരുന്ന നന്മകളാണ്. അതിനാൽ സ്വർഗ്ഗത്തിലെ നിങ്ങളുടെ അമ്മയായ മറിയം, എന്നോട് ചേർന്നുകൊണ്ട്, സ്വർഗ്ഗത്തിൽ നിന്ന് ലോകത്തിന് കൂടുതൽ കൃപകൾക്കുവേണ്ടി നമുക്ക് ദൈവത്തോടു ചോദിക്കാം. നിങ്ങൾ അതു ചെയ്യുമോ? നിങ്ങൾ എന്നെ സഹായിക്കുമോ? നമുക്ക് ഒരുമിച്ച് പറയാം. "സ്വർഗ്ഗസ്ഥ നായ ദൈവമേ, അങ്ങാണ് എല്ലാറ്റിന്റെയും സ്രഷ്ടാവ്, ഞങ്ങളുടെ ഭൂമിയുടെ മേൽ അങ്ങയുടെ കൃപകൾ ദയ വായി അയയ്ക്കേണമെ. പ്രിയപ്പെട്ട കുഞ്ഞുങ്ങളെ, ഞാൻ നിങ്ങൾക്ക് നന്ദി പറയുന്നു. നിങ്ങളെ ഞാൻ ഒരു പാട് സ്നേഹിക്കുന്നു. എല്ലാകാര്യത്തിലും ഞാൻ നിങ്ങളെ സ്നേഹിക്കും. യേശുവിനെപ്പോലെ എനിക്ക് നിങ്ങളെ എപ്പോഴും കേൾക്കാൻ സാധിക്കും. അതിനാൽ നിരന്തരം എന്നോട് സംസാരിക്കുക. ഞാൻ എപ്പോഴും നിങ്ങളോടു കൂടെ ഉണ്ടായിരിക്കും.

## ജൂൺ 30, 2004

## മറിയം, നമ്മുടെ പരിശുദ്ധ അമ്മ കുട്ടികളോട് സംസാരിക്കുന്നു

സ്വർഗ്ഗത്തിലെ പ്രിയപ്പെട്ട കുഞ്ഞു പൈതങ്ങളേ, നിങ്ങളുടെ പരിശുദ്ധ അമ്മ നിങ്ങളെ സ്നേഹിക്കുന്നു. നിങ്ങൾ കളിക്കുമ്പോഴും ജോലി ചെയ്യുമ്പോഴും എത്ര സന്തോഷത്തോടെയാണ് ഞാൻ നിങ്ങളെ നോക്കുന്നത്. നിങ്ങൾ ബുദ്ധിമുട്ടുമ്പോൾ സ്വർഗ്ഗം മുഴുവൻ നിങ്ങളെ ഉറ്റുനോക്കുകയും സഹായിക്കുകയും ചെയ്യുന്നു. ഇത് അറിയുന്നതിൽ നിങ്ങൾ സന്തോഷിക്കുവിൻ. ഈശോയും നിന്നെ സ്നേഹിക്കുകയും ആനന്ദത്തോടെ ഉറ്റുനോക്കുകയും ചെയ്യുന്നു എന്നതിൽ നിങ്ങൾ സന്തോഷിക്കുവിൻ. നിങ്ങൾ സ്വർഗ്ഗത്തിന്റെ കുഞ്ഞു നിധികളാണ്. നിങ്ങളുടെ പ്രാർത്ഥനകളും ഞങ്ങൾക്ക് ഇവിടെ വലിയ പ്രാധാന്യമുള്ളതാണ്. ഒരു കുഞ്ഞു സ്വർഗ്ഗത്തോടു സംസാരിക്കുമ്പോൾ, പിതാവായ ദൈവം എപ്പോഴും വളരെ ശ്രദ്ധയോടെ അതു കേൾക്കുന്നു. കാരണം ഏറ്റവും പ്രീതികരമായ പ്രാർത്ഥനകൾ ചൊല്ലുന്നത് കുഞ്ഞുങ്ങളാണ്.

പലപ്പോഴും മുതിർന്നവരുടെ പ്രാർത്ഥനകളെക്കാൾ നിങ്ങളുടെ പ്രാർത്ഥനകളാണ് പിന്നെയും കൂടുതൽ ശക്തമായത്. കാരണം സാധാരണയായി കുഞ്ഞുങ്ങൾ കൂടുതൽ നിർമ്മലരാണ്. കുഞ്ഞ് മക്കളെ, നിർമ്മലരാകുക എന്നത് പ്രധാനമാണ്. ചീത്തവാക്കുകൾ ഉപയോഗിക്കുകയോ, ചീത്തകാര്യങ്ങൾ ടെലിവിഷനിൽ കാണുകയോ ചെയ്യരുത്. കാരണം ഇവയെല്ലാം ചെയ്താൽ നിങ്ങളുടെ നിർമ്മലത പോകും. നിർമ്മലത എന്നാൽ എപ്പോഴും സന്തോഷകരായ കാര്യങ്ങൾ ചിന്തിക്കുവാൻ ശ്രമിക്കുക എന്നതാണ്. നിങ്ങളുടെ

സ്വർഗ്ഗീയ അമ്മയായ എന്നെക്കുറിച്ചും നിങ്ങളുടെ സ്വർഗ്ഗീയ രാജാവായ യേശുവിനെക്കുറിച്ചും നിങ്ങൾ ചിന്തിക്കുക. സ്വർഗ്ഗത്തിലെ വിസ്മയകരമായ എല്ലാ വിശുദ്ധരെയും കുറിച്ച് ചിന്തിക്കുക. ലോകത്തിൽ ജീവിച്ച്, യേശുവിനുവേണ്ടി നല്ല ജോലി ചെയ്ത വ്യക്തികളാണ് വിശുദ്ധർ. നിനക്കും ഒരു വിശുദ്ധൻ ആകാം. നിനക്കായ് ഞാൻ ആഗ്രഹിക്കുന്നതും അതുതന്നെയാണ്. നീ എന്റെ കുഞ്ഞ് വിശുദ്ധനാകാനാണ് ഞാൻ ആഗ്രഹിക്കുന്നത്. എനിക്ക് വേണ്ടി നീ അത് ചെയ്യാൻ പരിശ്രമിക്കുമോ? എപ്പോൾ പ്രാർത്ഥിക്കണം എന്ന് നിന്നെ ഓർമ്മപ്പെടുത്തിക്കൊണ്ട് ഞാൻ നിന്നെ സഹായിക്കാം. എന്നെക്കുറിച്ച് നീ ചിന്തിക്കുമ്പോൾ ഒരു പ്രാർത്ഥന ചൊല്ലുക. യേശുവിനെക്കുറിച്ച് നീ ചിന്തിക്കുമ്പോൾ ഒരു പ്രാർത്ഥന ചൊല്ലുക. അത് വലിയ ഒരു പ്രാർത്ഥന ആയിരിക്കണം എന്നൊന്നുമില്ല. “ഈശോ ഞാൻ നിന്നെ സ്നേഹിക്കുന്നു” എന്ന് മാത്രം മതിയാകും. അതൊരു നല്ല പ്രാർത്ഥനയാണ്. ഈശോയെയും എന്നെയും അത് ഒരുപാട് സന്തോഷിപ്പിക്കും. എന്റെ ഹൃദയത്തിലെ കുഞ്ഞുപൈതലേ, ഞാൻ നിന്റെ കൂടെയുണ്ട്. ഞാൻ എപ്പോഴും നിന്റെ കൂടെയുണ്ട്.

## ജൂലൈ 1, 2004

# മറിയം, നമ്മുടെ പരിശുദ്ധ അമ്മ കുട്ടികളോട് സംസാരിക്കുന്നു

പ്രിയപ്പെട്ട കുഞ്ഞുമക്കളെ, ഞാൻ നിങ്ങളുടെ സ്വർഗ്ഗീയ അമ്മയാണ്. ഞാൻ നിങ്ങളെ സ്നേഹിക്കുന്നു, എനിക്ക് നിങ്ങളെ ഈശോയുടെ അടുത്ത് കൊണ്ടുവരണം. ഈശോയ്ക്ക് നിങ്ങളോടുള്ള വലിയ സ്നേഹത്തെ നിങ്ങൾക്ക് മനസ്സിലാക്കാൻ സഹായിക്കുന്നതിലൂടെ യാണ് ഞാൻ അതു ചെയ്യുന്നത്. പലരും ദൈവത്തെ ക്കുറിച്ച് ചിന്തിക്കുമ്പോൾ അങ്ങ് ദൂരെ സ്വർഗ്ഗത്തിലെ കാര്യങ്ങളിൽ വളരെ തിരക്കുള്ള ആരോ ഒരാളായാണ് കരുതുന്നത്. ഇത് ശരിയല്ല. ഈശോ ദൈവമാണ്. ഭൂമി യിലെ ആത്മാക്കളെ ശ്രദ്ധിക്കുന്നതിലാണ് ഈശോയ്ക്ക് ഒരുപാട് തിരക്ക്. വളരെ വാത്സല്യത്തോടെയാണ് ഈശോ നിങ്ങളെ സ്നേഹിക്കുന്നത്. നിങ്ങൾക്കായി അവൻ കുരിശിൽ മരിച്ചു. അത്രയധികം ഈശോ നിങ്ങളെ സ്നേഹിക്കുന്നു. ലോകത്തിലുള്ള ഓരോ ആൺകുട്ടിക്കും പെൺകുട്ടിക്കും വേണ്ടി സ്വർഗ്ഗത്തിന്റെ വാതിലുകൾ തുറക്കപ്പെടുവാനാണ് അവൻ കുരിശിൽ മരിച്ചത്. കുഞ്ഞുപൈതലേ, അങ്ങനെ സ്വർഗ്ഗത്തിന്റെ വാതിലുകൾ നിനക്കായി തുറന്നിരിക്കുകയാണ്. നിങ്ങൾ സ്വർഗ്ഗത്തിൽ വരാൻ ഞങ്ങൾ കാത്തിരിക്കു കയാണ്. അങ്ങനെ എന്നന്നേക്കും നിങ്ങൾ സന്തോ ഷമുള്ളവരാകും. ഭൂമിയിൽ ഓരോ ആത്മാവും തെറ്റു ചെയ്യുമെന്ന് നിങ്ങൾ അറിഞ്ഞിരിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. അതുകൊണ്ടാണ് ഈശോ നിങ്ങൾക്ക് വേണ്ടി മരിക്കുവാൻ തയ്യാറായത്. നിങ്ങൾ തെറ്റുചെയ്യുമെന്ന് അവിടുത്തേക്കറിയാം. ഓരോ വ്യക്തി യുടെയും ഓരോ തെറ്റിനും ആവശ്യത്തിന് മാപ്പ് ലഭി

ക്കണമെന്ന് അവൻ ഉറപ്പ് വരുത്തിയിരുന്നു. ഒരിക്കലും നിങ്ങളുടെ തെറ്റിനെക്കുറിച്ച് വിഷമിക്കരുത്. ഏറ്റവും വലിയ വിശുദ്ധന്മാർ വരെ വളരെ തെറ്റുകൾ ചെയ്തിട്ടുണ്ട്. നീ ഈശോയോട് ക്ഷമ പറയുമ്പോൾ ഈശോ നിന്റെ പാപം ക്ഷമിക്കുകയും, അവിടുന്ന് നിന്റെ പാപം ചെയ്യുന്നു. ചിലപ്പോൾ കുട്ടികൾ തങ്ങൾ തെറ്റു ചെയ്യുമ്പോൾ അവർ ചീത്തയായെന്ന് വിചാരിക്കും. ഇത് ഒട്ടും ശരിയല്ല. ഞാൻ നിങ്ങളുടെ സ്വർഗ്ഗീയ അമ്മയാണ്. ഞാൻ നിങ്ങളുടെ കുഞ്ഞ് ഹൃദയത്തിലേക്ക് നോക്കുകയും അതിലെ നന്മ കാണുകയും ചെയ്യുന്നു. നിങ്ങളുടെ കഴിവിന്റെ പരമാവധി ശ്രമിക്കുകയാണെങ്കിൽ ഈശോയ്ക്ക് വേണ്ടി വലിയ കാര്യങ്ങൾ ചെയ്യുവാൻ നിങ്ങൾക്കു സാധിക്കും. നിങ്ങൾ എനിക്കുവേണ്ടി അത് ചെയ്യില്ലേ? നന്നായിരിക്കാൻ ശ്രമിക്കുക. എല്ലാം നന്നായി വരും.

## ജൂലൈ 2, 2004

# മറിയം, നമ്മുടെ പരിശുദ്ധ അമ്മ കുട്ടികളോട് സംസാരിക്കുന്നു

പ്രിയപ്പെട്ട കുഞ്ഞുങ്ങളേ, നിങ്ങൾ ഈശോയ്ക്കുവേണ്ടി ജീവിക്കണം. രാവിലെ എഴുന്നേൽക്കുമ്പോൾ നിങ്ങൾ ഈശോയെ സ്നേഹിക്കുന്നുവെന്ന് പറഞ്ഞുകൊണ്ട് ഇങ്ങനെ പറയണം. "ഈശോയെ, എന്റെ ഈ ദിവസം അവിടുത്തേയ്ക്ക് സമർപ്പിക്കുന്നു" കുഞ്ഞുമക്കളെ, നിങ്ങൾ ഇങ്ങനെ ചെയ്യുകയാണെങ്കിൽ, ഈശോ നിങ്ങളുടെ ജോലിയിലും കളിയിലും ഭക്ഷണത്തിലും ഉറക്കത്തിലും പങ്കുകാരനാവുകയും മറ്റ് ആത്മാക്കളെ സ്വർഗ്ഗത്തിലേയ്ക്ക് കൊണ്ടുവരാനായി ഉപയോഗിക്കുകയും ചെയ്യും. അത് നല്ല എളുപ്പമല്ലേ? എന്റെ കുഞ്ഞുങ്ങളേ, ഈശോയെ പ്രീതിപ്പെടുത്തുക അത്ര ബുദ്ധിമുട്ടുള്ള കാര്യമല്ല. അവിടുന്ന് സ്നേഹമുള്ളവനും സന്തോഷമുള്ളവനുമാകയാൽ നിങ്ങളും സ്നേഹമുള്ളവരും സന്തോഷമുള്ളവരും ആയിരിക്കാൻ ഈശോ ആഗ്രഹിക്കുന്നു. ഞാൻ പറയുംപോലെ നിങ്ങൾ ചെയ്യുകയാണെങ്കിൽ നിങ്ങൾ സന്തോഷമുള്ളവരായിരിക്കും. കാരണം നന്മ ചെയ്യുമ്പോഴാണ് നാം സന്തോഷമുള്ളവരാകുക. ആരെങ്കിലും നല്ലതല്ലെങ്കിൽ, നിങ്ങൾ അതോർത്ത് ഒരിക്കലും വിഷമിക്കരുത്. നിങ്ങൾ അവർക്കുവേണ്ടി പ്രാർത്ഥിക്കുക. അങ്ങനെ നമുക്ക് അവരെ സഹായിക്കാം. ഞങ്ങൾ അവരെ സഹായിക്കുന്നത് നിങ്ങൾക്ക് കാണാൻ കഴിയുകയില്ലെങ്കിലും ഞങ്ങൾ അങ്ങനെ ചെയ്യുമെന്ന് നിങ്ങൾക്ക് വിശ്വസിക്കാം. കാരണം ഞാൻ നിങ്ങളോട് സത്യമല്ലാത്തതൊന്നും പറയുകയില്ല. ഈശോയും അങ്ങനെ ചെയ്യില്ല. ഞങ്ങൾ സത്യം മാത്രമേ പറയുകയുള്ളൂ. നിങ്ങളും സത്യം മാത്രം

സംസാരിക്കുവാനായി പരിശീലനം നേടണം. ചില പ്പോൾ നിങ്ങൾ ചില ചെറിയ തെറ്റുകൾ വരുത്തുകയും മറ്റു ചിലപ്പോൾ നിങ്ങൾ പ്രാർത്ഥിക്കാൻ മറക്കുകയും ചെയ്യ്തേക്കാം. ഈശോയോട് നീ പ്രാർത്ഥിക്കാൻ മറന്നു പോയി എന്നു പറഞ്ഞ് ഒരു ചെറിയ പ്രാർത്ഥന ചൊല്ലുക. എല്ലാം നന്നായി വരും. ഈ ചെറിയ കാര്യ ങ്ങൾ നീ പരിശീലിക്കുമ്പോൾ അവ നല്ല ശീലങ്ങളായി മാറുകയും അങ്ങനെ നീ സ്വർഗ്ഗത്തിലെ സുന്ദരനായ കുഞ്ഞ് വിശുദ്ധനാവുകയും ചെയ്യും. എന്റെ വിലപ്പെ ട്ടവരേ, നിങ്ങൾ ചിന്തിക്കുന്നതിനേക്കാൾ വളരെ എളു പ്പമാണിത്. ഞാൻ നിങ്ങളോടൊപ്പമായിരുന്നുകൊണ്ട് എല്ലാകാര്യത്തിലും നിന്നെ സഹായിക്കും.

## ജൂലൈ 3, 2004

# മറിയം, നമ്മുടെ പരിശുദ്ധ അമ്മ കുട്ടികളോട് സംസാരിക്കുന്നു

എന്റെ പ്രിയപ്പെട്ട കുഞ്ഞുങ്ങളേ, സ്വർഗ്ഗത്തിൽ നിന്നും ഞങ്ങൾ നിനക്കായി അയച്ച വചനങ്ങൾ വളരെ ശ്രദ്ധയോടെ നിങ്ങൾ കേട്ടതിനാൽ ഞാൻ സന്തുഷ്ടനാണ്. ഇപ്പോൾ നിങ്ങൾക്ക് എങ്ങനെ നല്ലതായിരിക്കണമെന്നും എങ്ങനെ ഈശോയെ പ്രീതിപ്പെടുത്തണമെന്നും അറിയാം. ഈശോ ദൈവമായതിനാൽ എല്ലാം അറിയുകയും നിങ്ങൾക്ക് ഏറ്റവും നല്ലതെന്താണെന്ന് കൃത്യമായി മനസ്സിലാക്കുകയും ചെയ്യും. ചിലപ്പോൾ നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ, നിങ്ങളുടെ പ്രാർത്ഥനയ്ക്ക് ഉത്തരം ലഭിച്ചില്ലെന്ന് നിങ്ങൾക്ക് തോന്നിയേക്കാം. എന്റെ പ്രിയപ്പെട്ട കുഞ്ഞുമക്കളേ, ഈശോ ഈ ലോകത്തെ നിങ്ങൾക്കുവേണ്ടിയാണ് സൃഷ്ടിച്ചത്. ഈ ലോകത്തിലെ എല്ലാം അവിടുന്ന് നിനക്ക് തരുകയില്ലെന്ന് നീ ചിന്തിക്കരുത്. പക്ഷേ ചിലപ്പോൾ ഈശോയ്ക്ക് എല്ലാം അറിയാവുന്നതുകൊണ്ട് നിങ്ങൾക്ക് ചീത്ത ആകാവുന്ന എന്തിനെങ്കിലും വേണ്ടിയാണ് നിങ്ങൾ ചോദിക്കുന്നതെന്ന് അവിടുന്ന് അറിയുന്ന സാഹചര്യത്തിൽ ഈശോ "വേണ്ട" എന്നു പറയും. നിങ്ങൾ മനസ്സിലാക്കുന്നു, അല്ലെയോ?

# അനുബന്ധം

# മടങ്ങിവരുന്ന രാജാവായ യേശുക്രിസ്തുവിന്റെ അൽമായ പ്രേഷിതത്വം

പാപികളുടെ മാനസാന്തരത്തിനുള്ള കൃപകൾ ലഭിക്കാൻ ഞങ്ങളുടെ അനുദിന ജീവിതത്തിലും ഞങ്ങളുടെ ദൈവവിളികളിലൂടെയും ഈശോയുമായി ഐക്യപ്പെടുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. തന്റെ പ്രകാശവുമായി ഞങ്ങളിലൂടെ ഈ ലോകത്തിലേക്ക് ഒഴുകുവാൻ പരിശുദ്ധാത്മാവുമായുള്ള തങ്ങളുടെ സഹകരണത്തിലൂടെ ഞങ്ങൾ ഈശോയെ അനുവദിക്കും. ഞങ്ങളിത് നമ്മുടെ അനുഗൃഹീത മാതാവായ മറിയവുമായുള്ള കൂട്ടായ്മയിൽ, പുണ്യവാന്മാരുടെ ഐക്യത്തോടൊപ്പം, ദൈവത്തിന്റെ പരിശുദ്ധ ദൂതരേവരോടും ചേർന്ന്, ഈ ലോകത്തിലെ ഞങ്ങളുടെ സഹപ്രേഷിതരോടൊപ്പം ചെയ്യുന്നു.

## അൽമായ പ്രേഷിതർക്കുള്ള മാർഗരേഖ

മടങ്ങിവരുന്ന രാജാവായ യേശുക്രിസ്തുവിന്റെ അൽമായ പ്രേഷിതരെന്ന നിലയിൽ, സജീവ കത്തോലിക്കർക്കടുത്ത ഞങ്ങളുടെ മൗലിക കടപ്പാടുകൾ നിർവഹിക്കാമെന്ന് ഞങ്ങൾ സമ്മതിക്കുന്നു. ഇതിലുപരിയായി, ഇനിപ്പറയുന്ന ആത്മീയാഭ്യാസങ്ങൾ, ഞങ്ങൾക്കാവുന്നതിന്റെ പരമാവധി ഞങ്ങൾ സ്വാംശീകരിക്കും.

1. ഐക്യദാർഢ്യപ്രാർത്ഥനയും പ്രഭാത സമർപ്പണവും; ഒപ്പം പരിശുദ്ധപിതാവിനുവേണ്ടിയുള്ള ഒരു ഹ്രസ്വ പ്രാർത്ഥന.
2. ദിവ്യകാരുണ്യ ആരാധന; ആഴ്ചയിൽ ഒരു മണിക്കൂർ വീതം.
3. പ്രാർത്ഥനാക്കൂട്ടായ്മയിലെ പങ്കാളിത്തം; പ്രതിമാസം നടക്കുന്ന ഇതിൽ നമ്മൾ പരിശുദ്ധ ജപമാലയിലെ പ്രകാശത്തിന്റെ രഹസ്യങ്ങൾ ധ്യാനിക്കുകയും പ്രതിമാസ സന്ദേശം വായിക്കുകയും ചെയ്യും.
4. പ്രതിമാസ കുമ്പസാരം.
5. ഇനിയും, സകലരെയും ഈശോയുടെ ക്ഷമയോടും ദയാവായ്പ്പോടും കൂടെ പരിഗണിച്ചുകൊണ്ട്, തിരുവചനങ്ങളിൽ രേഖപ്പെടുത്തിയിട്ടുള്ളവിധം അവിടുത്തെ ദൃഷ്ടാന്തം ഞങ്ങൾ പിന്തുടരും.

## ഐക്യദാർഢ്യ പ്രാർത്ഥന

സ്വർഗസ്ഥനായ പ്രിയപ്പെട്ട ദൈവമേ, ഞാൻ അങ്ങയോടുള്ള ഐക്യദാർഢ്യം പ്രഖ്യാപിക്കുന്നു. ഞാൻ അവിടുത്തേക്ക് എന്റെ ജീവനും എന്റെ ജോലിയും എന്റെ ഹൃദയവും തരുന്നു. പകരമായി, അങ്ങയുടെ ഓരോ മാർഗനിർദേശവും അതിന്റെ പൂർണതയിൽ അനുസരിക്കുന്നതിനുള്ള കൃപ എനിക്കു തന്നാലും. ആമേൻ.

## പ്രഭാതസമർപ്പണം

ഓ ഈശോയെ, മറിയത്തിന്റെ അമലോൽഭവ ഹൃദയം വഴി, അവിടുത്തെ തിരുഹൃദയത്തിന്റെ എല്ലാ നിയോഗങ്ങൾക്കുമായി, ലോകമെമ്പാടുമുള്ള ദിവ്യബലിയുടെ പരിശുദ്ധ അർപ്പണങ്ങളോട് ഐക്യപ്പെട്ടുകൊണ്ട്, എന്റെ പാപങ്ങൾക്കുള്ള പരിഹാരമായും പരിശുദ്ധ പിതാവിന്റെ നിയോഗങ്ങൾക്കായും ഈ ദിനത്തിലെ എന്റെ പ്രാർത്ഥനകളും പ്രവൃത്തികളും ആനന്ദങ്ങളും സഹനങ്ങളും അങ്ങേയ്ക്കായി സമർപ്പിക്കുന്നു. ആമ്മേൻ

## പരിശുദ്ധ പിതാവിനായുള്ള പ്രാർത്ഥന

ഈശോയുടെ അനുഗൃഹീതയായ മാതാവേ, ഞങ്ങളുടെ പരിശുദ്ധ പിതാവിനേയും സ്നേഹത്തിന്റെ നിയോഗങ്ങളെയും സംരക്ഷിക്കണമേ.

## പ്രകാശത്തിന്റെ അഞ്ചു രഹസ്യങ്ങൾ

1. ഈശോയുടെ ജ്ഞാനസ്നാനം
2. കാനായിലെ കല്യാണം
3. ദൈവരാജ്യത്തിന്റെ പ്രഖ്യാപനം
4. രൂപാന്തരീകരണം
5. പരിശുദ്ധ കുർബാനയുടെ സ്ഥാപനം

## ഈശോയിൽനിന്ന് തന്റെ അൽമായ പ്രേഷിതർക്കുള്ള വാഗ്ദാനം

**2005 മെയ് 12**

***ആത്മാക്കൾക്കായുള്ള നിന്റെ സന്ദേശം സ്ഥിരമായി നിലനിൽക്കുന്നു. ഓരോ ആത്മാവിയെും വീണ്ടെടുപ്പു ദൗത്യത്തിലേക്ക് സ്വാഗതം ചെയ്യുക. എന്റെ താൽപര്യങ്ങളെ ഓരോ അൽമായ പ്രേഷിതനും/ പ്രേഷിതയും ശ്രദ്ധിച്ചാൽ അവരുടേതിനെ ഞാനും ശ്രദ്ധിക്കും. അവരെന്റെ തിരുഹൃദയത്തിൽ സ്ഥാ***

*പിക്കപ്പെടുകയും ഞാനവർക്കുവേണ്ടി പ്രതിരോധിച്ച് സംരക്ഷിക്കുകയും ചെയ്യും. അവരുടെ ഓരോ പ്രിയപ്പെട്ടവരുടെയും മാനസാന്തരം ഞാൻ നേടിക്കൊടുക്കുന്നതാണ്. അങ്ങനെ, കാണുക, എന്റെ പ്രിയപ്പെട്ട അൽമായ പ്രഷിതരെന്ന നിലയിൽ ഈ വീണ്ടെടുപ്പു ദൗത്യത്തിൽ ശുശ്രൂഷ ചെയ്യുന്ന ആത്മാക്കൾ സമാധാനം സമ്പാദിക്കും. ലോകത്തിന് ഇത്തരമൊരു വാഗ്ദാനം കൊടുക്കാനാവില്ല. എന്തെന്നാൽ, സ്വർഗത്തിനു മാത്രമേ ഒരാത്മാവിൽ സമാധാനം സമ്മാനിക്കാൻ കഴിയൂ. ഇതു സത്യമായും സ്വർഗത്തിന്റെ ദൗത്യമാണ്; സ്വർഗത്തിന്റെ സന്താനങ്ങൾ ഓരോരുത്തരെയും എന്നെ സഹായിക്കാനായി ഞാൻ വിളിക്കുകയും ചെയ്യുന്നു. എന്റെ പ്രിയരേ, നിങ്ങൾക്ക് നല്ല പ്രതിഫലം കിട്ടും.*

# വാല്യങ്ങളിൽനിന്നെടുത്ത പ്രാർത്ഥനകൾ

## പിതാവായ ദൈവത്തോടുള്ള പ്രാർത്ഥന

‘‘സ്വർഗസ്ഥനായ എന്റെ പിതാവിനുവേണ്ടി എനിക്കെന്തു ചെയ്യാനാകും?’’

‘‘ഞാനങ്ങയിൽ ആശ്രയിക്കുന്നു, ദൈവമേ. ഏറ്റുവാങ്ങലിന്റെ ആത്മാവിൽ ഞാനെന്റെ വേദന അങ്ങേയ്ക്കായി സമർപ്പിക്കുന്നു; ഓരോരോ സാഹചര്യത്തിലും ഞാനങ്ങയെ സേവിക്കുന്നതാണ്.’’

‘‘സ്വർഗസ്ഥനായ എന്റെ പിതാവേ, അങ്ങ് കാരുണ്യസ്വരൂപനാകുന്നു. അവിടുന്ന് എന്നെ സ്നേഹിക്കുന്നു; എന്റെ പാപങ്ങളെല്ലാം കാണുകയും ചെയ്യുന്നു. എന്റെ ദയാപൂർണനായ പിതാവ് എന്ന നിലയിൽ ഞാനങ്ങയെ

അഭിസംബോധന ചെയ്യുന്നു. എന്റെ ഓരോ പാപവും പൊറുക്കേണമേ. ഞാൻ ഒരിക്കൽക്കൂടി സമ്പൂർണ്ണ നിഷ്കളങ്കതയിൽ വലയം പ്രാപിക്കാനായി എന്റെ ആത്മാവിലെ കറകളെല്ലാം കഴുകികളഞ്ഞാലും. സ്വർഗസ്ഥനായ പിതാവേ, ഞാനങ്ങയിൽ ആശ്രയിക്കുന്നു. ഞാനങ്ങിൽ ശരണപ്പെടുന്നു. ആമേൻ.''

''എന്റെ പിതാവായ ദൈവമേ, എന്റെ ആത്മാവിനെ ശാന്തമാക്കുകയും എന്റെ വഴികളെ നയിക്കുകയും ചെയ്യണേ.''

''ദൈവമേ, ഞാൻ തെറ്റുകൾ ചെയ്തുപോയി. എന്നോട് ക്ഷമിക്കണേ. ഞാനവിടുത്തെ കുഞ്ഞാണ്. ഞാനവിടുത്തോട് ഒന്നായിത്തീരുവാൻ ആഗ്രഹിക്കുന്നു.''

''ഞാൻ ദൈവത്തിൽ വിശ്വസിക്കുന്നു. ഈശോ എന്നെ വിളിക്കുന്നുവെന്ന് ഞാൻ വിശ്വസിക്കുന്നു. എന്റെ അനുഗൃഹീത മാതാവ് എന്റെ സഹായം അഭ്യർത്ഥിച്ചിട്ടുണ്ടെന്ന് ഞാൻ വിശ്വസിക്കുന്നു. ആകയാൽ, ഞാൻ ഇന്നും ഓരോ ദിവസവും പ്രാർത്ഥിക്കാൻ പോകുകയാണ്.''

"എന്റെ പിതാവായ ദൈവമേ, മനസ്സിലാക്കാൻ എന്നെ സഹായിക്കണേ."

## ഈശോയോടുള്ള പ്രാർത്ഥനകൾ

"ഈശോയേ, അവിടുത്തേക്ക് ഞാനെന്റെ ദിവസത്തെ തരുന്നു."

"ഈശോയേ, ഇന്ന് അവിടുന്നെന്നെ എങ്ങനെ ഉപയോഗിക്കുവാനാണ് ആഗ്രഹിക്കുന്നത്? അങ്ങേയ്ക്ക് എന്നിലൊരു അനുസരണയുള്ള ദാസനുണ്ട്, ഈശോയേ, സ്വർഗരാജ്യത്തിനായി വേലചെയ്യാൻ എന്നെ അനുവദിച്ചാലും."

"നാഥാ, അവിടുത്തെ വരവിന്റെ തയാറെടുപ്പിനായി

എനിക്കിന്ന് എന്തു ചെയ്യാനാകും? എന്റെ വഴി കാണിക്കണേ. അപ്പോൾ ഞാനവിടുത്തെ ആഗ്രഹങ്ങൾ കാണും."

"നാഥാ, എന്നെ സഹായിക്കണേ."

"ഈശോ, എന്നെ സ്നേഹിക്കണേ."

## മാലാഖമാരോടുള്ള പ്രാർത്ഥനകൾ

"സ്വർഗീയ ദൂതന്മാരേ, എന്നെ വഴി നടത്തിയാലും."

"ഏറ്റവും പ്രിയപ്പെട്ട കാവൽമാലാഖയേ, സമാധാനത്തിൽ നിലനിന്നുകൊണ്ട് ഈശോയെ സേവിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. എന്റെ ഹൃദയത്തിൽ അവിടുത്തെ ദിവ്യസമാധാനം നിലനിർത്താനാവശ്യമായ കൃപകൾ ദയവായി എനിക്ക് സമ്പാദിച്ചു തന്നാലും

## ക്ലേശിക്കുന്ന ഒരാത്മാവിനു വേണ്ടിയുള്ള പ്രാർത്ഥനകൾ

"ഇതെക്കുറിച്ചെല്ലാം, ഈശോയെ, അവിടുന്നെന്തു കരുതുന്നു? ഈശോയെ, ഈ ആത്മാവിനുവേണ്ടി ഞാനെന്തു ചെയ്യണമെന്നാണ് അങ്ങ് ആവശ്യപ്പെടുന്നത്? ഈശോയെ ഈ അവസ്ഥയിലേക്ക് അവിടുത്തെ എങ്ങനെ ആനയിക്കണമെന്ന് എനിക്കു കാണിച്ചുതന്നാലും."

"കാവൽ മാലാഖയേ, ഈ ആത്മാവിനുമേലുള്ള അങ്ങയുടെ സ്ഥിരം ജാഗ്രതയെ പ്രതി ഞാനങ്ങേക്ക് നന്ദി പറയുന്നു. സ്വർഗീയ വിശുദ്ധരേ, ഈ പ്രിയപ്പെട്ട മാലാഖയെ സഹായിക്കണേ."

### കുട്ടികൾക്കായുള്ള പ്രാർത്ഥന

“സ്വർഗ്ഗസ്ഥനായ ദൈവമേ, സർവതിന്റെയും സ്രഷ്ടാവ് അങ്ങാകുന്നു. ഞങ്ങളുടെ ലോകത്തിനുമേൽ അവിടുത്തെ കൃപകൾ അയച്ചാലും.

“ഈശോയെ, ഞാനങ്ങയെ സ്നേഹിക്കുന്നു.”

“ഈശോയെ, ഞാനങ്ങിൽ ആശ്രയിക്കുന്നു. ഈശോയെ, ഞാനങ്ങിൽ ആശ്രയിക്കുന്നു. ഈശോയെ, ഞാനങ്ങിൽ ആശ്രയിക്കുന്നു.”

“ഈശോയെ, ഞാനെന്റെ ദിവസത്തെ അവിടുത്തേക്ക് വാഗ്ദാനം ചെയ്യുന്നു.”

“അമ്മേ, മറിയേ, നല്ല കുട്ടിയാകാൻ എന്നെ സഹായിക്കണേ.”

## കരുണയുടെ ജപമാല ചൊല്ലേണ്ടതെങ്ങനെ?

അഞ്ചു ദശകങ്ങളോടുള്ള സാധാരണ ജപമാല ഉപയോഗിച്ചാണ് കരുണക്കൊന്ത ചൊല്ലുന്നത് വിശുദ്ധ ഫൗസ്തീനായുടെ ഡയറിയിൽനിന്നുള്ള രണ്ട് പ്രാരംഭ പ്രാർത്ഥനകളോടെ ഇത് ആരംഭിക്കുന്നു; ഒരു സമാപന പ്രാർത്ഥനയോടെ അവസാനിക്കുകയും ചെയ്യുന്നു.

### 1. കുരിശു വരയ്ക്കുക

പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ആമ്മേൻ

2. ഈശോയെ, അവിടുന്ന് മരിച്ചു. എന്നാൽ, ജീവന്റെ ഉറവ ആത്മാക്കൾക്കായി കുതിച്ചൊഴുകി; സർവ്വലോകത്തിനായും കരുണയുടെ കടൽ തുറക്കപ്പെടുകയും ചെയ്തു. ഓ ജീവന്റെ ജലധാരയേ, ആഴമളക്കാനാവാത്ത ദൈവിക കാരുണ്യമേ, ലോകത്തെ മുഴുവൻ പൊതിയുകയും അവിടുത്തെയാകമാനം ഞങ്ങളുടെമേൽ ചൊരിയുകയും ചെയ്യണമേ.

ഈശോയുടെ തിരുഹൃദയത്തിൽ നിന്ന് ഞങ്ങൾക്കായുള്ള കാരുണ്യത്തിന്റെ പ്രവാഹമായി കുതിച്ചൊഴുകിയ ഓ, രക്തവും ജലവുമേ, ഞാനങ്ങയിൽ ആശ്രയിക്കുന്നു!

### 3. കർതൃപ്രാർത്ഥന

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, അങ്ങയുടെ നാമം പൂജിതമാകണമേ. അങ്ങയുടെ രാജ്യം വരണമേ. അങ്ങയുടെ തിരുമനസ്സ് സ്വർഗത്തിലെപ്പോലെ ഭൂമിയിലുമാകണമേ. അന്നന്നുവേണ്ടുന്ന ആഹാരം ഇന്നും ഞങ്ങൾക്കു തരണമേ. ഞങ്ങളോട് തെറ്റുചെയ്തവരോട് ഞങ്ങൾ ക്ഷമിക്കുന്നതുപോലെ, ഞങ്ങളുടെ തെറ്റുകൾ ഞങ്ങളോടും ക്ഷമിക്കണേ. ഞങ്ങളെ പ്രലോഭനത്തിലേക്ക് നയിക്കരുതേ. പകരം, ദുഷ്ടാരൂപിയിൽനിന്ന് ഞങ്ങളെ രക്ഷിക്കണമേ. ആമേൻ.

### 4. നൻമനിറഞ്ഞ മറിയമേ

നന്മനിറഞ്ഞ മറിയമേ സ്വസ്തി, കർത്താവ് അങ്ങയോടുകൂടെ. സ്ത്രീകളിൽ അങ്ങ് അനുഗ്രഹിക്കപ്പെട്ടവളാകുന്നു. അങ്ങയുടെ ഉദരഫലമായ ഈശോ അനുഗ്രഹിക്കപ്പെട്ടവനാകുന്നു. പരിശുദ്ധ മറിയമേ തമ്പുരാന്റെ അമ്മേ, പാപികളായ ഞങ്ങൾക്കുവേണ്ടി ഇപ്പോഴും ഞങ്ങളുടെ മരണസമയത്തും തമ്പുരാനോട് അപേക്ഷിക്കേണമേ, ആമേൻ.

### 5. വിശ്വാസപ്രമാണം

സർവ്വശക്തനായ പിതാവും ആകാശത്തിന്റെയും ഭൂമിയുടെയും സ്രഷ്ടാവുമായ ദൈവത്തിൽ ഞാൻ വിശ്വസിക്കുന്നു. അവിടുത്തെ ഏക പുത്രനും കർത്താവുമായ യേശുക്രിസ്തുവിലും ഞാൻ വിശ്വസിക്കുന്നു. അവിടുന്ന് പരിശുദ്ധാത്മാവിനാൽ കന്യകാമറിയത്തിൽ ഗർഭസ്ഥനായി പിറന്നു. പൊന്തിയൂസ് പീലാത്തോസിന്റെ കാലത്ത് പീഡകൾ സഹിച്ച് കുരി

ശിൽ തറയ്ക്കപ്പെട്ട് മരിച്ച് അടക്കപ്പെട്ട് മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റു. സ്വർഗത്തിലേക്കെഴുന്നള്ളി പിതാവായ ദൈവത്തിന്റെ വലതുഭാഗത്ത് ഇരിക്കുന്നു. ജീവിച്ചിരിക്കുന്നവരെയും മരിച്ചവരെയും വിധിക്കാൻ അവിടുന്ന് വീണ്ടും വരുമെന്നും വിശ്വസിക്കുന്നു. പരിശുദ്ധാത്മാവിലും വിശ്വസിക്കുന്നു. പുണ്യവാന്മാരുടെ ഐക്യത്തിലും പാപങ്ങളുടെ മോചനത്തിലും ശരീരത്തിന്റെ ഉയിർപ്പിലും നിത്യമായ ജീവിതത്തിലും വിശ്വസിക്കുന്നു. ആമേൻ.

6. നിത്യപിതാവേ, എന്റെയും ലോകമൊക്കെയുടെയും പാപപരിഹാരങ്ങൾക്കായി അങ്ങയുടെ വത്സല സുതനും ഞങ്ങളുടെ രക്ഷകനുമായ കർത്താവീശോമിശിഹായുടെ തിരുശ്ശരീരവും തിരുരക്തവും ആത്മാവും ദൈവത്വവും അങ്ങേയ്ക്കു ഞാൻ കാഴ്ച വെക്കുന്നു.

## 7. ഈശോയുടെ അതിദാരുണമായ പീഡാനുഭവങ്ങളെപ്രതി –

ഞങ്ങളുടെയും ലോകം മുഴുവന്റെയും മേൽ കൃപയായിരിക്കേണമേ (പത്തുപ്രാവശ്യം)

അഞ്ചു രഹസ്യങ്ങളും പൂർത്തിയാക്കി കഴിഞ്ഞ്

8. പരിശുദ്ധനായ ദൈവമേ, പരിശുദ്ധനായ ബലവാനേ, പരിശുദ്ധനായ അമർത്യനേ, ഞങ്ങളുടെമേൽ കൃപയായിരിക്കണമേ (മൂന്നു പ്രാവശ്യം)

## ജപമാല ചൊല്ലേണ്ടതെങ്ങനെ?




1. കുരിശു വരയ്ക്കുകയും 'വിശ്വാസപ്രമാണം' ചൊല്ലു കയും ചെയ്യുക.

2.'സ്വർഗ്ഗസ്ഥനായ പിതാവേ' ചൊല്ലുക

3. പിതാവായ ദൈവത്തിന്റെ മകളായ പരിശുദ്ധ കന്യ കാ മറിയമേ, ഞങ്ങളിൽ ദൈവവിശ്വാസമെന്ന പുണ്യ മുണ്ടായി ഫലം ചെയ്യുന്നതിന് അങ്ങേ തിരുക്കുമാര നോട് അപേക്ഷിക്കേണമേ.

*ഒരു നന്മനിറഞ്ഞ മറിയം ചൊല്ലുക.*

- പുത്രനായ ദൈവത്തിന്റെ മാതാവായ പരിശുദ്ധകന്യ കാ മറിയമേ, ഞങ്ങളിൽ ദൈവശരണമെന്ന പുണ്യ മുണ്ടായി വളരുന്നതിന് അങ്ങേ തിരുക്കുമാരനോട് അപേക്ഷിക്കേണമേ. *ഒരു നന്മ..*
- പരിശുദ്ധമായ ദൈവത്തിന്റെ മണവാട്ടിയായ പരി ശുദ്ധ കന്യകാ മറിയമേ, ഞങ്ങളിൽ ദൈവസ്നേഹ മെന്ന പുണ്യമുണ്ടായി വർദ്ധിക്കുന്നതിന് അങ്ങേ തിരുക്കുമാരനോട് അപേക്ഷിക്കേണമേ. *ഒരു നന്മ...*

4. ത്രിത്വസ്തുതി ചൊല്ലുക.
5. ഒന്നാം ദിവ്യരഹസ്യം പ്രഖ്യാപിക്കുന്നു.

   ഒരു "സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ...."
6. ദിവ്യരഹസ്യത്തെക്കുറിച്ച് ധ്യാനിക്കവേ, പത്തു "നന്മനിറഞ്ഞ മറിയമേ" ചൊല്ലുക.

7. ത്രിത്വസ്തുതി. തുടർന്ന് പരിശുദ്ധ മാതാവിന്റെ ഫാത്തിമാജപം: *"ഓ എന്റെ ഈശോയെ, ഞങ്ങളുടെ പാപങ്ങൾ പൊറുക്കണേ. നരകാഗ്നിയിൽ നിന്ന് ഞങ്ങളെ രക്ഷിക്കണേ. എല്ലാ ആത്മാക്കളെയും വിശിഷ്യാ, അങ്ങേ കാരുണ്യം കൂടുതൽ ആവശ്യമുള്ളവരെയും സ്വർഗത്തിലേക്ക് ആനയിക്കേണമേ."*

8. അടുത്ത നാലു രഹസ്യങ്ങളിലും 5, 6, 7 പ്രാർത്ഥനകൾ ആവർത്തിക്കുക.

9. "പരിശുദ്ധ രാജ്ഞി, കരുണയുള്ള മാതാവേ..." എന്ന പ്രാർത്ഥന.

പൊതുവെ പറഞ്ഞാൽ, ആനന്ദകരമായ രഹസ്യങ്ങൾ തിങ്കളും ശനിയും, ദുഃഖകരമായ രഹസ്യങ്ങൾ ചൊവ്വയും വെള്ളിയും, മഹത്വത്തിന്റെ രഹസ്യങ്ങൾ ബുധനും ഞായറും പിന്നെ, പ്രകാശത്തിന്റെ രഹസ്യങ്ങൾ വ്യാഴവും ചൊല്ലുക.

## രഹസ്യങ്ങളെക്കുറിച്ചുള്ള പരിശുദ്ധ പിതാവിന്റെ വിചിന്തനങ്ങൾ

### ആനന്ദകരമായ രഹസ്യങ്ങൾ

മനുഷ്യാവതാര സംഭവത്തിൽ നിന്ന് പ്രസരിക്കുന്ന ആനന്ദത്താൽ ശ്രദ്ധേയമാണ് 'ആനന്ദകരമായ രഹസ്യങ്ങൾ.' ഒന്നാമത്തെ രഹസ്യമായ മംഗലവാർത്തയിൽത്തന്നെ ഇത് വ്യക്തമാകുന്നു. നസ്രേത്തിലെ കന്യകയ്ക്കായുള്ള ഗബ്രിയേൽ ദൈവദൂതന്റെ ആശംസ ദൈവികമായ ആനന്ദത്തിലേക്കുള്ള ക്ഷണവുമായി ബന്ധപ്പെട്ടിരിക്കുന്നു: "മറിയമേ, ആനന്ദിച്ചാലും" രക്ഷയുടെ സർവസ്വവും ഈ ആശംസയിൽ ആരംഭിക്കുകയാണ്. (ആഗമനകാലത്തെ ഞായറാഴ്ചകളിലും ഈ രഹസ്യം ധ്യാനിക്കാവുന്നതാണ്.)

## പ്രകാശത്തിന്റെ രഹസ്യങ്ങൾ

ഈശോയുടെ ശൈശവത്തിൽ തുടങ്ങി നസ്രേത്തിലെ രഹസ്യ ജീവിതത്തിലെ പരസ്യ ജീവിതത്തിലേക്കു നീളുന്ന നമ്മുടെ ധ്യാനമാണ് "പ്രകാശത്തിന്റെ രഹസ്യങ്ങൾ" എന്ന് സവിശേഷമായൊരു രീതിയിൽ വിളിക്കാവുന്ന ഈ രഹസ്യങ്ങൾ. സത്യമായും ഈശോയുടെ എല്ലാ രഹസ്യവും പ്രകാശപൂർണമാണ്. അവിടുന്ന് "ലോകത്തിന്റെ പ്രകാശമാകുന്നു" (യോഹ 8:12). എങ്കിലും തന്റെ പരസ്യജീവിതത്തിന്റെ വർഷങ്ങളിലൂടെ സവിശേഷമായൊരു രീതിയിൽ ഈ സത്യം വെളിപ്പെടുകയാണ്.

### ദു:ഖകരമായ രഹസ്യങ്ങൾ

ഈശോയുടെ ദു:ഖകരമായ രഹസ്യങ്ങൾക്ക് സുവിശേഷങ്ങൾ വലിയ പ്രാമുഖ്യമാണ് കൊടുക്കുന്നത്. ക്രിസ്തീയമായ കരുണരസം സഹനത്തിന്റെ വ്യത്യസ്തനിമിഷങ്ങളിൽ കേന്ദ്രീകരിച്ചിരിക്കുന്നു. കുരിശിന്റെ വഴിയുടെ പെസഹാക്കാല ഭക്തിയിൽ ഇതു കൂടുതൽ വ്യക്തമാണ്. ദൈവസ്നേഹത്തിന്റെയും രക്ഷയുടെ ഉറവയുടെയും വെളിവാക്കലിന്റെ പരിപൂർത്തി ഇവിടെ കാണാം. *(പെസഹാക്കാലത്തെ ഞായറാഴ്ചകളിലും ചൊല്ലാവുന്നതാണ്.)*

### മഹത്വത്തിന്റെ രഹസ്യങ്ങൾ

"ഈശോയുടെ തിരുമുഖധ്യാനം ക്രൂശിതന്റെ ബിംബത്തിൽ അവസാനിപ്പിക്കാനാവില്ല. അവിടുന്നത് പുനരുത്ഥാനം ചെയ്തവനാണ്!" വിശ്വാസത്തിൽ നിന്നു ജനിച്ച ഈ ജ്ഞാനം ജപമാലയിൽ എല്ലായ്പ്പൊഴും പ്രകടമാകുന്നു. പുനരുത്ഥാനത്തിലും സ്വർഗാരോഹണത്തിലും ഈശോയുടെ മഹത്വത്തെ നോക്കിക്കാണാൻ

വേണ്ടി, പീഡാസഹനത്തിന്റെ അന്ധകാരത്തിനുമ പ്പുറത്തേക്ക് കടക്കാനും ഇത് വിശ്വാസികളെ ക്ഷണി ക്കുന്നുണ്ട്... മറിയം തന്നെ അതേ മഹത്വത്തിലേക്ക് സ്വർഗാരോഹണസമയത്ത് ഉയർത്തപ്പെടുന്നു.

ഭാഗ്യസ്മരണാർഹനായ ജോൺപോൾ രണ്ടാമൻ പാപ്പയുടെ 2002 ഒക്ടോബർ 16ലെ "പരിശുദ്ധ കന്യകാ മറിയത്തിന്റെ ജപമാല" എന്ന അപ്പസ്തോലിക ലേഖ നത്തിൽ നിന്നും എടുത്തതാണീ വിചിന്തനങ്ങൾ.

## ജപമാല പ്രാർത്ഥനകൾ

### കുരിശടയാളം

പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ, ആമേൻ

### വിശ്വാസപ്രമാണം

സർവശക്തനായ പിതാവും ആകാശത്തിന്റെയും ഭൂമി യുടെയും സ്രഷ്ടാവുമായ ദൈവത്തിൽ ഞാൻ വിശ്വ സിക്കുന്നു. അവിടുത്തെ ഏക പുത്രനും കർത്താവു മായ യേശുക്രിസ്തുവിലും ഞാൻ വിശ്വസിക്കുന്നു. അവിടുന്ന് പരിശുദ്ധാത്മാവിനാൽ കന്യകാമറിയത്തിൽ ഗർഭസ്ഥനായി പിറന്നു. പൊന്തിയൂസ് പീലാത്തോ സിന്റെ കാലത്ത് പീഡകൾ സഹിച്ച് കുരിശിൽ തറയ്ക്ക പ്പെട്ട് മരിച്ച് അടക്കപ്പെട്ട് മൂന്നാം ദിവസം ഉയിർത്തെ ഴുന്നേറ്റു. സ്വർഗത്തിലേക്കെഴുന്നള്ളി പിതാവായ ദൈവത്തിന്റെ വലതുഭാഗത്ത് ഇരിക്കുന്നു. ജീവിച്ചിരി ക്കുന്നവരെയും മരിച്ചവരെയും വിധിക്കാൻ അവിടുന്ന് വീണ്ടും വരുമെന്നും വിശ്വസിക്കുന്നു. പരിശുദ്ധാത്മാ വിലും വിശ്വസിക്കുന്നു. പുണ്യവാന്മാരുടെ ഐക്യ ത്തിലും പാപങ്ങളുടെ മോചനത്തിലും ശരീരത്തിന്റെ

ഉയിർപ്പിലും നിത്യമായ ജീവിതത്തിലും വിശ്വസിക്കുന്നു. ആമേൻ.

## കർതൃപ്രാർത്ഥന

സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ, അങ്ങയുടെ നാമം പൂജിതമാകണമേ. അങ്ങയുടെ രാജ്യം വരണമേ. അങ്ങയുടെ തിരുമനസ്സ് സ്വർഗത്തിലെപ്പോലെ ഭൂമിയിലുമാകണമേ. അന്നന്നുവേണ്ടുന്ന ആഹാരം ഇന്നും ഞങ്ങൾക്കു തരണമേ. ഞങ്ങളോട് തെറ്റുചെയ്തവരോട് ഞങ്ങൾ ക്ഷമിക്കുന്നതുപോലെ, ഞങ്ങളുടെ തെറ്റുകൾ ഞങ്ങളോടും ക്ഷമിക്കണേ. ഞങ്ങളെ പ്രലോഭനത്തിലേക്ക് നയിക്കരുതേ. പകരം, ദുഷ്ടാരൂപിയിൽനിന്ന് ഞങ്ങളെ രക്ഷിക്കണമേ. ആമേൻ.

## നന്മനിറഞ്ഞ മറിയമേ

നന്മനിറഞ്ഞ മറിയമേ സ്വസ്തി, കർത്താവ് അങ്ങയോടുകൂടെ. സ്ത്രീകളിൽ അങ്ങ് അനുഗ്രഹിക്കപ്പെട്ടവളാകുന്നു. അങ്ങയുടെ ഉദരത്തിൽ ഫലമായ ഈശോ അനുഗ്രഹിക്കപ്പെട്ടവനാകുന്നു. പരിശുദ്ധ മറിയമേ തമ്പുരാന്റെ അമ്മേ, പാപികളായ ഞങ്ങൾക്കുവേണ്ടി ഇപ്പോഴും ഞങ്ങളുടെ മരണസമയത്തും തമ്പുരാനോട് അപേക്ഷിക്കണമേ, ആമേൻ.

## ത്രിത്വസ്തുതി

- പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിന് സ്തുതിയായിരിക്കട്ടെ
- ആദിയിലെപ്പോലെ ഇപ്പൊഴും എപ്പൊഴും എന്നന്നേയ്ക്കും , ആമേൻ

**പരിശുദ്ധ രാജ്ഞി**

പരിശുദ്ധ രാജ്ഞീ, കരുണയുള്ള മാതാവേ സ്വസ്തി. ഞങ്ങളുടെ ജീവനും കാരുണ്യവുമേ സ്വസ്തി.

ഈശോമിശിഹായുടെ വാഗ്ദാനങ്ങൾക്ക് ഞങ്ങൾ യോഗ്യരാകുവാൻ:

സർവേശ്വരന്റെ പരിശുദ്ധ മാതാവേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണേ, ആമേൻ

# രഹസ്യങ്ങൾ

## ആനന്ദകരമായ ഒന്നാം രഹസ്യം: മംഗലവാർത്ത

ദൈവദൂതൻ അവളുടെ അടുക്കലേക്കു വന്നു പറഞ്ഞു: "കൃപനിറഞ്ഞവളേ സ്വസ്തി. ദൈവം നിന്നോടുകൂടെ. സ്ത്രീകളിൽ നീ അനുഗ്രഹീതയാകുന്നു." (ലൂക്ക.1:28)

"ഒരു സ്വർഗസ്ഥനായ.., 10 നന്മ.. ഒരു ത്രിത്വസ്തുതി."

ഓ എന്റെ ഈശോയെ, നരകാഗ്നിയിൽ നിന്ന് എന്നെ രക്ഷിക്കണേ. എല്ലാ ആത്മാക്കളെയും വിശിഷ്യാ, അങ്ങേ കാരുണ്യം കൂടുതൽ ആവശ്യമുള്ളവരെയും സ്വർഗത്തിലേക്ക് ആനയിക്കണേ.

ഈ രഹസ്യത്തിന്റെ ഫലം: **എളിമ.**

## ആനന്ദകരമായ രണ്ടാം രഹസ്യം എലിസബത്തിനെ സന്ദർശിക്കുന്നു.

പരിശുദ്ധാത്മാവിനാൽ നിറഞ്ഞ എലിസബത്ത് ഉച്ചത്തിൽ വിളിച്ചുപറഞ്ഞു: "സ്ത്രീകളിൽ നീ അനുഗൃഹീതയാകുന്നു; നിന്റെ ഉദരഫലവും അനുഗൃഹീതമത്രേ." (ലൂക്കാ. 41:42)

“ഒരു സ്വർ. 10നന്മ. 1ത്രിത്വ. ഓ എന്റെ ഈശോയെ..”
ഈ രഹസ്യത്തിന്റെ ഫലം: **അയൽക്കാരോടുള്ള സ്നേഹം.**

## ആനന്ദകരമായ മൂന്നാം രഹസ്യം: ഈശോയുടെ ജനനം

അവൾ തന്റെ ആദ്യജാതനായ ആൺകുട്ടിക്ക് ജന്മം നൽകി. കീറത്തുണികളിൽ പൊതിഞ്ഞ ശിശുവിനെ അവളൊരു പുൽത്തൊട്ടിയിൽ കിടത്തി. എന്തെന്നാൽ, സത്രത്തിൽ അവർക്ക് സ്ഥലം കിട്ടിയില്ല. (ലൂക്ക 2:7)

1 സ്വർ. 10നന്മ. 1ത്രിത്വ., ഓ എന്റെ ഈശോയെ...

ഈ രഹസ്യത്തിന്റെ ഫലം: **ദാരിദ്ര്യം**

## ആനന്ദകരമായ നാലാം രഹസ്യം: ദൈവാലയ സമർപ്പണം

മോശയുടെ നിയമമനുസരിച്ച് അവരെ ശുദ്ധീകരിക്കേണ്ട ദിനം വന്നപ്പോൾ, മകനെ തമ്പുരാന് സമർപ്പിക്കാനായി ആ ദമ്പതികൾ അവനെ ജറുസലേമിൽ കൊണ്ടുചെന്നു. എന്തെന്നാൽ, കർതൃനിയമത്തിൽ ഇപ്രകാരം എഴുതപ്പെട്ടിരിക്കുന്നു: “ആദ്യജാതനായ ഓരോ ആൺകുട്ടിയും തമ്പുരാന് സമർപ്പിക്കണം.” (ലൂക്ക 2.22 –23)

1 സ്വർ. 10നന്മ. 1ത്രിത്വ. ഓ എന്റെ ഈശോയെ...

ഈ രഹസ്യത്തിന്റെ ഫലം: അനുസരണം

## ആനന്ദകരമായ അഞ്ചാം രഹസ്യം: ഉണ്ണീശോയെ ദൈവാലയത്തിൽ കണ്ടെത്തുന്നു.

മൂന്നാം ദിവസം അവർ, ദൈവാലയത്തിൽ പണ്ഡിത

ന്മാർക്കു മധ്യേ ഇരിക്കുന്ന, അവരെ ശ്രവിക്കുകയും ചോദ്യങ്ങൾ ചോദിക്കുകയും ചെയ്യുന്ന അവനെ കണ്ടു മുട്ടി. (ലൂക്ക 2:46)

1 സ്വർ. 10നന്മ. 1ത്രിത്വ. ഓ എന്റെ ഈശോയെ...

ഈ രഹസ്യത്തിന്റെ ഫലം: **ഈശോയെ കണ്ടെത്തുന്നതിലെ ആനന്ദം**

## പ്രകാശത്തിന്റെ ഒന്നാം രഹസ്യം: ഈശോയുടെ ജ്ഞാനസ്നാനം

ഈശോ ജ്ഞാനസ്നാനം ചെയ്യപ്പെട്ടപ്പോൾ... സ്വർഗം തുറക്കപ്പെടുന്നതും ദൈവത്തിന്റെ ആത്മാവ് ഒരു മാടപ്പിറാവിന്റെ രൂപത്തിൽ പറന്നിറങ്ങുന്നതും അവിടുന്നു കണ്ടു. അത് അവിടുത്തെമേൽ ആവസിച്ചു. ആഹാ, അപ്പോൾ സ്വർഗത്തിൽ നിന്നും ഇങ്ങനെ പറയുന്ന ഒരു ശബ്ദമുണ്ടായി: "ഇവൻ എന്റെ പ്രിയപുത്രനാകുന്നു. ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു." (മത്താ.3.16–17)

1 സ്വർ. 10നന്മ. 1ത്രിത്വ. ഓ എന്റെ ഈശോയെ...

ഈ രഹസ്യത്തിന്റെ ഫലം: **പരിശുദ്ധാത്മാവിനോടുള്ള തുറവി**

## പ്രകാശത്തിന്റെ രണ്ടാം രഹസ്യം കാനായിലെ കല്യാണം

അവിടുത്തെ അമ്മ സേവകരോട് പറഞ്ഞു: അവൻ എന്തുപറയുന്നുവോ അതു ചെയ്യുവിൻ. ഈശോ അവരോടു പറഞ്ഞു: "ഭരണികൾ ജലത്താൽ നിറയ്ക്കുവിൻ."അവർ അവ വക്കുവരെ നിറച്ചു. (യോഹ. 2: 5–7)

1 സ്വർ. 10നന്മ. 1ത്രിത്വ. ഓ എന്റെ ഈശോയെ...

**പ്രകാശത്തിന്റെ മൂന്നാം രഹസ്യം**
**ദൈവരാജ്യപ്രഖ്യാപനം**

നിങ്ങൾ പോകവേ, ഇങ്ങനെ പ്രഘോഷിക്കുവിൻ: “സ്വർഗരാജ്യം സമീപസ്ഥമായിരിക്കുന്നു.” രോഗികളെ സൗഖ്യപ്പെടുത്തുകയും മരിച്ചവരെ ഉയിർപ്പിക്കയും കുഷ്ഠ രോഗികളെ ശുചിയാക്കുകയും പിശാചുക്കളെ പുറത്താക്കുകയും ചെയ്യുവിൻ. നിങ്ങൾക്ക് പണം കൊടുക്കാതെ കിട്ടി; നിങ്ങളും പണം സ്വീകരിക്കാതെ കൊടുക്കുക. (മത്താ. 10:7–8)

1 സ്വർ. 10നന്മ. 1ത്രിത്വ. ഓ എന്റെ ഈശോയെ...

ഈ രഹസ്യത്തിന്റെ ഫലം: **പശ്ചാത്താപവും ദൈവത്തിലുള്ള ആശ്രയവും**

**പ്രകാശത്തിന്റെ നാലാം രഹസ്യം**
**രൂപാന്തരീകരണം**

അവിടുന്ന് പ്രാർത്ഥിച്ചുകൊണ്ടിരിക്കെ ആ മുഖം മാറി. അവിടുത്തെ വസ്ത്രം വെൺമഞ്ഞുപോലെ വെട്ടിത്തിളങ്ങി. അപ്പോൾ മേഘത്തിൽ നിന്നും ഇങ്ങനെ പറയുന്ന ഒരു സ്വരം കേട്ടു. ഇവനെന്റെ പുത്രനാകുന്നു; എന്റെ തെരഞ്ഞെടുക്കപ്പെട്ടവൻ. അവനെ ശ്രവിക്കുവിൻ! (ലൂക്ക. 9:29,35)

1 സ്വർ. 10നന്മ. 1ത്രിത്വ. ഓ എന്റെ ഈശോയെ...

ഈ രഹസ്യത്തിന്റെ ഫലം: **വിശുദ്ധിക്കായുള്ള ആഗ്രഹം**

**പ്രകാശത്തിന്റെ അഞ്ചാം രഹസ്യം:**
**പരിശുദ്ധ കുർബാനയുടെ സ്ഥാപനം**

അവിടുന്ന് അപ്പമെടുത്തു. നന്ദിപറഞ്ഞുകൊണ്ട് അവിടുന്നത് മുറിച്ച് ഇങ്ങനെ പറഞ്ഞുകൊണ്ട് ശിഷ്യന്മാർക്ക്

കൊടുത്തു: "ഇത് നിങ്ങൾക്കായി നൽകപ്പെടാനിരിക്കുന്ന എന്റെ ശരീരം." അതുപോലെ തന്നെ അത്താഴം കഴിഞ്ഞ് ഇപ്രകാരം പറഞ്ഞുകൊണ്ട് പാനപാത്രമെടുത്തു: "നിങ്ങൾക്കായി പകരപ്പെടുന്ന ഈ പാത്രത്തിലെ പാനീയം എന്റെ രക്തത്തിലുള്ള പുതിയ ഉടമ്പടിയാകുന്നു" (ലൂക്ക. 22:19-20)

1 സ്വർ. 10നന്മ. 1ത്രിത്വ. ഓ എന്റെ ഈശോയെ...

ഈ രഹസ്യത്തിന്റെ ഫലം: **ആരാധന**

**ദു:ഖകരമായ ഒന്നാം രഹസ്യം:**
**ഗത്സെമനിയിൽ രക്തം വിയർക്കുന്നു**

തന്റെ അതികഠിനമായ മനോവേദനയിൽ അവിടുന്ന് പൂർവാധികം തീക്ഷ്ണതയോടെ പ്രാർത്ഥിച്ചു. അപ്പോൾ അവിടുത്തെ രക്തം വിയർപ്പുതുള്ളികളായി മണ്ണിൽ വീണു. പിന്നീട് അവിടുന്ന് പ്രാർത്ഥന കഴിഞ്ഞെഴുന്നേറ്റ് തന്റെ ശിഷ്യന്മാരുടെയടുക്കലെത്തി. അവരപ്പോൾ ദു:ഖത്താൽ തളർന്ന് ഉറങ്ങിപ്പോയിരുന്നു. (ലൂക്ക. 22: 44-45)

1 സ്വർ. 10നന്മ. 1ത്രിത്വ. ഓ എന്റെ ഈശോയെ...

ഈ രഹസ്യത്തിന്റെ ഫലം:
**പാപത്തെപ്രതി ദുഃഖം**

**ദുഃഖകരമായ രണ്ടാം രഹസ്യം:**
**കൽത്തൂണിൽക്കെട്ടി അടിക്കുന്നു.**

ഈശോയെ ചാട്ടയടിക്കുവാൻ കൊണ്ടുവരികയായിരുന്നു പീലാത്തോസിന്റെ അടുത്ത നടപടി. (യോഹ 19:1)

1 സ്വർ. 10നന്മ. 1ത്രിത്വ. ഓ എന്റെ ഈശോയെ...

ഈ രഹസ്യത്തിന്റെ ഫലം: **ശുദ്ധത**
**ദു:ഖകരമായ മൂന്നാം രഹസ്യം:**

**മുൾമുടി ധരിപ്പിക്കൽ**

അവർ അവിടുത്തെ വസ്ത്രങ്ങൾ ഊരിമാറ്റി; കടുംചെമപ്പായ പട്ടാളവസ്ത്രം ധരിപ്പിച്ചു. മുള്ളുകളാൽ ഒരു കിരീടം മെനഞ്ഞ് അതവിടുത്തെ തലയിൽ ധരിപ്പിച്ചു. എന്നിൽ വലതുകൈയിൽ ഒരു ഞാങ്കണ പിടിപ്പിച്ചു. (മത്താ. 27:28–29)

1 സ്വർ. 10നന്മ. 1ത്രിത്വ. ഓ എന്റെ ഈശോയെ...

ഈ രഹസ്യത്തിന്റെ ഫലം: **ധൈര്യം**

**ദു:ഖകരമായ നാലാം രഹസ്യം:**

**കുരിശുവഹിക്കൽ**

സ്വയം കുരിശുവഹിച്ചുകൊണ്ട് അവിടുന്ന് 'തലയോട്ടിയുടെ ഇടം' എന്നു വിളിക്കപ്പെടുന്നയിടത്തേക്കു പോയി (ഹീബ്രുവിൽ ഗൊൽഗോത്ത). (യോഹ. 19:17).

1 സ്വർ. 10നന്മ. 1 ത്രിത്വ. ഓ എന്റെ ഈശോയെ...

ഈ രഹസ്യത്തിന്റെ ഫലം: **ക്ഷമ**

**ദു:ഖകരമായ അഞ്ചാം രഹസ്യം**

**ക്രൂശിക്കൽ**

ഈശോ ഉച്ചത്തിൽ കരഞ്ഞുകൊണ്ട് പറഞ്ഞു:"പിതാവേ, അങ്ങേപ്പക്കൽ ഞാൻ എന്റെ ആത്മാവിനെ സമർപ്പിക്കുന്നു." ഇതു പറഞ്ഞശേഷം അവിടുന്നു മരിച്ചു.

1 സ്വർ. 10നന്മ. 1ത്രിത്വ. ഓ എന്റെ ഈശോയെ...

ഈ രഹസ്യത്തിന്റെ ഫലം: **സഹനം**

**മഹത്വത്തിന്റെ ഒന്നാം രഹസ്യം**

**പുനരുത്ഥാനം**

നിങ്ങൾ വിസ്മയിക്കേണ്ടാ! നിങ്ങൾ ക്രൂശിക്കപ്പെട്ട നസ്രായനായ ഈശോയെ തിരയുന്നു. അവിടുന്ന് ഉയി

ർപ്പിക്കപ്പെട്ടു. അവിടുന്ന് ഇവിടെയില്ല. അവർ അവിടുത്തെ കിടത്തിയ സ്ഥലം വന്നുകാണുവിൻ. (മർക്കോ. 16:6).

1 സ്വർ. 10നന്മ. 1ത്രിത്വ. ഓ എന്റെ ഈശോയെ..

ഈ രഹസ്യത്തിന്റെ ഫലം: **വിശ്വാസം.**

**മഹത്വത്തിന്റെ രണ്ടാം രഹസ്യം: സ്വർഗാരോഹണം**

പിന്നെ, അവരോടു സംസാരിച്ച ശേഷം ഈശോ നാഥൻ സ്വർഗത്തിലേക്ക് എടുക്കപ്പെടുകയും ദൈവത്തിന്റെ വലതുഭാഗത്ത് ആസനസ്ഥനാകുകയും ചെയ്തു. (മർക്കോ 16:19)

1 സ്വർ. 10നന്മ. 1ത്രിത്വ. ഓ എന്റെ ഈശോയെ..”

**മഹത്വത്തിന്റെ മൂന്നാം രഹസ്യം: പരിശുദ്ധാത്മാവിന്റെ ആഗമനം**

സർവരും പരിശുദ്ധാത്മാവിനാൽ പൂരിതരായി, അവർ അന്യഭാഷകളിൽ സംസാരിക്കാനും ആത്മാവ് പ്രചോദിപ്പിച്ചതനുസരിച്ച് ധീരമായ പ്രഖ്യാപനങ്ങൾ നടത്താനും തുടങ്ങി.( അ.ന. 2:4)

1 സ്വർ. 10നന്മ. 1ത്രിത്വ. ഓ എന്റെ ഈശോയെ...

ഈ രഹസ്യത്തിന്റെ ഫലം: **ദൈവസ്നേഹം**

**മഹത്വത്തിന്റെ നാലാം രഹസ്യം: പരിശുദ്ധ മാതാവിന്റെ സ്വർഗാരോഹണം**

നീയാണ് യെരുശലേമിന്റെ മഹത്വം... നീയാണ് നമ്മുടെ

ജനതയുടെ വലിയ അഭിമാനം... നിന്റെ നേട്ടങ്ങളിൽ ദൈവം സംപ്രീതനായിരിക്കുന്നു. സർവശക്തനായ തമ്പുരാനാൽ നീ എന്നന്നേയ്ക്കും അനുഗൃഹീതയാകട്ടെ. (യൂദി 15:9–10)

1 സ്വർ. 10നന്മ 1ത്രിത്വ. ഓ എന്റെ ഈശോയെ...

ഈ രഹസ്യത്തിന്റെ ഫലം: **സന്തോഷകരമായ മരണത്തിനുള്ള കൃപ**

**മഹത്വത്തിന്റെ അഞ്ചാം രഹസ്യം:**
**സ്വർലോക രാജ്ഞിയായി മുടിധരിപ്പിക്കൽ**

മഹത്തായൊരു അടയാളം ആകാശത്ത് പ്രത്യക്ഷമായി. സൂര്യനെ ഉടയാടയും ചന്ദ്രനെ പാദപീഠവുമാക്കിയ ഒരു സ്ത്രീ. അവളുടെ ശിരസ്സിൽ പന്ത്രണ്ടു നക്ഷത്രങ്ങളുടെ ഒരു കിരീടം.

1 സ്വർ. 10നന്മ. 1ത്രിത്വ. ഓ എന്റെ ഈശോയെ...

ഈ രഹസ്യത്തിന്റെ ഫലം: **മറിയത്തിന്റെ മധ്യസ്ഥത്തിലുള്ള ആശ്രയം**